# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ




മാർച്ച് 2021

# നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട

## സാഗർ രൂപതയുടെ മുൻ അധ്യക്ഷൻ

# അഭിവന്ദ്യ മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ

## പിതാവിന്



## കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ

# ആദരാഞ്ജലികൾ



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 3

മാർച്ച് 2021



മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാക്കന്മാർക്ക്

# രൂപതാകുടുംബത്തിന്റെ
# പ്രാർത്ഥനാശംസകൾ



മാർ ജോസഫ് പെരുന്തോട്ടം



മാർ ജോസഫ് പൗവ്വത്തിൽ



മാർ ജോസഫ് കല്ലറങ്ങാട്ട്



മാർ ജോസഫ് പള്ളിക്കപ്പറമ്പിൽ

മാർച്ച് 3 ന് ജന്മദിനവും
മാർച്ച് 19 ന് നാമഹേതുക തിരുനാളും
ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്



രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

മാർച്ച് 19 ന് നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന



പ്രോട്ടോസിഞ്ചെല്ലൂസ്
പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തിലച്ചന്

രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.3 മാർച്ച് 2021



| | | |
|---|---|---|
| സിനഡ് അനന്തര സർക്കുലർ | - | 6 |
| സർക്കുലർ | - | 13 |
| മാർ യൗസേപ്പിന്റെ വർഷാചരണം – നിർദ്ദേശങ്ങൾ | - | 20 |
| കച്ചേരിക്കാര്യം | - | 23 |
| സുവർണ്ണജൂബിലി | - | 26 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 31 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 39 |
| അജപാലനോത്തേജനവിഭാഗം | - | 40 |
| വിശ്വാസജീവിതപരിശീലനരംഗം | - | 42 |
| ചെറുപുഷ്പ മിഷൻലീഗ് | - | 47 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 49 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 50 |
| കുടുംബപ്രേഷിതത്വം | - | 54 |
| പിതൃവേദി | - | 55 |
| മാതൃവേദി | - | 56 |
| നസ്രാണി റിസേർച്ച് സെന്റർ | - | 58 |
| മേരി മാതാ മൈനർ സെമിനാരി | - | 59 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 61 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - | 63 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 64 |
| സന്യസ്തർ | - | 66 |
| കെ.സി.എസ്.എൽ. | - | 76 |
| കത്തോലിക്കാകോൺഗ്രസ് | - | 78 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 82 |
| ഡി.സി.എം.എസ്. | - | 85 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 86 |
| വിൻസെൻഷ്യൻ വേദി | - | 87 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധസമിതി | - | 89 |
| വിമല പബ്ലിക്കേഷൻസ് | - | 91 |
| Special Care Homes & Charitable institution | - | 92 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 95 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 97 |
| രൂപതാവാർത്തകൾ | - | 100 |
| Bishop's Engagements | - | 104 |

Prot. No. 0241/2021

# സിനഡ് അനന്തര സർക്കുലർ

## സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 29-ാം സിനഡിന്റെ ഒന്നാം സമ്മേളനം 2021 ജനുവരി 11 മുതൽ 16 വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടന്നു. നമ്മുടെ സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന ആത്മീയ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളാണ് ആറുദിവസം നീണ്ട സിനഡിൽ ചർച്ചചെയ്തത്. കോവിഡിന്റെ പരിമിതികൾക്കുള്ളിലും വിശ്വാസവും സഭാസ്നേഹവും സജീവമായി നിലനിർത്താൻ സമർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ സ്നേഹ സാന്നിധ്യംവഴി ലോകത്തിനു മുഴുവൻ മാർഗ്ഗദർശിയായ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ധീരമായ നേതൃത്വത്തെ സിനഡ് പിതാക്കന്മാർ അഭിമാനത്തോടെ അനുസ്മരിച്ചു. എല്ലാവരും സഹോദരർ (*Fratelli Tutti*) എന്ന പാപ്പായുടെ പുതിയ ചാക്രികലേഖനം തികച്ചും സമയോചിതമായ സാമൂഹ്യബോധനമാണ്. കോവിഡിന്റെ അന്ധകാരത്തി

നിടയിലും ദൈവം തെളിച്ച നക്ഷത്രങ്ങൾപോലെ സീറോമല ബാർ സഭയിൽ 235 നവവൈദികർ പുതുവർഷത്തിൽ അഭിഷി ക്തരായി എന്നത് അഭിമാനകരമാണ്.

**അനുസ്മരണയും അഭിനന്ദനവും**

സീറോമലബാർ സഭയുടെ അഭിമാനമായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി, ആർച്ചുബിഷപ്പ് ജോസഫ് ചേന്നോത്ത് എന്നീ പി താക്കന്മാരുടെ ആകസ്മികമായ നിര്യാണത്തിൽ സിനഡ് പ്രാർ ത്ഥനാപൂർവ്വം അനുശോചനം രേഖപ്പെടുത്തി. തന്റെ ഇടയ ശു ശ്രൂഷയിലൂടെ കല്യാൺ, താമരശ്ശേരി രൂപതകളുടെ സർവ്വതോമു ഖമായ വളർച്ചയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സീറോമലബാർ സഭയുടെ ആരാധനക്ര മ നവീകരണത്തിനും സഭയുടെ പ്രത്യേകനിയമസംഹിത (Particular Law) യുടെ രൂപീകരണത്തിനും നൽകിയ സംഭാവന കൾ അവിസ്മരണീയങ്ങളാണ്. ജപ്പാനിലെ വത്തിക്കാൻ സ്ഥാ നപതിയായി ശുശ്രൂഷ ചെയ്യുന്നതിനിടയിൽ നിത്യഭാഗ്യത്തിനാ യി വിളിക്കപ്പെട്ട ആർച്ചുബിഷപ് ജോസഫ് ചേന്നോത്ത് പിതാ വിനെ ആ രാജ്യത്തിന്റെ ഉന്നത ബഹുമതി നൽകി ജപ്പാൻ ഗ വൺമെന്റ് ആദരിച്ചത് നമുക്ക് ഏറെ അഭിമാനകരമാണ്. ഈ വ ന്ദ്യപിതാക്കന്മാരെ ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്ര ഹിക്കട്ടെ.

കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനാ യി നിയമിതനായ ഗീവർഗീസ് മാർ അപ്രേം പിതാവിന് ഇടയ വഴിയിൽ എല്ലാനന്മകളും ഭാവുകങ്ങളും നേരുന്നു. സീറോമല ബാർ സഭയും സീറോ മലങ്കരസഭയും തമ്മിലുള്ള ഹൃദ്യമായ സാഹോദര്യത്തിന്റെ സാക്ഷ്യമായി അഭിവന്ദ്യപിതാവിന്റെ നി യമനത്തെ നമുക്കു മനസ്സിലാക്കാം.

## യുവജന ശുശ്രൂഷകൾ

സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടന 'സീറോമലബാർ യൂത്ത് മൂവ്മെന്റ്' (SMYM) ആണ്. കേരളത്തിലെ മൂന്ന് വ്യക്തിസഭകളിലെയും തനതു യുവജന സംഘടനകളുടെ കൂട്ടായ്മയായാണ് കെ. സി. വൈ. എം. പ്രവർത്തിക്കുന്നത്. അതിനാൽ SMYM -ലെ അംഗത്വം വഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ കെ. സി. വൈ. എം. ന്റെ ഭാഗമാകുന്നത്. സീറോമലബാർ സഭയിലെ 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും SMYM -ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഓരോ രൂപതയിലും സമയബന്ധിതമായി നടപ്പിലാക്കണമെന്ന യുവജനകമ്മീഷന്റെ നിർദ്ദേശം സിനഡ് അംഗീകരിച്ചു. 30 വയസ്സു പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതിനാവശ്യമായ ക്രമീകരണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാതലത്തിൽ വരുത്തുന്നതാണ്.

### ആരാധനക്രമം

സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സിനഡ് വിശദമായ ചർച്ചകൾനടത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ട സാഹചര്യം ആരോഗ്യപരമായ കാരണങ്ങളാൽ ആവശ്യമായി വരുന്നുണ്ട്. വിശ്വാസികളുടെ മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർഥനകൾക്കു സിനഡ് അംഗീകാരം നൽകിയിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഇനിമേൽ ഈ ക്രമം അനുഷ്ഠിക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിൽ

മൃതദേഹത്തോടു പുലർത്തുന്ന സവിശേഷമായ ആദരവ് സംസ്കരിക്കുമ്പോഴും ദഹിപ്പിക്കുമ്പോഴും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത സിനഡ് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിൽ വി. കുർബ്ബാനകളിൽ വായിക്കുന്നതിന് പരമ്പരാഗതമായുണ്ടായിരുന്ന വായനാ പഞ്ചാംഗത്തിനൊപ്പം മറ്റൊരു വായനാ പഞ്ചാംഗത്തിനുകൂടി സിനഡ് പരീക്ഷണാർത്ഥം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ആരാധനക്രമവത്സരത്തിൽ ഈ പുതുക്കിയ വായനാപഞ്ചാംഗമാണ് നാം ഉപയോഗിക്കുന്നത്. കൂടാതെ, സഭയിലെ വിവിധതിരുനാളുകളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിച്ച പട്ടികയ്ക്കും സിനഡ് അംഗീകാരം നൽകി. സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ പരിഷ്കരിക്കുന്നതിനായുള്ള അവസാനവട്ടചർച്ചകളും സിനഡിൽ നടന്നു.

**ക്രൈസ്തവ പീഡനം**

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിൽ സിനഡ് ആശങ്കരേഖപ്പെടുത്തി. തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെപ്രതി പ്രതിദിനം 13 ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിക്കുന്നു എന്ന കണക്ക് ഭീതിപ്പെടുത്തുന്നതാണ്. 2020 ഡിസംബർമാസത്തിൽ 750 ക്രൈസ്തവർ എത്യോപ്യായിൽ കൂട്ടക്കൊല ചെയ്യപ്പെട്ടത് ലോകമനസ്സാക്ഷിയെത്തന്നെ നടുക്കിയ സംഭവമാണ്. പീഡാനുഭവങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും വഴികളിൽ തളരാത്ത വിശ്വാസതീക്ഷ്ണത പ്രകടമാക്കിയ ഈ ധീരരക്തസാക്ഷികളുടെ മാതൃക നമ്മുടെ വിശ്വാസജീവിതത്തെ പ്രചോദിപ്പിക്കേണ്ടതാണ്. തീവ്രമായ സ

ഹനത്തിന്റെയും വ്യവസ്ഥയില്ലാത്ത ക്ഷമയുടെയും സുവിശേഷ വഴികളിൽ ധീരമായി മുന്നേറാൻ പീഡിത സഭകളിലെ വിശ്വാസികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

**കർഷക സമരം**

രാജ്യതലസ്ഥാനത്ത് മാസങ്ങളായി സമരമുഖത്തായിരിക്കുന്ന കർഷകരോട് സീറോമലബാർസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾപോലും കോർപ്പറേറ്റു മുതലാളിമാർക്ക് അടിയറവയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് പുതിയ കാർഷിക ബില്ലിലൂടെ നടപ്പിലാകുന്നത് എന്ന കർഷകരുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതാണ്. കർഷകചന്തകൾ, ഉല്പന്നങ്ങളുടെ താങ്ങുവില, അവശ്യസാധനങ്ങളുടെ സംഭരണത്തിലെ നിയന്ത്രണ നിരോധനം, കോൺട്രാക്ട് ഫാമിംഗ് തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പുതിയ കാർഷിക നിയമത്തിൽ കർഷകരെ ആശങ്കപ്പെടുത്തുന്നുണ്ട്. കർഷകരുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്താതെയാണ് പുതിയ നിയമം നടപ്പിലാക്കിയത് എന്ന ആക്ഷേപത്തിനും പരിഹാരം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ തങ്ങളുടെ നിലനിൽപിനായി തെരുവിലിറങ്ങേണ്ടി വന്നത് അങ്ങേയറ്റം ദുഃഖകരമാണ്. കേരളത്തിലെ കർഷകർ അനുഭവിക്കുന്ന വിളകളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ പരിസ്ഥിതിലോല ഭീഷണികൾ എന്നിവയ്ക്കും ശാശ്വതമായ പരിഹാരം ആവശ്യമാണ്.

**സഭയിലെ അച്ചടക്കം**

കത്തോലിക്കാ സഭയുടെ കെട്ടുറപ്പിനും മഹനീയമായ മാതൃകയ്ക്കും കാരണമായവയിൽ സഭയിലെ അച്ചടക്കത്തിന് സു

പ്രധാനമായ പങ്കാണുള്ളത്. സമീപകാലത്ത് സീറോമലബാർസഭയിലെ ചില വൈദികരും സമർപ്പിതരും അല്മായ നേതാക്കന്മാരും സഭയുടെ അച്ചടക്കത്തെയും കൂട്ടായമയെയും വെല്ലുവിളിക്കുന്ന നിലപാടുകളുമായി പരസ്യമായി രംഗത്തു വരുന്നതായി സിനഡ് വിലയിരുത്തി. സഭയുടെ ആഭ്യന്തരവേദികളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ പൊതുവേദികളിൽ വിവാദമാക്കുന്നതിലൂടെ സഭാഗാത്രത്തിനുണ്ടാകുന്ന മുറിവ് വലുതാണ്. സഭാപ്രബോധനങ്ങൾക്കും സഭാനേതൃത്വത്തിനും എതിരായ നിലപാടുകൾ സ്വീകരിക്കുന്നവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികൾ സ്വീകരിക്കാനും അതാതു രൂപതാദ്ധ്യക്ഷന്മാരെ സിനഡ് ചുമതലപ്പെടുത്തി.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദ്ദത്തിനും ഹാനികരമാണ്. ഇതര മതങ്ങളുമായുള്ള ബന്ധം, ആരാധനക്രമം, സഭയിലെ കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ തികച്ചും മൗലികവാദപരവും വിഭാഗീയത ഉളവാക്കുന്നതുമായ ചില നിലപാടുകൾ സമീപകാലത്ത് മുളയെടുക്കുന്നതായി സിനഡ് വിലയിരുത്തി. ഇത്തരം മൗലികവാദപരവും അസഹിഷ്ണുത നിറഞ്ഞതും പ്രകോപനകരവുമായ പ്രവർത്തനങ്ങളും പ്രസ്താവനകളും സഭയിലും സമൂഹത്തിലും ഏറെ വിവാദങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നുണ്ട്. സഭയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു എന്നവകാശപ്പെടുന്ന ഇത്തരം നിലപാടുകൾ വരുത്തുന്ന അപകടങ്ങൾ ദൂരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് സിനഡു വിലയിരുത്തി.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹന ത്തെയും കുരിശു മരണത്തെയും അനുസ്മരിക്കുന്ന നോമ്പു കാലത്തിന്റെയും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. വി. യൗസേ പ്പിതാവിന് സവിശേഷമാംവിധം സമർപ്പിതമായ ഈ വർഷ ത്തിൽ നിങ്ങളെയെല്ലാവരെയും ആ വത്സലപിതാവിന്റെ സം രക്ഷണയ്ക്കു ഭരമേല്പിക്കുന്നു. നമ്മുടെ അമ്മയായ പരിശു ദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോ മ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നിരന്തരം നിങ്ങളോടൊത്തു ണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2021 ആണ്ട് ഫെബ്രുവരി മാസം 10-ാം തിയതി നൽകപ്പെട്ടത്.

കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB : ഈ സർക്കുലർ 2021 മാർച്ച് 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാന യിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

CL/No. 01/2021

# സർക്കുലർ

## മാർ യൗസേഫിന്റെ വർഷാചരണം

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

പുണ്യസ്മരണാർഹനായ ഒൻപതാം പിയൂസ് മാർപാപ്പാ മാർ യൗസേപ്പിനെ തിരുസ്സഭയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചതിന്റെ (*Quemadmodum Deus* - ഡിസംബർ 8, 1870) 150-ാം വാർഷികവേളയിലാണ് ഫ്രാൻസീസ് മാർപാപ്പ '*Patris Corde*' എന്ന പേരിൽ ഒരു ശ്ലൈഹികലേഖനം 2020 ലെ പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവതിരുനാളിൽ പുറപ്പെടുവിച്ചത്. ഇതോടൊപ്പം, 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വത്സരം മാർ യൗസേപ്പിന്റെ വർഷമായി പരിശുദ്ധ പിതാവ് പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ രൂപതയിൽ ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം രൂപതാ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് 2020 ഡിസംബർ 19-ാം തീയതി നിർവഹിക്കുകയുണ്ടായി. 'പിതൃഹൃദയത്തോടെ' (*Patris Corde*) എന്ന ശീർഷകത്തിൽ പുറത്തിറക്കിയ അപ്പസ്തോലികലേഖനത്തിൽ സ്വർഗ്ഗസ്ഥനായപിതാവിന്റെ നിഴലായി മാറിയ വി. യൗസേപ്പിന്റെ പിതൃഭാവങ്ങളും സ്വഭാവസവിശേഷതകളുമാണ് പ്രധാനമായും പ്രതിപാദ്യവിഷയങ്ങളാകുന്നത്.

രാഷ്ട്രീയവും സാമൂഹ്യവുമായ വലിയ പ്രതിസന്ധികളുടെ നടുവിലായിരുന്ന സഭയ്ക്ക് ശക്തിപകർന്നു നയിക്കുന്ന മധ്യസ്ഥനായിട്ടാണ് നൂറ്റമ്പത് വർഷങ്ങൾക്കുമുമ്പ് 9-ാം പീയൂസ് പാപ്പാ മാർ യൗസേപ്പിനെ അവതരിപ്പിച്ചത്. സമകാലിക ലോക

ത്തിലും തിരുസ്സഭ വലിയ പ്രതിസന്ധികളും പീഡനങ്ങളും നേരിടുന്ന സാഹചര്യമാണുള്ളത്. ഈ പശ്ചാത്തലത്തിൽ തിരുക്കുടുംബത്തെ പരിപാലിച്ച യൗസേപ്പിന്റെ സുകൃതങ്ങളും ആത്മീയദർശനങ്ങളും സ്വീകരിച്ചുകൊണ്ട് അവിടുത്തെ സഹായം തേടുവാൻ വിശ്വാസസമൂഹത്തെ പ്രബോധിപ്പിക്കുക എന്ന ലക്ഷ്യമാണ് ശ്ലൈഹികലേഖനത്തിനുള്ളത്. "തിരുസ്സഭയുടെ രക്ഷകർത്താവ്", "തൊഴിലാളികളുടെ മധ്യസ്ഥൻ", "രക്ഷകന്റെ പാലകൻ", "നല്ല മരണത്തിന്റെ മധ്യസ്ഥൻ" തുടങ്ങിയ ഔദ്യോഗിക വിശേഷണങ്ങളിലാണ് മാർ യൗസേപ്പ് തിരുസ്സഭയിൽ ആദരിക്കപ്പെടുന്നത്.

സുവിശേഷവിവരണത്തിൽ വളരെ കുറച്ചുമാത്രം കാണപ്പെടുന്ന യൗസേപ്പ് എന്ന അതുല്യവ്യക്തിത്വത്തെ 'യൗസേപ്പ് നീതിമാനായിരുന്നു'വെന്ന ഒറ്റ പരാമർശത്തിലൂടെയാണ് മത്തായി സുവിശേഷകൻ അടയാളപ്പെടുത്തുന്നത് (മത്താ. 1:9). മാർ യൗസേപ്പിനെ, വാത്സല്യനിധിയും സ്നേഹസമ്പന്നനുമായ പിതാവായും അനുസരണത്തിന്റെ മാതൃകയായും ദൈവികപദ്ധതികളെ സ്വീകരിക്കുന്ന വ്യക്തിയായും ക്രിയാത്മകധൈര്യത്തിന്റെ ഉടമയായും അധ്വാനിക്കുന്ന കുടുംബനാഥനായും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായി കൂടെനടന്ന് സംരക്ഷിക്കുന്നവനായും ശ്ലൈഹികലേഖനം അവതരിപ്പിക്കുന്നതു ശ്രദ്ധേയമാണ്.

കോവിഡ് 19 ന്റെ ദുരിതനാളുകളിൽ വലിയ ക്ഷമയോടും പ്രത്യാശയോടും സഹായസന്നദ്ധതയോടുംകൂടി ധീരമായി ജീവിതം നയിക്കുന്ന സാധാരണക്കാരുടെ മഹത്വത്തെ പ്രത്യേകം

പരാമർശിക്കുന്ന പാപ്പാ സാധാരണക്കാരനായി ജീവിച്ച് ദൈവഹിതം നിർവ്വഹിച്ച യൗസേപ്പിതാവിന്റെ അസാധാരണത്വം ജീവിതത്തിൽ പ്രതിഫലിപ്പിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ്. ഈ പുണ്യാത്മാവിന്റെ വിശ്വാസസമർപ്പണവും ജീവിതശൈലികളും ആഴത്തിൽ ഗ്രഹിക്കുകയും ജീവിതത്തിൽ സ്വാംശീകരിക്കുകയും ചെയ്യേണ്ടത് വിശ്വാസസമൂഹത്തിന്റെ അനിവാര്യതയാണെന്ന് മാർപാപ്പാ വ്യക്തമാക്കുന്നു.

മാർ യൗസേപ്പിന്റെ വർഷത്തിന്റെ ഭാഗമായിത്തന്നെ 'കുടുംബനവീകരണവർഷം' കൂടി പ്രഖ്യാപിക്കപ്പെടുന്നത് സമുചിതമാണ്. സഭയുടെ അടിസ്ഥാനഘടകമായ കുടുംബത്തിലാണ് വിശ്വാസജീവിതത്തിന്റെ നവീകരണവും വളർച്ചയും പ്രഥമമായി യാഥാർത്ഥ്യമാകേണ്ടത്. കുടുംബത്തിലെ ജീർണ്ണതകളും ബന്ധത്തകർച്ചകളുമാണ് സമൂഹത്തിലേക്ക് മൂല്യച്ച്യുതികളായി വ്യാപിക്കുന്നത്. വിശ്വാസതീക്ഷ്ണതയും സഭാസ്നേഹവും സാമൂഹ്യപ്രതിബദ്ധതയുമുള്ള വ്യക്തികളും കുടുംബങ്ങളും വളർന്നുവരേണ്ടതാവശ്യമാണ്.

വിഭാഗീയതകളും വർഗ്ഗീയധ്രുവീകരണങ്ങളും തീവ്രവാദപ്രവർത്തനങ്ങളും വർദ്ധമാനമാകുന്നതോടൊപ്പം ഭൗതികവാദവും ദൈവനിരാസവുമെല്ലാം ഈ ഉത്തരാധുനിക സമൂഹത്തിന്റെ പ്രത്യേകതകളാണ്. സങ്കുചിതചിന്തകളും സ്വാർത്ഥമനോഭാവവും വെടിഞ്ഞ് വിശ്വാസബോധ്യങ്ങളോടെ സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും വക്താക്കളായി നമ്മൾ മാറേണ്ടതാണ്. മിശിഹായിലൂടെ നൽകപ്പെട്ട ദൈവികവെളിപ്പെടുത്തലുകളാണ് അവിടുത്തെ ശരീരമായ തിരുസ്സഭയിലൂടെ നമുക്ക്

ലഭിച്ചിരിക്കുന്നത്. ഈ വിശ്വാസം സംരക്ഷിക്കാനും അഭിമാന പൂർവ്വം നമ്മുടെ കുടുംബങ്ങളിലൂടെ വളർത്തിയെടുക്കാനും മാതാപിതാക്കൾക്ക് വലിയ കടമയുണ്ട്. മാർ യൗസേപ്പിന്റെ ജീവി തവഴികളുടെ ചൈതന്യത്താൽ പ്രേരിതരായി നമ്മുടെ കുടും ബങ്ങളെയും ജീവിതപരിസരങ്ങളെയും വിശുദ്ധീകരിക്കുവാനും നന്മ നിറഞ്ഞതാക്കുവാനും നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം.

മാർ യൗസേപ്പിന്റെ വർഷാചരണം ഫലപ്രദമായി നടത്തു ന്നതിനാവശ്യമായ കർമ്മപദ്ധതികൾ രൂപീകരിക്കാൻ വിവിധ തലങ്ങളിൽ ചർച്ചചെയ്ത് ആശയസമാഹരണം നടത്തുകയു ണ്ടായി. ഇപ്രകാരം രൂപപ്പെട്ട പ്രവർത്തനപദ്ധതികൾ എല്ലാ ഇട വകകളിലും നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കണമെന്ന ആഹ്വാന ത്തോടെ പ്രധാന ആശയങ്ങൾ ഈ സർക്കുലർ വഴി പങ്കുവ യ്ക്കുകയാണ്. ഇതിന്റെ വിശദാംശങ്ങളും നടപ്പിലാ ക്കേണ്ടവിധവും പ്രത്യേക അറിയിപ്പായി നൽകുന്നതാണ്.

മാർ യൗസേപ്പിന്റെ വർഷാചരണത്തിൽ കുടുംബവിശു ദ്ധീകരണത്തിനും കുടുംബത്തിലും സമൂഹത്തിലും പുരുഷന്മാ രുടെ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകണം. അതോടൊപ്പം ഭാവിയിലെ കുടുംബനാഥന്മാരും സമൂ ഹനേതാക്കന്മാരുമായ ആൺകുട്ടികളിലൂടെ ആത്മവിശ്വാസവും കർത്തവ്യബോധവുമുള്ള പുതുതലമുറ വളർന്നുവരേണ്ടതാവ ശ്യമാണ്. ഈ വർഷം രൂപതയിലെ എല്ലാ ഇടവകകളിലും പിതൃ വേദിയുടെ യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണ മെന്ന് ആഗ്രഹിക്കുന്നു. നമ്മുടെ രൂപതയിൽ 1997-ൽ ഔദ്യോ

ഗികമായി അംഗീകരിച്ച നിയാവലിപ്രകാരം രൂപം നൽകിയ കുടുംബനാഥൻമാർക്കുവേണ്ടിയുള്ള സംഘടനയാണ് പിതൃവേദി. എന്നാൽ ഏതാനും ഇടവകകളിൽ മാത്രമാണ് ഇന്നു പിതൃവേദി നിലവിലുള്ളത്. ഈ സംഘടനയെ വ്യക്തമായ ലക്ഷ്യത്തോടും പുതിയ രൂപഭാവങ്ങളോടുംകൂടി നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപിച്ച് സജീവമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

ശരിയായ വിശ്വാസദർശനം ലഭിക്കുന്നതിനും സഭാത്മക ചിന്തകളും കൂട്ടായ്മയും വളർത്തുന്നതിനും സഹായകമായ ഒരു ദ്വിദിന കർമ്മപരിപാടി കുടുംബനാഥന്മാർക്കുവേണ്ടി എല്ലാ ഇടവകകളിലും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്ലാസ്സുകളും ചർച്ചകളും അവതരണങ്ങളുമെല്ലാം ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുവാൻ കഴിയുമല്ലോ. കൂടാതെ, അമല കമ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ ഇടവകകളിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ആധുനിക ദൃശ്യ ശ്രാവ്യസങ്കേതങ്ങൾ ഉപയോഗിച്ച് യൗസേപ്പിതാവിന്റെ ജീവിതവും സന്ദേശവും ഉൾക്കൊള്ളുന്ന ഒരു നാടകം തയ്യാറാക്കുന്നുണ്ട്. സീറോ മലബാർ സഭാതലത്തിൽ നടത്തപ്പെടുന്ന മാർ യൗസേപ്പിനെപ്പറ്റിയുള്ള ത്രിദിന ഓൺലൈൻ പഠനശിബിരത്തിലും 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലികപ്രബോധനത്തെപ്പറ്റിയുള്ള പഠനത്തിലും നമ്മുടെ വിശ്വാസസമൂഹം സജീവമായി പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

യൗസേപ്പിതാവ് കുടുംബങ്ങളുടെയും തിരുസ്സഭയുടെയും സംരക്ഷകനാണ്. സഭയും സത്യവിശ്വാസവും അകാരണമായി വിചാരണ ചെയ്യപ്പെടുകയും അപഹസിക്കപ്പെടുകയും ചെയ്യുന്ന സമകാലിക സാഹചര്യങ്ങളിൽ ഉചിതമായി പ്രതികരിക്കുവാ

നുള്ള വേദികളും വ്യക്തികളും ഉണ്ടാകേണ്ടതാവശ്യമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്. നമ്മുടെ സമൂഹത്തിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്നതും എന്നാൽ മഹത്തായ നന്മകൾ ചെയ്യുന്നവരുമായ വ്യക്തികൾ പലരുമുണ്ടാകും. അത്തരം ആളുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതും ഉചിതമായി ആദരിക്കുന്നതും ഈ വർഷത്തിന്റെ ചൈതന്യത്തിന് ചേരുന്ന പ്രവൃത്തിയായിരിക്കും. കൂടാതെ, വിവാഹവാർഷികം ആഘോഷിക്കുന്ന ദമ്പതികളുടെ ഭവനങ്ങളിൽ ബഹു. വൈദികന്മാർ സന്ദർശനം നടത്തി അവരെ അഭിനന്ദിക്കുന്നതും പ്രാർത്ഥിക്കുന്നതും തികച്ചും ഉചിതമാണ്. നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും കായികശേഷിയും ആരോഗ്യവും സംരക്ഷിച്ചുവളർത്താൻ സഹായിക്കുന്ന രീതിയിൽ ഇടവകതലങ്ങളിൽ കായികവിനോദത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് ഉപകാരപ്രദമായിരിക്കും.

നസ്രത്തിലെ വീടിന്റെ ശില്പിയായ യൗസേപ്പിതാവ് എന്ന തച്ചന്റെ ഓർമ്മവർഷത്തിൽ നമ്മുടെ ഇടവകയിൽ ഭവനരഹിതരായവർക്ക് ഭവനം നിർമ്മിച്ചു നൽകാനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കാൻ ശ്രമിക്കുമല്ലോ. ഒരു ഇടവകയുടെ നേതൃത്വത്തിൽ കുറഞ്ഞത് ഒരു വീടെങ്കിലും നിർമ്മിക്കുവാനുള്ള നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട അച്ചന്മാർ സ്വീകരിക്കേണ്ടതാണ്. മലനാട് ഡെവലപ്മെന്റ് സൊസൈറ്റി (MDS)യുടെ സഹായം ഇക്കാര്യത്തിൽ ആവശ്യമുള്ളവർക്ക് സാധിക്കുന്നവിധം ലഭ്യമാക്കുന്നതാണ്.

മാർ യൗസേപ്പിന്റെ മാതൃകയും മാദ്ധ്യസ്ഥ്യവും നമ്മുടെ

രൂപതയിലെ വിശ്വാസസമൂഹത്തിനു മുഴുവനും പുതുജീവനും ആത്മീയവളർച്ചയ്ക്കും കാരണമായിത്തീരട്ടെ. യൗസേപ്പിതാവിന്റെ തിരുനാൾ ദിനങ്ങളായ മാർച്ച് 19, മെയ് 1 എന്നിവ ഇടവകതലങ്ങളിൽ സമുചിതമായി ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നേതൃത്വം നൽകേണ്ടതാണ്. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന നമ്മുടെ ഭവനങ്ങളിൽ കുടുംബാംഗങ്ങൾ ഒന്നിച്ചുചേർന്നു ചൊല്ലുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ കുടുംബങ്ങളുടെ വിശുദ്ധീകരണവും സമഗ്രമായ വളർച്ചയും ലക്ഷ്യമാക്കി ഒരുമയോടെ പരിശ്രമിക്കാം. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും അനുഗ്രഹങ്ങളും മാർ യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥ്യത്തിലൂടെ ഏവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഉത്ഥിതനായ മിശിഹായുടെ സമാധാനം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

കർത്താവിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി

23.02.2021

NB : ഈ സർക്കുലർ 2021 മാർച്ച് 14-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# മാർ യൗസേപ്പിന്റെ വർഷാചരണം

## പ്രായോഗിക നിർദ്ദേശങ്ങൾ

മാർ യൗസേപ്പിന്റെ വർഷാചരണത്തിൽ കുടുംബ വിശുദ്ധീകരണത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതോടൊപ്പം കുടുംബത്തെയും സമൂഹത്തെയും നയിക്കേണ്ട പുതുതലമുറയിൽ ആത്മവിശ്വാസവും കർത്തവ്യബോധവും വളർത്തേണ്ടത് നമ്മുടെ ചുമതലയാണ്. ഇതിനാവശ്യമായ കർമ്മപരിപാടികളെക്കുറിച്ചുള്ള ആശയങ്ങൾ വിവിധതലങ്ങളിൽ പങ്കുവച്ചിരുന്നു. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ഈ ആശയങ്ങൾ നമുക്ക് കർമ്മപഥത്തിലെത്തിക്കാം.

1. മാർ യൗസേപ്പിന്റെ വർഷത്തിൽ രൂപതയിലെ എല്ലാ ഇടവകകളിലും പിതൃവേദിയുടെ യൂണിറ്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. സജീവ സംഘടനാസംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള (ഒരു ടേം) ഭാരവാഹികളെ ഇടവക തലത്തിൽ ബഹു. വികാരിയച്ചനും ഫൊറോനാതലത്തിൽ പെ. ബഹു. ഫൊറോനാ വികാരിയച്ചനും രൂപതാതലത്തിൽ അഭിവന്ദ്യ രൂപതാദ്ധ്യക്ഷനും നിയമിക്കുന്നു. നിലവിൽ സംഘടന ഉള്ളിടത്ത് ഭാരവാഹികൾ തുടരുകയോ പുതിയ തെരഞ്ഞെടുപ്പ് നടത്തുകയോ ചെയ്യാം.

2. കാഞ്ഞിരപ്പള്ളി രൂപതയിലെ കുടുംബനാഥൻമാർക്കായി എല്ലാ ഇടവകകളിലും സഭാത്മകതയും ഒരുമയും പ്രോത്സാഹിപ്പിക്കുന്നതും വിശ്വാസദർശനം നൽകുന്നതുമായ രണ്ടു മണിക്കൂർ(per day) നീണ്ടുനിൽക്കുന്ന ഒരു പരിപാടി രണ്ടു ദിവസങ്ങളിലായി നടത്തുന്നു. ക്ലാസ്സുകൾക്കൊപ്പം പരിചയപ്പെടുന്നതിനും കൂട്ടായ്മയിൽ വളർന്ന് ശക്തിപ്പെടുന്നതിനും സാധിക്കുന്ന വിധത്തിൽ പരിപാടികൾ ക്രമീകരിക്കുന്നു. ഇടവകകളിൽ ക്ലാസ്സ് നയിക്കേണ്ട റിസോഴ്സ് ടീമിനെ രൂപതാതലത്തിൽ പരിശീലിപ്പിച്ചയയ്ക്കുന്നതാണ്.

3. മേൽപറഞ്ഞ പരിപാടിയുടെ സമാപനത്തിൽ കുടുംബ കേന്ദ്രീകൃതമായ ലഘുനാടകത്തിനാവശ്യമായ ആശയവും സാങ്കേതിക സഹായങ്ങളും നൽകി അതാത് ഇടവകയിലെ പിതാ

ക്കൻമാരുടെ നേതൃത്വത്തിൽ ഒരു ലഘുനാടകം അവതരിപ്പിക്കുന്നതിന് ക്ഷണിക്കുന്നു. പ്രസ്തുത പരിപാടി അവതരിപ്പിക്കുന്നതിനായി ഒരുങ്ങുന്നതിന് നിശ്ചിത സമയം നൽകുകയും (ഒന്നോ രണ്ടോ മാസം) അവർ തയ്യാറായതിനു ശേഷം ഇടവക സമൂഹത്തിന് മുൻപിൽ അവർ അത് അവതരിപ്പിക്കുകയും ചെയ്യുന്നു. ഇടവകയിലെ പരമാവധി ആളുകളുടെ സഹായം സ്വീകരിക്കാനാവുംവിധമാണ് ലഘുനാടകത്തിന്റെ അവതരണം ക്രമീകരിക്കേണ്ടത്.

4. ഓരോ ഇടവകയിലെയും ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചുനല്കുന്നതിന് കർമ്മപദ്ധതികൾ ക്രമീകരിക്കുമല്ലോ. ഒരിടവകയിൽ നിന്ന് ഏറ്റവും കുറഞ്ഞത് ഒരു വീടെങ്കിലും നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ ഇടവകകളിൽ സ്വീകരിക്കേണ്ടതാണ്. മലനാട് ഡെവലപ്മെന്റ് സൊസൈറ്റി (MDS)യുടെ സഹായം ഇക്കാര്യത്തിൽ ആവശ്യമുള്ളവർക്ക് സാധിക്കുന്ന വിധം ലഭ്യമാക്കുന്നതാണ്.

5. മുൻപ് രൂപതയിൽനടന്ന സുവിശേഷദർശനമാതൃകയിൽ അമല കമ്മ്യൂണിക്കേഷന്റെ നേതൃത്വത്തിൽ ഒരു ദൃശ്യവിരുന്ന് ക്രമീകരിക്കുന്നു. അതോടൊപ്പം മാർ യൗസേപ്പിന്റെ ജീവിതമൂല്യങ്ങളെ സമകാലികപശ്ചാത്തലത്തിൽ വിവരിക്കുന്ന ഒരു പ്രഫഷണൽ നാടകം "തച്ചൻ" എന്ന പേരിൽ മെയ്മാസത്തോടുകൂടി അമല കമ്യൂണിക്കേഷൻസ് അവതരിപ്പിച്ചു തുടങ്ങുന്നതാണ്. സാധിക്കുന്ന ഇടവകകളിലെല്ലാം ഇവ പ്രദർശിപ്പിക്കുന്നതിന് അവസരമൊരുക്കേണ്ടതാണ്.

6. യൗസേപ്പിതാവിന്റെ വർഷാചരണവുമായി ബന്ധപ്പെട്ട തീംസോങ്ങ്, ഷോർട്ട് ഫിലിംസ്, യൗസേപ്പിതാവിന്റെ ആദ്ധ്യാത്മികതയെ പ്രകടമാക്കുന്ന കവിതകൾ, കഥകൾ എന്നീ മത്സരങ്ങൾ വിവിധ പ്രായക്കാർക്കായി നടത്തുന്നു. എല്ലാ അജപാലനവിഭാഗങ്ങളും അതിനെ പ്രോത്സാഹിപ്പിക്കുന്നു.

7. ഭവനസന്ദർശനം സാധ്യമാകാത്ത സാഹചര്യത്തിൽ വിശ്വാസികളുടെ പൊതുവായ സംശയങ്ങൾക്കുത്തരം നൽകുന്ന വിധത്തിലുള്ള ഷോർട്ട് ഫിലിംസ് ക്രമീകരിക്കുന്നു.

8. സീറോമലബാർ സഭാതലത്തിൽ നടത്തപ്പെടുന്ന മാർ യൗസേപ്പിനെക്കുറിച്ചുള്ള ത്രിദിന ഓൺലൈൻ പഠന ശിബിരം, 'സ്നേഹത്തിന്റെ സന്തോഷം'ത്തെക്കുറിച്ചുള്ള ഓൺലൈൻ പഠനപരമ്പര എന്നിവയിൽ രൂപതാതലത്തിൽ നമ്മുടെ സഹകരണം.

9. ഉറങ്ങുന്ന യൗസേപ്പിന്റെ വലിയ രൂപങ്ങൾ സ്ഥാപിക്കൽ പോലുള്ള കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല.

10. മാർ യൗസേപ്പ് കുടുംബങ്ങളുടെയും സഭയുടെയും സംരക്ഷകൻ എന്ന തലത്തിൽ വിശ്വാസജീവിത വഴികളിൽ സഭ അകാരണമായി ചോദ്യം ചെയ്യപ്പെടുകയും കുറ്റപ്പെടുത്തപ്പെടുകയും ചെയ്യുമ്പോൾ ഉചിതമായി പ്രതികരിക്കുവാനുള്ള വേദികളും വ്യക്തികളെയും വളർത്തിയെടുക്കാനാവുംവിധം പദ്ധതികൾ ക്രമീകരിക്കേണ്ടതാണ്. ഈയൊരുവിഷയം ക്ലാസ്സിൽ പ്രത്യേകമായി ഉൾപ്പെടുത്തുന്നു.

11. സമൂഹത്തിൽ ശ്രദ്ധിക്കപ്പെടാത്തവരെ ആദരിക്കുന്നു (ഉദാ: വർഷങ്ങളായി കിടപ്പുരോഗികൾ, അവരെ ശുശ്രൂഷിക്കുന്നവർ, കർഷകർ, നാമമാത്ര തൊഴിലാളികൾ എന്നിവരെ ആദരിക്കുന്നു).

12. മാർ യൗസേപ്പിനോടുള്ള ജപം കുടുംബങ്ങളിൽ പ്രാർത്ഥിക്കുന്നതിനായി രൂപതയിലെ എല്ലാ കുടുംബങ്ങളിലും നല്കുന്നു.

13. ഇടവക വികാരിയച്ചൻ വിവാഹവാർഷികം ആഘോഷിക്കുന്ന ദമ്പതികളെ ഭവനത്തിലെത്തി സന്ദർശിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

14. നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും കായികശേഷിയും ആരോഗ്യവും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പര്യാപ്തമാകുംവിധം ഇടവകകളിൽ ക്ലബ്ബുകൾ രൂപീകരിക്കുകയും കായികവിനോദത്തിനുള്ള സൗകര്യം നല്കുകയും ചെയ്യുന്നു. സമർത്ഥരായ കായികപ്രതിഭകൾക്ക് പരിശീലനം നല്കുന്നതിന് സാഹചര്യമൊരുക്കുന്നു.

# കച്ചേരിക്കാര്യം

**1. മദ്യവിരുദ്ധ ഞായർ – മാർച്ച് 14**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി മാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന പ്രത്യേകപിരിവ് മദ്യവിരുദ്ധപ്രവർത്തനങ്ങൾക്കുള്ളതാണ്. ലഭിക്കുന്ന തുക മദ്യവിരുദ്ധസമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ രൂപതയിലെ ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യുമല്ലോ.

**2. മാസധ്യാനവും വൈദികസമ്മേളനവും**

ലോറേഞ്ചിലെ വൈദികരുടെ മാസധ്യാനം 2021 മാർച്ച് 17-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീദ്രൽ പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വൈദികരുടെ മാസധ്യാനം അന്നേദിവസം (2021 മാർച്ച് 17) വൈകിട്ട് 5 മണിക്ക് അണക്കര P.A.C.-യിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും മാസധ്യാനത്തിലും വൈദിക സമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**3. ജീവൻ ദശാംശം**

പിറവിത്തിരുനാളിനോടനുബന്ധിച്ച് 2020 ഡിസംബർ മാസത്തിൽ നടത്തേണ്ടിയിരുന്ന ദശാംശശേഖരണം ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചാണ് ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ നടത്തുന്നത്. മാർച്ച് 20-ാം തീയതിക്കുശേഷം ദശാംശക്കവറുകൾ ഇടവകകളിൽ എത്തിക്കുന്നതാണ്. എല്ലാവരും ഉദാരമായി സഹകരിക്കുമല്ലോ.

## 4. FCRA Account

വിദേശസഹായ നിയന്ത്രണ നിയമപ്രകാരം (FCRA Act 2010) Central Home Ministry യുടെ രജിസ്ട്രേഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2021 മാർച്ച് 31-നകം State Bank of India New Delhi Main Branch - ൽ തങ്ങളുടെ ഏറ്റവും അടുത്തുള്ള State Bank of India Branch വഴി ഡൽഹി ബ്രാഞ്ചിൽ ഒരു പുതിയ അക്കൗണ്ട് (FCRA A/c) തുടങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് എത്രയും വേഗം ചെയ്തില്ലെങ്കിൽ മാർച്ച് 31-ന് മുമ്പ് അക്കൗണ്ട് തുടങ്ങിക്കിട്ടുവാൻ പ്രയാസമായിരിക്കും. ടി അക്കൗണ്ടിൽ കൂടി മാത്രമേ വിദേശസഹായം സ്വീകരിക്കാവൂ എന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശമുള്ളതിനാൽ 01.04.2021 മുതൽ നിലവിലുള്ള FCRA A/c-ൽ കൂടി പണം സ്വീകരിക്കുന്നത് നിയമവിരുദ്ധമാണ്.

Trust/Society/Institution - ന്റെ Board of Directors - ന്റെ ആധാർ, പാൻ നമ്പർ, Notary Public attest ചെയ്ത Affidavit - എന്നിവ Central Home Ministry - യുടെ Web site, Niti Aayog DARPAN portal എന്നിവയിൽ upload ചെയ്യേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എത്രയുംവേഗം സ്ഥാപനത്തിന്റെ Chartered Accountant-മായി ആലോചിച്ച് ചെയ്യേണ്ടതാണ്.

## 5. Appointments

**Vicar**

**Rev. Fr.**

Kuzhikattu George - Vicar, Elivalikkara

Puthenveettil Manuraj Jude - Vicar in Charge, Periyar- Vallakadavu

**Assistant Vicar**

Keeranchira Karlos - Podimattam

Kochutharayil Philip VC - Erumely

Kuttikattu Martin OSB - Elangulam

Kollamparambil Joseph MCBS - Kattappana

Kaithaparambil George MCBS - Thamarakunnu

| | | |
|---|---|---|
| Thekkedath Issac MCBS | - | Cathedral |
| Varickasseril Varghese MCBS | - | Kanchiyar |
| Thundiyil Jacob CST | - | Vellaramkunnu |
| Paraparambil Jibin MSFS | - | Anakkara |
| Kottoor Vijin MSFS | - | Upputhara |
| Kanayinkal Joseph VC | - | Velichiyani |
| Kochery Tison CMI | - | Koruthodu |
| Emprayil Sebastian CMI | - | Mundiyeruma |
| Vaniapurackal Mathew (Jr.) | - | Koovappally (Additional) |
| Rephin Kamal SJ | - | Nettithozhu |

**Other Appointments**

| | | |
|---|---|---|
| Kilirooparambil Sebastian | - | Director, Hostels of Amal Jyothi College |
| Mattamundayil James | - | Administrator, Marian Retreat Centre, Anakkara (additional) |
| Pulthakidiyel Joseph | - | Assist. Director, MDS |
| Vaniapurackal Mathew (Jr.) | - | Warden, Men's Hostel, Amal Jyothi College |

**Relieved**

| | | |
|---|---|---|
| Paikatt Mathew | - | Director, Hostels of Amal Jyothi College |
| Kilirooparambil Sebastian | - | Assist. Director, MDS |
| Thoompunkal Devasia | - | Vicar, Periyar-Vallakadavu (Medical leave) |
| Muthukunnel Cyril | - | Asst. Vicar, Erumely (Study leave) |
| Kalackal Varghese | - | Asst. Vicar, Koruthodu (leave) |
| Poovelil Joseph VC | - | Asst. Vicar, Upputhara |
| Kelimattathil Thomas MSFS | - | Asst. Vicar, Cathedral |
| Kadavil Joseph MCBS | - | Asst. Vicar, Thamarakunnu |
| Kattupalathu Mathew (Idukki) | - | Asst. Vicar, Vellaramkunnu |
| Thengumparambil Thomas CMI | - | Asst. Vicar, Kanchiyar |

# അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യസ്വീകരണ സുവർണ്ണജൂബിലി

കാഞ്ഞിരപ്പള്ളി രൂപതയുടെ ത്രിതീയ രൂപതാദ്ധ്യക്ഷനായി സുവിശേഷതീക്ഷ്ണതയിൽ ശ്ലൈഹിക ശുശ്രൂഷ നിർവ്വഹിച്ച മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യസ്വീകരണ സുവർണ്ണ ജൂബിലിയും മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികവും 2021 ഫെബ്രുവരി 9 ചൊവ്വാഴ്ച കാഞ്ഞിരപ്പള്ളിയിൽ വച്ച് സമുചിതമായി ആഘോഷിച്ചു.

കാഞ്ഞിരപ്പള്ളി കത്തീദ്രൽ പള്ളിയിൽ 10.15 ന് പരിശുദ്ധ കുർബാനയും തുടർന്ന് കത്തീദ്രൽ മഹാജൂബിലി ഹാളിൽ പൊതു സമ്മേളനവും നടന്നു. ഫെബ്രുവരി 9-ാം തീയതി രാവിലെ 9.30 ഓടു കൂടി പാസ്റ്ററൽ സെന്ററിലെത്തിയ മേജർ ആർച്ച് ബിഷപ്പിനെയും കൂരിയ മെത്രാനെയും മറ്റു വിശിഷ്ടാതിഥികളെയും ഏറ്റം ബഹുമാനപ്പെട്ട ജനറാളച്ചൻമാരും റിസപ്ഷൻ കമ്മറ്റിയംഗങ്ങളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് കത്തീദ്രൽ പള്ളിയിലെത്തിയ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പിനെ കത്തീദ്രൽ വികാരി ആർച്ച് പ്രീസ്റ്റ് ഏറ്റം ബഹുമാനപ്പെട്ട പരിന്തിരിക്കൽ വർഗ്ഗീസച്ചനും ജൂബിലേറിയൻമാരായ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെയും ചിറ്റൂർ ജോയി അച്ചനെയും കൊച്ചാങ്കൽ ആന്റണിയച്ചനെയും രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചനും ബൊക്കെ നൽകി സ്വീകരിച്ചു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്തായോടൊപ്പം മാർ മാത്യു അറയ്ക്കൽ, മാർ ജോസ് പുളിക്കൽ, സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തക്കല രൂപതാ വികാരി ജനറാൾ ഏറ്റം ബഹുമാനപ്പെട്ട ഫാ. തോമസ് പൗവത്തുപറമ്പിൽ, ജൂബിലേറിയൻമാരായ റവ. ഫാ. ആന്റണി കൊച്ചാങ്കൽ, റവ. ഫാ. ജോയി ചിറ്റൂർ, അഭിവന്ദ്യ മാർ

മാത്യു അറയ്ക്കൽ പിതാവിന്റെ സെക്രട്ടറി റവ. ഫാ. വർഗ്ഗീസ് ഞള്ളിമാക്കൽ, അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ ഓഫീസ് സെക്രട്ടറി റവ. ഫാ. ജയിംസ് പുലിയുറുമ്പിൽ എന്നിവരും രൂപതയിലെ വൈദികരും സന്യാസസഭാപ്രതിനിധികളായ വൈദികരും, സന്യാസിനീ പ്രതിനിധികളും അത്മായ സംഘടനാ പ്രതിനിധികളും പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നു. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് സമൂഹത്തിലും സഭയിലും ഇടപെടലുകൾ നടത്തിയ ക്രാന്തദർശിയായ ഇടയനാണ് മാർ മാത്യു അറയ്ക്കലെന്ന് വചനസന്ദേശത്തിൽ പറഞ്ഞു. അജപാലനശുശ്രൂഷ ഫലപ്രദമാകത്തക്കവിധത്തിൽ പുതിയ അജപാലന മേഖലകൾ കണ്ടെത്തുകയും സൂചിന്തിതമായ അജപാലനപദ്ധതികളിലൂടെ സാമൂഹിക, രാഷ്ട്രീയ മേഖലകളെ ചേർത്ത് നിർത്തുന്ന സംയോജിതപ്രവർത്തനശൈലിയുടെ മാതൃക നൽകുവാനും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് കഴിഞ്ഞുവെന്നും മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത അനുസ്മരിച്ചു. മദ്ബഹാശുശ്രൂഷകരായും ഗാനശുശ്രൂഷകൾ ക്രമീകരിച്ചും ബഹുമാനപ്പെട്ട റീജൻസി ബ്രദേഴ്സ് പരിശുദ്ധ കുർബാനയിൽ സജീവപങ്കാളിത്തം വഹിച്ചു.

പരിശുദ്ധ കുർബാനയ്ക്കുശേഷം കത്തീദ്രൽ മഹാജൂബിലി ഹാളിൽ ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിച്ച അനുമോദനസമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ സ്വാഗതം ആശംസിച്ചു. ദീർഘവീക്ഷണമുള്ള അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ അജപാലനശൈലി രൂപതയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ മുതൽക്കൂട്ടാണെന്ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പറഞ്ഞു. മെത്രാഭിഷേകത്തിന്റെ രജതജൂബിലിവർഷത്തിലായിരിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്തയ്ക്ക് മാർ ജോസ് പുളിക്കൽ ആശംസകൾ അർപ്പിച്ചു. മാർ മാത്യു അറയ്ക്കൽ പിതാവ് മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്തായ്ക്ക് ബൊക്കെ നല്കി അനുമോദനങ്ങൾ അറിയിച്ചു. അഭിവന്ദ്യ മാർ

മാത്യു അറയ്ക്കൽ പിതാവിനെയും അദ്ദേഹത്തോടൊപ്പം പൗരോഹിത്യ സ്വീകരണ സുവർണ്ണജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ആന്റണി കൊച്ചാങ്കൽ, റവ. ഫാ. ജോയി ചിറ്റൂർ എന്നിവരെയും സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത പൊന്നാടയണിയിച്ചാദരിച്ചു. പ്രത്യാശ പകരുകയും തണലേകുകയും ചെയ്യുന്ന അജപാലനശൈലിയുടെ ഉടമയാണ് മാർ മാത്യു അറയ്ക്കലെന്ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ആശംസാപ്രസംഗത്തിൽ പറഞ്ഞു. നന്മയുള്ള സമൂഹത്തിന് നല്ല വിദ്യാഭ്യാസം അത്യാവശ്യമെന്ന് കണ്ട് പദ്ധതികൾ വിഭാവനം ചെയ്തയാളാണ് അഭിവന്ദ്യ പിതാവെന്ന് മാർ മാത്യു അറയ്ക്കൽ പൗരോഹിത്യസുവർണ്ണജൂബിലി സ്മാരക വിദ്യാഭ്യാസ എൻഡോവ്മെന്റ് സർട്ടിഫിക്കറ്റ് രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ഡോമിനിക് അയിലൂപ്പറമ്പിലിന് നൽകിക്കൊണ്ട് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത പറഞ്ഞു. അല്മായരെ ശക്തിപ്പെടുത്തി നല്ല വിശ്വാസിസമൂഹത്തിന് രൂപം നൽകുന്നതിന് നല്ല മാതൃക നൽകുകയും ആരാധനക്രമചൈതന്യത്തോട് വിശ്വസ്തനായിരിക്കുകയും ചെയ്യുന്ന വ്യക്തിത്വമാണ് മാർ മാത്യു അറയ്ക്കലെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അനുസ്മരിച്ചു. ഐസൻസ്റ്റാറ്റ് രൂപതാധ്യക്ഷൻ അഭിവന്ദ്യ എജീദിയൂസ് ജെ. സിഫ്കോവിച്ച് മെത്രാന്റെ ആശംസ രൂപതാജുഡീഷ്യൽ വികാർ റവ. ഡോ. മാത്യു കല്ലറയ്ക്കൽ വായിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലെ വിശ്വാസിസമൂഹവും സഭയും പൊതുസമൂഹവും നൽകിയ പിന്തുണയ്ക്ക് നന്ദിയറിയിക്കുന്നതായി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ മറുപടിസന്ദേശത്തിൽ പറഞ്ഞു. അനുമോദനസമ്മേളനത്തെത്തുടർന്നുള്ള സ്നേഹവിരുന്ന് കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജിന്റെ നേതൃത്വത്തിൽ ഭംഗിയായി ക്രമീകരിക്കപ്പെട്ടു. കാഞ്ഞിരപ്പള്ളി പർണ്ണശാല മഹാജൂബിലിഹാളിനെ മനോഹരമായി അലങ്കരിച്ചിരുന്നു. ബഹുമാനപ്പെട്ട കൊച്ചുപുരയ്ക്കൽ വർഗ്ഗീസച്ചൻ സദസ്സിനെ ക്രമീകരിക്കുകയും കാര്യപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

സീറോ മലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തക്കല രൂപതാധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രനെ പ്രതിനിധീകരിച്ച് തക്കല രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റം ബഹുമാനപ്പെട്ട ഫാ. തോമസ് പൗവ്വത്തുപറമ്പിൽ, രൂപതയിലെ സന്യാസി സന്യാസിനി പ്രതിനിധികൾ, വൈദികർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ ഉൾപ്പെടെയുള്ള അല്മായ സംഘടനാപ്രതിനിധികൾ തുടങ്ങിയവർ കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യോഗത്തിൽ പങ്കുചേർന്നു.

പ്രിസ്ബിറ്ററൽ കൗൺസിൽ ഉൾപ്പെടെയുള്ള സമിതികളിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സ്വീകരണ സുവർണ്ണജൂബിലി ആഘോഷത്തെക്കുറിച്ച് ആലോചനയുണ്ടാവുകയും പാസ്റ്ററൽ സെന്റർ ഇൻമേറ്റ്സ് ഗാതറിംഗുകളിൽ അതിന്റെ ഫലപ്രദമായ നടത്തിപ്പിനെക്കുറിച്ച് ചർച്ചയുണ്ടാവുകയും ചെയ്തു. ഏറ്റം ബഹുമാനപ്പെട്ട വികാരി ജനറാളച്ചന്മാരായ വെള്ളമറ്റം ജോസഫച്ചന്റെയും മണ്ണംപ്ലാക്കൽ ബോബി അലക്സച്ചന്റെയും താമരശ്ശേരി കുര്യനച്ചന്റെയും നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ ഒരുക്കങ്ങൾ പൂർത്തിയാക്കി. ഫാ. സ്റ്റാൻലി പുള്ളോലിക്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ ആനിമേഷൻ ഓഫീസിന്റെ സഹായത്തോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കപ്പെട്ടു. ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച വൈകുന്നേരം നടന്ന ഇൻമേറ്റ്സ് ഗാതറിംഗിൽ പരിപാടികളുടെ ക്രമീകരണങ്ങൾ വിശദീകരിച്ചു.

ആഘോഷദിനത്തിൽ മഹാജൂബിലിഹാളിലെ സമ്മേളനത്തിനായെത്തുന്ന അഭിവന്ദ്യ പിതാക്കന്മാരെ സ്വീകരിക്കുവാൻ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിമുറിയിൽ ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചന്റെ നേതൃത്വത്തിൽ റിസപ്ഷൻ കമ്മറ്റി അംഗങ്ങളായ ബഹുമാനപ്പെട്ട വട്ടയത്തിൽ ഫിലിപ്പച്ചൻ, നിരപ്പേൽ തോമസച്ചൻ, കൊച്ചുപുരയ്ക്കൽ വർഗ്ഗീസച്ചൻ എന്നിവർ സജ്ജരായിരുന്നു. സമ്മേളനവേദിയിലെ ക്രമീകരണങ്ങളും കാര്യപരിപാടികളുടെ നടത്തിപ്പും ബഹുമാനപ്പെട്ട കല്ലറയ്ക്കൽ മാത്യു അച്ചന്റെയും

അയലൂപ്പറമ്പിൽ ഡോമിനിക് അച്ചന്റെയും നേതൃത്വത്തിൽ മനോഹരമായി നിർവ്വഹിക്കപ്പെട്ടു. സദസ്സിൽ സഹായിക്കുന്നതിനായെത്തിയ റീജൻസി ബ്രദേഴ്സ് ഇരുവരും തങ്ങളുടെ ദൗത്യം ഭംഗിയായി നിർവ്വഹിച്ചു. കത്തീദ്രൽ പള്ളിമുറ്റത്ത് സജ്ജീകരിച്ചിരുന്ന കുടിവെള്ളത്തിന്റെ ക്രമീകരണങ്ങളുൾപ്പെടെയുള്ള ഭക്ഷണക്രമീകരണങ്ങൾ ഏറ്റം ബഹുമാനപ്പെട്ട വെള്ളിയംകുളം മാർട്ടിനച്ചന്റെയും നരിപ്പാറയിൽ തോമസച്ചന്റെയും നേതൃത്വത്തിൽ ഏറ്റവും ഉചിതമായി സജ്ജീകരിച്ചിരുന്നു. കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് മാനേജർ ബഹുമാനപ്പെട്ട പായിക്കാട്ട് മാത്യു അച്ചന്റെയും തെരുവംകുന്നേൽ ജോർജച്ചന്റെയും അമൽജ്യോതി കോളജിലെ എല്ലാ വൈദികരുടെയും സന്മനസ്സും ഔദാര്യവും സമ്മേളനവേദിയേയും ഭക്ഷണക്രമീകരണങ്ങളെയും മനോഹരമാക്കുന്നതിന് സ്തുത്യർഹമായ പങ്കുവഹിച്ചു. കത്തീദ്രൽ പള്ളിയിൽ നടന്ന പരിശുദ്ധ കുർബാനയുടെ ആഘോഷത്തിന്റെ ക്രമീകരണങ്ങൾ ഏറ്റവും ഭംഗിയായി നിർവ്വഹിക്കുവാൻ രൂപതാ ആരാധനക്രമവിഭാഗം ഡയറക്ടറും മാസ്റ്റർ ഓഫ് സെറിമണിയുമായ ബഹുമാനപ്പെട്ട മുതുപ്ലാക്കൽ സെബാസ്റ്റ്യനച്ചനും മരുതുക്കുന്നേൽ ജോസഫച്ചനും ചക്കുംമൂട്ടിൽ ജോസഫച്ചനും സവിശേഷമാംവിധം ശ്രദ്ധിച്ചു. പള്ളിയിലെ ഗാനശുശ്രൂഷയെ മനോഹരമാക്കുന്നതിൽ ബഹുമാനപ്പെട്ട പുതുപ്പറമ്പിൽ അഗസ്റ്റിനച്ചൻ നേതൃത്വം വഹിച്ചു.

കത്തീദ്രൽ പള്ളിയിലെ മഹാജൂബിലി ഹാളിന്റെ ക്രമീകരണങ്ങൾക്ക് ഒരു കുറവും ഉണ്ടാവാതിരിക്കുവാൻ കത്തീദ്രൽ വികാരി ആർച്ച് പ്രീസ്റ്റ് ഏറ്റം ബഹുമാനപ്പെട്ട പരിന്തിരിക്കൽ വർഗ്ഗീസച്ചനും അസിസ്റ്റന്റ് വികാരിമാരായ കൊച്ചുപറമ്പിൽ പയസ്സച്ചനും കേളിമറ്റത്തിൽ ബിബിനച്ചനും ആത്മാർത്ഥതയോടെ കാര്യങ്ങൾ ക്രമീകരിച്ചു. വിവിധ കമ്മറ്റിയുടെ ആത്മാർത്ഥമായ സഹകരണവും ഏകോപനവും ആഘോഷപരിപാടികളെ മികവുറ്റതാക്കി.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## അജപാലനശുശ്രൂഷാജീവിതം
### (തിരുവചനഭാഗം: 1 പത്രോ 5,1-14)

'ദൈവഭവനത്തിന്റെ കരുതൽ' എന്നു ശീർഷകം കൊടുക്കാവുന്ന ഒരദ്ധ്യായമാണിത്. സഭയിലെ ശ്രേഷ്ഠന്മാർക്കും സഭാംഗങ്ങൾക്കും ഒരുമിച്ച് പത്രോസ്ശ്ലീഹാ നല്കുന്ന ഉപദേശങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. ഈ അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. അജപാലകരുടെ ശുശ്രൂഷാജീവിതം (5,1-4)
2. അനുസരണയുടെയും എളിമയുടെയും ജീവിതം (5,5-6)
3. സമചിത്തതയും ഉണർവ്വുമുള്ള ജീവിതം (5,7-8)
4. വിശ്വാസസ്ഥിരതയുള്ള ജീവിതം (5,9-11)
5. സഭാകൂട്ടായ്മയിലുള്ള ജീവിതം (5,12-14)

അജപാലനശുശ്രൂഷയുടെ സ്വഭാവവും അജപാലകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. അജപാലകർക്കും അജഗണങ്ങൾക്കും ആദ്ധ്യാത്മികജീവിതത്തിന് പ്രയോജനപ്പെടുന്ന ചിന്തകളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്.

**1. അജപാലകരുടെ ശുശ്രൂഷാജീവിതം**

*"ഒരു സഹശ്രേഷ്ഠനും മിശിഹായുടെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന*

*നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം പുലർത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നല്കിക്കൊണ്ടായിരിക്കണം*" (5,1-3).

'ശ്രേഷ്ഠന്മാർ' എന്ന് ഇവിടെ പറയുന്നത് സഭയിൽ അജപാലനശുശ്രൂഷ നിർവഹിക്കുന്നവരെ ഉദ്ദേശിച്ചാണ്. ആദിമസഭയിൽ ശ്ലീഹന്മാരുടെ പിൻഗാമികളെ യഹൂദപശ്ചാത്തലത്തിൽ 'ശ്രേഷ്ഠന്മാർ' (Presbyteroi) (ശ്ലീഹ 15,2) എന്നും ഗ്രീക്കുപശ്ചാത്തലത്തിൽ 'മെത്രാന്മാർ' (Episcopoi) (ഫിലി 1,1) എന്നും വിശേഷിപ്പിക്കുന്നുണ്ട്. പത്രോസ്ശ്ലീഹാ 'ഒരു സഹശ്രേഷ്ഠൻ' എന്ന് സ്വയം വിശേഷിപ്പിച്ചുകൊണ്ടാണ് ഇവിടെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നത്. അതുകൊണ്ട് ഈ ഉപദേശം അജപാലകരെ പ്രത്യേകം മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. അവരുടെ അജപാലനശുശ്രൂഷ അവർ നിർവഹിക്കേണ്ടത് 'അജഗണത്തെ പരിപാലിച്ചു'കൊണ്ടാണെന്ന് വ്യക്തമായി പറയുന്നു. അജഗണം ദൈവത്തിന്റെ സ്വന്തമാണ്. "എന്റെ ആടുകളെ മേയിക്കുക" (യോഹ 21,15-19) എന്നാണല്ലോ ഈശോ പത്രോസിനോടു പറഞ്ഞത്. അതുകൊണ്ട് ദൈവത്തോടുള്ള ഉത്തരവാദിത്വബോധത്തോടെ നാം അജപാലനശുശ്രൂഷ നിർവഹിക്കണം. ദൈവത്തിന്റെ സ്നേഹവും കരുതലും നല്കുന്നതിൽ അജപാലകർ ശ്രദ്ധിക്കണം. കേവലം മാനുഷികമായ പരിഗണനകളല്ല അജപാലനശുശ്രൂഷയിൽ മാനദണ്ഡമായിരിക്കേണ്ടത്.

അജപാലനശുശ്രൂഷയുടെ ഉത്തരവാദിത്വങ്ങൾ ഒരു ഭാരമായി കരുതാതെ സന്തോഷത്തോടെ ചെയ്യണം. അതുപോലെതന്നെ ആധിപത്യമനോഭാവം വെടിഞ്ഞ് കൂട്ടായ്മയിൽ ശുശ്രൂഷ ചെയ്യുവാൻ അജപാലകർക്കു കഴിയണം. അധികാരം സഭയിൽ എങ്ങനെയാണു കൈകാര്യം ചെയ്യേണ്ടതെന്ന് ഈശോതന്നെ തന്റെ ശിഷ്യരെ പഠി

പ്പിക്കുന്നുണ്ട്. ലൗകികാധികാരികൾ അധികാരം കൈകാര്യം ചെയ്യുന്നതുപോലെ ആകരുത് എന്നു വ്യക്തമായി പറയുന്നുണ്ട് (മർക്കോ 10,42-45). സഭയിൽ അധികാരികൾ 'ശുശ്രൂഷകരും' 'ദാസരും' ആയിരിക്കണമെന്നും, അതിനു മാതൃക, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അവർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനും വന്ന, മനുഷ്യപുത്രനായ അവിടുന്നുതന്നെയാണെന്നും ഈശോ വ്യക്തമായി പറയുന്നു (മർക്കോ 10,45). നല്ല ഇടയനായ ഈശോയെപ്പോലെ സന്മാതൃക നല്കി ഇടവകജനത്തെ നയിക്കണമെന്നും ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഇതു തീർച്ചയായും സഹനത്തിന്റെ ജീവിതമായതുകൊണ്ട് ഇടയന്മാരുടെ തലവനായ മിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരുവാൻ കഴിയുമെന്ന പ്രത്യാശയും ശ്ലീഹാ നല്കുന്നുണ്ട്.

**2. അനുസരണയുടെയും എളിമയുടെയും ജീവിതം**

"*അപ്രകാരംതന്നെ യുവാക്കന്മാരേ, നിങ്ങൾ ശ്രേഷ്ഠന്മാർക്കു വിധേയരായിരിക്കുവിൻ. പരസ്പരവിനയത്തിന്റെ അങ്കി അണിയുവിൻ. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്ക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്*" (5,5-6).

യുവാക്കൾക്കുള്ള ഉപദേശമായിട്ടാണ് ഈ വാക്യങ്ങൾ എഴുതിയിരിക്കുന്നത്. എന്നാൽ ലേഖനത്തിന്റെ ആമുഖപശ്ചാത്തലത്തിൽ ഇവിടെ വിവക്ഷിക്കപ്പെടുന്നത് ശ്രേഷ്ഠന്മാരോട് അഥവാ മെത്രാന്മാരോട് ചേർന്നുനിന്ന് പൗരോഹിത്യത്തിന്റെ വിവിധ പദവികൾ, അതായത് പുരോഹിതർ, ശമ്മാശന്മാർ, മറ്റു ശുശ്രൂഷകൾ കൈകാര്യം ചെയ്യുന്നവർ എന്നിവരെല്ലാവരുമാണ്. അനുസരണയും എളിമയുമാണ് അവരിൽനിന്നും ആവശ്യപ്പെടുന്നത്. അനുസരണം സ്നേഹത്തിന്റെ അഥവാ കൂട്ടായ്മയുടെ ഒരു പ്രധാനപ്പെട്ട വശമാണ്. അതുണ്ടെങ്കിലേ പൗരോഹിത്യധർമ്മം ശരിയായവിധം നിർവഹിക്കാൻ കഴിയൂ. പുരോ

ഹിതാഭിഷേകത്തിനുമുമ്പ് രൂപതാദ്ധ്യക്ഷനോട് അനുസരണം വാഗ്ദാനം ചെയ്യുന്ന പതിവ് അഭിഷേകകർമ്മത്തിലുണ്ടല്ലോ. പുരോഹിതശുശ്രൂഷ അവശ്യം പുരോഹിതകൂട്ടായ്മയിൽ നിർവഹിക്കപ്പെടേണ്ടതാണ്. അതിന് അനുസരണവും എളിമയും അത്യന്താപേക്ഷിതമാണ്.

അരൂപിയുടെ വരദാനങ്ങളുള്ള എല്ലാ സഭാശുശ്രൂഷകർക്കും ഇതു ബാധകമാണ്. എല്ലാ സഭാംഗങ്ങൾക്കും വരദാനങ്ങളുണ്ടെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ടല്ലോ (1 കൊറി 12,12-26). വരദാനങ്ങളെല്ലാം സഭാശുശ്രൂഷയ്ക്കുവേണ്ടിയാണ് നല്കപ്പെടുന്നത്. പക്ഷേ സഭാശുശ്രൂഷകരെല്ലാം ശ്ലൈഹികശുശ്രൂഷയ്ക്കു വിധേയപ്പെട്ടും ശ്ലൈഹികശുശ്രൂഷയോടുള്ള കൂട്ടായ്മയിലും തങ്ങളുടെ ദൗത്യങ്ങൾ നിർവഹിക്കണമെന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നുണ്ട്. വരദാനങ്ങളിൽ ഒന്നാമത്തേത് ശ്ലീഹന്മാരുടേതായിട്ടാണല്ലോ പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് (1 കൊറി 12,28-29). ഇപ്രകാരം അനുസരണയിലും കൂട്ടായ്മയിലും ശുശ്രൂഷ നിർവഹിക്കണമെങ്കിൽ എളിമ അനിവാര്യമാണ്. അതുകൊണ്ട് എളിമയോടെ, ജീവിതപ്രശ്നങ്ങളെക്കുറിച്ചുള്ള ഉത്ക്കണ്ഠ ഒഴിവാക്കി, ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ സഭാശുശ്രൂഷകർക്കു കഴിയണം.

**3. സമചിത്തതയും ഉണർവ്വുമുള്ള ജീവിതം**

"*നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുറ്റിനടക്കുന്നു*" (5,7-8).

സമചിത്തത ഈശോയെ അനുഗമിക്കുന്നവരെല്ലാം ആർജ്ജിക്കേണ്ട ഒരു സവിശേഷതയാണ്. ഈശോയുടെ വാക്കുകൾ വി. മത്തായിസുവിശേഷകൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക്

ആശ്വാസം ലഭിക്കും" (മത്താ 11,29). 'ശാന്തശീലം' എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നമുക്ക് പ്രകോപനമുണ്ടാകുന്ന സന്ദർഭങ്ങളിൽ 'സമചിത്തത' പാലിക്കുക എന്നതാണ്. തന്നെ കണ്ടുപഠിക്കുവാൻ ഈശോ ആവശ്യപ്പെടുന്ന ഏക സവിശേഷതയാണിത്. എല്ലാ വിശ്വാസികൾക്കും ഇതാവശ്യമാണെങ്കിലും ഇടവകവൈദികരെ സംബന്ധിച്ചിടത്തോളം ഇത് അത്യന്താപേക്ഷിതമാണ്. കാരണം അവർക്ക് വിവിധ സ്വഭാവമുള്ള വ്യക്തികളെയും വിവിധ പ്രശ്നങ്ങളുള്ള സാഹചര്യങ്ങളെയും നേരിടേണ്ടിവരും. അതുകൊണ്ട് അവർ സമചിത്തത കൈവെടിയാതെ ജീവിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

അതിന് ഉണർവ്വുള്ള ജീവിതം നയിക്കേണ്ടിയിരിക്കുന്നു. 'ഉണർവ്വ്' എന്നു പറയുന്നത് ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്വാണ്. അതായത്, പ്രാർത്ഥനാജീവിതമാണ്. പ്രാർത്ഥന അവശ്യം ദൈവസാന്നിദ്ധ്യത്തിലേയ്ക്കുള്ള 'ഉണർവ്വ്' ഉൾക്കൊള്ളുന്നതാണ്. ദൈവസാന്നിദ്ധ്യസ്മരണയില്ലാതെ പ്രാർത്ഥന പ്രാർത്ഥനയാവുകയില്ലല്ലോ. ഇരുപത്തിനാലു മണിക്കൂറും നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുന്ന, സ്നേഹംതന്നെയാകുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് ഉണർന്നിരിക്കുന്ന ജീവിതമാണ് പ്രാർത്ഥനാജീവിതം. അപ്രകാരം പ്രാർത്ഥനാജീവിതം നയിച്ചാൽ ശാന്തത കൈവെടിയാതെ ജീവിക്കാനും പ്രവർത്തിക്കാനും നമുക്കു കഴിയും. അതോടൊപ്പം സാത്താന്റെ സാന്നിദ്ധ്യത്തിലേക്കും ഉണർവ്വുള്ള ജീവിതം നയിക്കണമെന്ന് വി. പത്രോസ്ശ്ലീഹാ ഉപദേശിക്കുന്നു (5,8). സാത്താൻ നേരിട്ടു നടത്തുന്ന ആക്രമണങ്ങളെ എന്നതിനെക്കാൾ മതമർദ്ദകരും സഭാദ്വേഷികളുമായ വ്യക്തികളിലൂടെ പ്രവർത്തനനിരതമാകുന്ന തിന്മയുടെ ശക്തിയെ അതിജീവിക്കുവാനും പുരോഹിതന് പ്രാർത്ഥനാജീവിതം ആവശ്യമാണ്.

**4. വിശ്വാസസ്ഥിരതയുള്ള ജീവിതം**

"*വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരിൽനിന്ന് ഇതേ സഹനംതന്നെ ആവശ്യപ്പെട്ടിരിക്കുന്നെന്ന് അറിയുകയും ചെയ്യുവിൻ; തന്റെ നിത്യമ*

*ഹത്ത്വത്തിലേക്കു മിശിഹായിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്ര ഹദാതാവായ ദൈവം നിങ്ങളെ അല്പകാലത്തെ സഹനത്തിനു ശേഷം പൂർണ്ണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും*" (5,9-10).

വിശ്വാസജീവിതം അവശ്യം സഹനം ഉൾക്കൊള്ളുന്ന ജീവിത മാണ്. അത് വ്യക്തിപരമോ പ്രാദേശികമോ മാത്രമല്ല, സാർവ്വത്രിക സഭയുടെതന്നെ അടിസ്ഥാനസ്വഭാവമാണ്. 'വിശ്വാസികളുടെ സമൂഹം' എന്നാണല്ലോ സഭ ആദിമുതലേ അറിയപ്പെട്ടിരുന്നത് (ശ്ലീഹ 4,32). ക്രിസ്തീയജീവിതം അവശ്യം സഹനമുള്ള ജീവിതമാണ്. കാരണം ഈ ലോകത്തിൽ, ഈ ലോകത്തിന്റേതാകാതെ, ദൈവ ത്തിന്റേതായി ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹമാണ് വിശ്വാസികളുടെ സമൂഹം. അതുകൊണ്ട് ലോകത്തിന്റെ ഭാഗത്തു നിന്ന് സഭാമക്കൾക്ക് വിദ്വേഷവും പീഡനങ്ങളും എപ്പോഴും എവി ടെയും ഉണ്ടായിക്കൊണ്ടിരിക്കും. "ലോകം നിങ്ങളെ ദ്വേഷിക്കും" (യോഹ 15,18) എന്ന് ഈശോതന്നെ അരുൾച്ചെയ്തിട്ടുണ്ടല്ലോ. ഈ സഹനം ആഗോളസഭയുടെ പ്രതിഭാസമാണ്. അതുകൊണ്ട് ദൈവ മക്കൾക്കടുത്ത സാഹോദര്യമനോഭാവത്തോടെയും പ്രതിബദ്ധതയോ ടെയും വിശ്വാസത്തിൽ സ്ഥിരതയോടെ നിലനില്ക്കണം എന്നത് അജ പാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പുരോഹിതർക്ക് തികച്ചും പ്രസക്തമാണ്.

സമാഗതമാകുന്ന യുഗാന്ത്യത്തിൽ സകല ദുഃഖങ്ങളും പീഡ നങ്ങളും ആനന്ദമായി മാറുമെന്ന ചിന്തയും ഇതോടൊപ്പം ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട്. ഇതിനുള്ള തെളിവായി ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് ചൂണ്ടിക്കാണിക്കുന്നത്. ദൈവത്തിന്റെ ലക്ഷണങ്ങളായി ഇക്കാര്യം പലപ്പോഴും പത്രോസ്ശ്ലീഹ തന്റെ ലേഖ നത്തിൽ പരാമർശിക്കുന്നുണ്ട്. ദൈവം കൃപാദായകനാണ് (1,2.10.13; 2,9.21; 3,9). മഹത്ത്വപൂർണ്ണനായ ദൈവം തന്റെ മഹത്ത്വത്തിലേക്കു വിശ്വാസികളെ ക്ഷണിക്കുന്നു (1,7.11.21; 4,11.13-14; 5,1.4). ഈശോ തന്റെ സഹനത്തിലൂടെ സാത്താന്റെമേൽ നേടിയ വിജയത്തിന്റെ പൂർണ്ണത

വിശ്വാസികൾക്കു സംലഭ്യമാകുന്ന യുഗാന്ത്യംവരെയുള്ള ഇടവേള യുടെ സവിശേഷതയായി ഇപ്പോൾ അനുഭവിക്കുന്ന സഹനങ്ങളെ നാം മനസ്സിലാക്കണം. സാത്താനെയും അതിന്റെ വക്താക്കളായി ഇപ്പോൾ പ്രവർത്തിക്കുന്ന മതവിദ്വേഷകരെയും ദൈവം അന്തിമമായി പരാജയപ്പെടുത്തും എന്നതിനാൽ നഷ്ടധൈര്യരാകാതെ വിശ്വാസ ത്തിൽ സ്ഥിരതയോടെ പുരോഹിതർ നിലകൊള്ളണം.

**5. സഭാകൂട്ടായ്മയിലുള്ള ജീവിതം**

"*നിങ്ങളെപ്പോലെ തെരഞ്ഞെടുക്കപ്പെട്ട ബാബിലോണിലെ സഭയും എന്റെ പുത്രനായ മർക്കോസും നിങ്ങൾക്കു വന്ദനം പറയു ന്നു. സ്നേഹചുംബനംകൊണ്ടു നിങ്ങൾ പരസ്പരം അഭിവാദനം ചെയ്യുവിൻ. മിശിഹായിലായിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും സമാ ധാനം*" (5,13-14).

സഭ ഒരു കൂട്ടായ്മയാണ്. അതു കേവലം മാനുഷിക കൂട്ടായ്മ യല്ല, ദൈവികമായ, ത്രിത്വാത്മകകൂട്ടായ്മയാണെന്നും, അവർ തമ്മി ലുള്ള കൂട്ടായ്മ പരസ്പരാശംസകളിലൂടെ പ്രകടമാക്കണമെന്നും സൂചിപ്പിച്ചുകൊണ്ടാണ് പത്രോസ്ശ്ലീഹാ ഈ ലേഖനം ഉപസംഹരി ക്കുന്നത്. 'ബാബിലോണിലെ സഭ' (5,13) എന്നത് റോമിലെ സഭയെ ക്കുറിച്ചുള്ള സൂചനയാണ്. റോമിനെ സൂചിപ്പിക്കാൻ ആദിമക്രൈസ്ത വരും യഹൂദരും ഉപയോഗിച്ചിരുന്ന രഹസ്യസംജ്ഞയാണ് 'ബാബി ലോൺ' എന്നത് (വെളി 14,8; 16,19; 17,5.18). ഇതിന് പ്രത്യേകമായ ഒരർത്ഥമുണ്ട്. ബാബിലോൺ യൂദയായുടെ പ്രവാസഭൂമിയായിരുന്നു. മതമർദ്ദനമനുഭവിക്കുന്ന ക്രൈസ്തവർ പ്രവാസകാലത്തിനു സമാ നമായ പീഡനങ്ങളിലൂടെയാണു കടന്നുപോകുന്നത് എന്ന സന്ദേശ മാണ് ഇവിടെ നല്കുന്നത്. ബാബിലോൺപ്രവാസം അര നൂറ്റാണ്ടി നുള്ളിൽ അവസാനിച്ചതുപോലെ സഭാംഗങ്ങളുടെ പീഡനങ്ങളും അവ സാനിക്കും എന്ന പ്രത്യാശ ഈ പദപ്രയോഗത്തിലുണ്ട്.

സമാധാനം സകലർക്കും ആശംസിച്ചുകൊണ്ടുമാണ് ലേഖനം അവസാനിപ്പിക്കുന്നത്. സഹനത്തെ ദൈവഹിതാനുസൃതം നേരിടു

ന്നതിലൂടെ സമൂഹത്തിലും ഹൃദയത്തിലും സംജാതമാകുന്ന സമാധാനത്തെയാണ് പത്രോസ്ശ്ലീഹാ ഇവിടെ വിവക്ഷിക്കുന്നത്. ഈശോ കുരിശിൽ സഹനത്തെ നേരിട്ട് ലോകത്തിനു നേടിത്തന്ന സമാധാനം, ഈശോയെ അനുകരിച്ച് സ്വന്തമാക്കാനാണ് ശ്ലീഹാ ഉപദേശിക്കുന്നത്. "സ്നേഹചുംബനംകൊണ്ട് നിങ്ങൾ പരസ്പരം അഭിവാദനം ചെയ്യുവിൻ" (5,14) എന്നു പറയുന്നത് സഭാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയും സഭകൾ തമ്മിലുള്ള കൂട്ടായ്മയും ആരാധനക്രമാഘോഷങ്ങളിൽമാത്രം ഒതുങ്ങിനില്ക്കാതെ പ്രായോഗികജീവിതത്തിൽ പ്രാവർത്തികമാക്കി പരസ്പരം വിശ്വാസത്തിൽ ശക്തിപ്പെടുത്തണമെന്നും സൂചിപ്പിക്കുന്നുണ്ട്. ഇപ്രകാരമുള്ള ഒരു കൂട്ടായ്മയായി സഭാസമൂഹത്തെ വളർത്തുവാൻ പുരോഹിതരുടെ അജപാലനപ്രവർത്തനങ്ങൾ സഹായകരമാകണം.

**ജീവിതസൂചിക**

1. നല്ല ഇടയനായ ഈശോയുടെ സാന്നിദ്ധ്യാനുഭവം നല്കി അജപാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് അനുസരണയിലും എളിമയിലും പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. പ്രാർത്ഥനാജീവിതത്തിലൂടെ, ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്വോടെയും സമചിത്തതയോടെയും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. വിശ്വാസസ്ഥിരതയോടെ ജീവിക്കുവാൻ വിശ്വാസികളെ ഞാൻ പരിശീലിപ്പിക്കുന്നുണ്ടോ?
5. ഇടവകയെയും രൂപതയെയും സഭയെയും കൂട്ടായ്മയിൽ വളർത്തുവാൻ ഞാൻ എങ്ങനെ ശ്രമിക്കുന്നു?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ


**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജേക്കബ് കൊടിമരത്തുംമൂട്ടിൽ | 8000/- |
| റവ. ഫാ. മാത്യു വാണിയപ്പുരയ്ക്കൽ (Sr) | 24,000/- |
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം (Jr) | 75,000/- |
| റവ. ഫാ. അബ്രാഹം തൊമ്മിക്കാട്ടിൽ | 10,000/- |


**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---


## സ്നേഹസ്മരണയ്ക്ക്



ഫാ. കുര്യാക്കോസ് ഏണേക്കാട്ട്
(24.11.1918 – 25.03.1983)



ഫാ. ജേക്കബ് കാഞ്ഞിരത്തിനാൽ
(01.05. 1905 – 26.03.2001)



ഫാ. മാത്യു ചെരിപുറം
(26.12. 1937 – 23.03.2015



റവ.ഫാ. സെബാസ്റ്റ്യൻ വടക്കേക്കൊട്ടാരം
(23-06-1942 – 19-03-2016)

# അജപാലനോത്തേജന വിഭാഗം

**ദശാംശശേഖരണം**

എല്ലാ വർഷവും പതിവുള്ളതുപോലെ പിറവിത്തിരുനാളിനോടനുബന്ധിച്ച് 2020 ഡിസംബർ മാസത്തിൽ ദശാംശശേഖരണം നടത്തുവാൻ നമുക്കു കഴിഞ്ഞില്ല. അതിനാൽ 2020 ഡിസംബറിൽ നടത്തേണ്ടിയിരുന്ന ദശാംശശേഖരണം ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ചാണ് ഈ വർഷം നമ്മൾ നടത്തുക. മാർച്ച് 20-ാം തീയതിക്കുശേഷം ദശാംശക്കവറുകൾ ഇടവകകളിൽ എത്തിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. അനേകർക്കാശ്വാസമാകുന്ന ഈ പദ്ധതിയിൽ മുൻവർഷങ്ങളിലേപ്പോലെയുള്ള ആത്മാർത്ഥമായ സഹകരണം ഉണ്ടാവുമല്ലോ.

**പൗരോഹിത്യസ്വീകരണ സുവർണ്ണജൂബിലി**

അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെയും ബഹുമാനപ്പെട്ട വൈദികരായ ചിറ്റൂർ ജോയി അച്ചന്റെയും കൊച്ചാങ്കൽ ആന്റണിയച്ചന്റെയും പൗരോഹിത്യസ്വീകരണ സുവർണ്ണജൂബിലിയും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികവും സമുചിതമായി 2021 ഫെബ്രുവരി 9-ാം തീയതി ആഘോഷിച്ചു.

**വൈദികരുടെ തുടർപരിശീലനം**

രൂപതയിലെ ഇടവകകളിൽ അസിസ്റ്റന്റ് വികാരിമാരായി ചുമതലയേറ്റ വൈദികർക്കും സന്യാസവൈദികർക്കുമുള്ള പരിശീലന പരിപാടി 2021 ഫെബ്രുവരി 24-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ നടത്തപ്പെട്ടു. രൂപതയുടെ അജപാലനമേഖലകളെക്കുറിച്ച്

ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചനും ഇടവകശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട കാനോനിക വശങ്ങളെക്കുറിച്ച് ഏറ്റം ബഹുമാനപ്പെട്ട താമരശ്ശേരി കുര്യൻ അച്ചനും ഇടവകശുശ്രൂഷയിൽ സാമ്പത്തിക വിനിയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഏറ്റം ബഹുമാനപ്പെട്ട വെള്ളിയാംകുളം മാർട്ടിനച്ചനും വിശദീകരിച്ചു.

രൂപതയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനങ്ങൾ ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ വിശദീകരിച്ചു. രൂപതാവിശ്വാസജീവിതപരിശീലനം, കുടുംബപ്രേഷിതത്വം, യുവജനപ്രേഷിതത്വം എന്നീ ശുശ്രൂഷമേഖലയിലെ പ്രവർത്തനങ്ങൾ യഥാക്രമം ബഹുമാനപ്പെട്ട വൈദികരായ പുതുപ്പറമ്പിൽ അഗസ്റ്റിനച്ചൻ, വട്ടയത്തിൽ ഫിലിപ്പച്ചൻ, കൊച്ചുപുരയ്ക്കൽ വർഗ്ഗീസച്ചൻ എന്നിവർ പരിചയപ്പെടുത്തി. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനോടൊപ്പമുള്ള സംവാദത്തിനുശേഷം ഉച്ചഭക്ഷണത്തോടെ പരിശീലന പരിപാടി സമാപിച്ചു.

## ഉയിർപ്പ് തിരുനാളിനൊരുക്കമായ ധ്യാനം

ഉയിർപ്പ് തിരുനാളിനൊരുക്കമായി ഇടവകകളിൽ ധ്യാനങ്ങൾ ക്രമീകരിക്കുന്നത് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ രൂപത മുഴുവനുമായി വലിയ ആഴ്ചയ്ക്ക് തൊട്ടുമുമ്പുള്ള ആഴ്ചയിൽ ഓൺലൈനിൽ ഒരു ധ്യാനം ക്രമീകരിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2021 മാർച്ച് മാസത്തെ കർമ്മപരിപാടികൾ**

6 ശനി - HMs Meet - ഹൈറേഞ്ച് മേഖല, അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ജൂബിലിയാഘോഷം - മരിയൻ കോളേജ്, കുട്ടിക്കാനം

7 ഞായർ - HMs Meet : ലോറേഞ്ച് മേഖല പാസ്റ്ററൽ സെന്റർ കാഞ്ഞിരപ്പള്ളി

- കുട്ടികൾക്ക് പരീക്ഷാഒരുക്കധ്യാനം - ഫാ. ഡോമിനിക്ക് വാളന്മനാൽ

- 10, 12 ക്ലാസുകളുടെ മാർക്ക്ലിസ്റ്റ് അയച്ചു നൽകേണ്ട അവസാന തീയതി

11 വ്യാഴം - HDC കോഴ്സ് പരീക്ഷ, സമ്മേളനം

13 ശനി - CTC പരീക്ഷ (36th ബാച്ച് - ഗ്രൂപ്പ് II)

14 ഞായർ - കാവൽ വിളക്ക് : മാതാപിതാക്കൾക്ക് ഓൺലൈൻ സമ്മേളനം - മാർ റാഫേൽ തട്ടിൽ

19 വെള്ളി - വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ രൂപതാധ്യക്ഷനുവേണ്ടി പ്രാർത്ഥിക്കുന്നു. യൗസേപ്പ് പിതാവിന്റെ വീട്

**പരീക്ഷാ ഒരുക്കധ്യാനം**

കുട്ടികളെക്കുറിച്ചാണല്ലോ ഇന്നു നാം കുറെ ഉത്ക്കണ്ഠാകുലരാകുന്നത്. പരീക്ഷകൾ അടുക്കുംതോറും കുട്ടികൾക്ക് മാനസിക സമ്മർദ്ദവുമുണ്ട്. ഈ പ്രത്യേകസാഹചര്യത്തിൽ മാർച്ച് 7-ാം തീയതി

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ 5-ാം ക്ലാസ് മുതലുള്ള കുട്ടികൾക്കായി പരീക്ഷാ ഒരുക്കധ്യാനം ക്രമീകരിക്കുന്നു. ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നതാണ്. വിശദവിവരങ്ങൾ ഇടവകവികാരിയച്ചന്മാർ വഴി നല്കുന്നതാണ്.

**ഹെഡ്മാസ്റ്റർമാരുടെ സമ്മേളനവും മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ജൂബിലിയാഘോഷവും**

കഴിഞ്ഞ വർഷത്തെ സമ്മാനങ്ങളും പുരസ്കാരങ്ങളും വിതരണം ചെയ്യുവാനും അവധിക്കാല പ്രോഗ്രാമുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നല്കുവാനുമായി മാർച്ച് 6, 7 തീയതികളിൽ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സമ്മേളനങ്ങൾ നടത്തപ്പെടുന്നു. മാർച്ച് 6-ാം തീയതി ശനിയാഴ്ച ഹൈറേഞ്ച് മേഖലയിലെ പ്രഥമാധ്യാപകർക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ കുട്ടിക്കാനം മരിയൻ കോളജിൽവച്ചും മാർച്ച് 7-ാം തീയതി ഞായറാഴ്ച ലോറേഞ്ച് മേഖലയിലെ പ്രഥമാധ്യാപകർക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചുമാണ് സമ്മേളനങ്ങൾ. രൂപതാബൈബിൾ കലോത്സവത്തിൽ സമ്മാനാർഹരായ കുട്ടികൾക്ക് അധ്യാപകരോടൊപ്പം വന്ന് സമ്മാനങ്ങൾ സ്വീകരിക്കാവുന്നതാണ്. ഹെഡ്മാസ്റ്റർമാർക്ക് അസൗകര്യമെങ്കിൽ മറ്റൊരു അധ്യാപകനെ പറഞ്ഞയയ്ക്കാവുന്നതാണ്. കുട്ടിക്കാനം മരിയൻ കോളജിൽവച്ചു നടക്കുന്ന സമ്മേളനത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷം നടത്തപ്പെടുന്നതാണ്.

**സെന്റ് തോമസ് വിഭാഗം : വാർഷികപ്പരീക്ഷ**

ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷികപ്പരീക്ഷ നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 2 മുതൽ 3.15 വരെ നടത്തപ്പെട്ട പരീക്ഷയിൽ രൂപതയിലെ 98% കുട്ടികളും സാമൂഹിക അകലം പാലിച്ച് പരീക്ഷ എഴുതി. ഫൊറോനാ കേന്ദ്രങ്ങളിൽ നിന്നും ചോദ്യപേപ്പറുകൾ എടുക്കുവാനും മറ്റു ക്രമീകരണങ്ങൾക്കും നേതൃത്വം നല്കിയ വന്ദ്യ വൈദികർക്കും പ്രഥമാധ്യാപകർക്കും പരീക്ഷകളുടെ നടത്തിപ്പിൽ ആത്മാർത്ഥമായി സഹ

കരിച്ച എല്ലാ വിശ്വാസജീവിതപരിശീലകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

മാർക്ക് രേഖപ്പെടുത്താനായി നല്കിയ ഫോമിൽ മാർക്ക് കൃത്യമായി എഴുതി മാർച്ച് 7-ാം തീയതിക്കുമുമ്പായി കേന്ദ്രഓഫീസിലേക്ക് അയച്ചുതരാൻ ശ്രദ്ധിക്കുമല്ലോ.

**CTC പരീക്ഷ**

CTC 36-ാം ബാച്ചിന്റെ പരീക്ഷ ഫെബ്രുവരി 20-ാം തീയതി രാവിലെ 10.30 മുതൽ 11.30 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. തുടർന്ന് അധ്യാപകരുടെ ഷെയറിംഗ് സെഷൻ, ക്ലാസ് അവലോകനം എന്നിവയും നടത്തപ്പെട്ടു. വിജയകരമായി കോഴ്സ് പൂർത്തിയാക്കിയ വിശ്വാസജീവിതപരിശീലകരെ രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തിലച്ചൻ അനുമോദിച്ചു. മാർ ജോസ് പുളിക്കൽ പിതാവ് സമാപനസന്ദേശം നൽകി. അടുത്ത ഗ്രൂപ്പിന്റെ പരീക്ഷ മാർച്ച് 13-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതാണ്.

**വാർഷികപ്പരീക്ഷ 1-9 ക്ലാസ്സുകൾ**

1 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷികപ്പരീക്ഷ ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ 11.15 വരെ നടത്തപ്പെടുന്നതാണ്. കോവിഡ് നിയന്ത്രണാതീതമായി തുടരുകയാണെങ്കിൽ കഴിഞ്ഞ സെമസ്റ്ററിലേതുപോലെ തന്നെ ചോദ്യപേപ്പറുകൾ Whats App/Email വഴി അയച്ചുനല്കുന്നതാണ്. വ്യക്തമായ അറിയിപ്പുകൾ ബഹു. വികാരിയച്ചന്മാർ വഴി നല്കുന്നതാണ്.

**ഉത്ഥാനോത്സവം**

ഏപ്രിൽ 6 മുതൽ 10 വരെയാണ് ഉത്ഥാനോത്സവദിനങ്ങൾ. കഴിഞ്ഞ വർഷത്തെ വർക്കുബുക്കുകൾ ഇതിനോടകം ഇടവകകളിൽ എത്തിയിട്ടുണ്ടല്ലോ. ക്ലാസ്സടിസ്ഥാനത്തിൽ ചെറിയ ഗ്രൂപ്പുകളായോ കുട്ടികൾക്ക് ഭവനങ്ങളിലിരുന്നോ വർക്കുബുക്കുകൾ പൂരിപ്പിക്കാവുന്നതാണ്. കൂടാതെ ഭവനങ്ങളിൽ വച്ചുതന്നെ ചെയ്യാവുന്ന വളരെ പ്രായോഗികമായ ചില നല്ല പ്രവർത്തനങ്ങൾകൂടി ഉത്ഥാനോത്സവദി

നങ്ങളിൽ അയച്ചുനല്കുന്നതാണ്. ഉത്ഥാനത്തിന്റെ സന്തോഷവും ചൈതന്യവും കുട്ടികളിലെത്തിക്കാനുതകുന്ന രീതിയിൽ ഇടവകകളിൽ തന്നെ വ്യക്തമായ ആക്ഷൻപ്ലാൻ രൂപീകരിക്കാവുന്നതാണ്.

**ഹോളിഫാമിലി**

ആദ്യകുമ്പസാരവും ആഘോഷമായ വി.കുർബാനസ്വീകരണവും നടത്താനൊരുങ്ങുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി നടത്തപ്പെടുന്ന ഹോളിഫാമിലി എന്ന സെമിനാർ നടത്താൻ താല്പര്യമുള്ള ഇടവകകൾ രൂപതാകേന്ദ്രത്തിൽ പേര് നല്കാൻ ശ്രദ്ധിക്കുമല്ലോ.

**കാവൽവിളക്ക് : മാർച്ച് 14-ന്**

സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി വി. യൗസേപ്പ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ക്ലാസ് നടത്തപ്പെടുന്നു. കഴിഞ്ഞ പ്രാവശ്യം നടത്തപ്പെട്ടതുപോലെ ആദ്യം പ്രവേശിക്കുന്ന ആയിരംപേർക്ക് zoom-ലും ബാക്കിയുള്ളവർക്ക് യൂ-ട്യൂബിലും പ്രസ്തുത ക്ലാസ്സിൽ പങ്കുചേരാവുന്നതാണ്. മാർച്ച് 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മുതൽ 4.30 വരെ നടത്തപ്പെടുന്ന സമ്മേളനത്തിൽ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നോമ്പുകാലത്തിന്റെ ചൈതന്യവും വിശ്വാസജീവിതപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്കാളിത്തവുമായി ബന്ധപ്പെട്ട് ക്ലാസ് നയിക്കുന്നതാണ്.

**വി. യൗസേപ്പ്പിതാവിന്റെ വീട്**

വി. യൗസേപ്പ് പിതാവിന്റെ വർഷാചരണത്തിന്റെ ഭാഗമായി മാർച്ച് 19-ാം തീയതി ഒരു പ്രത്യേക സംരംഭത്തിനു നമ്മൾ തുടക്കമിടുന്നു. കുട്ടികൾ ദൈവാലയത്തിലെത്തി പ്രാർത്ഥിച്ച് പള്ളിയിൽ വച്ചിരിക്കുന്ന ബോക്സിൽ സ്തോത്രകാഴ്ച നിക്ഷേപിച്ച് മടങ്ങുന്നു. രൂപതാതലത്തിൽ ഈ തുക സമാഹരിച്ച് അർഹതയുള്ള ഒരു കുട്ടിക്ക് വീട് നിർമ്മിച്ചു നൽകുന്നു. അമ്പതോ നൂറോ അഞ്ഞൂറോ ആയി

രമോ ആകാം നിങ്ങൾ നിക്ഷേപിക്കുന്ന തുക. എന്നാൽ ഫൊറോനാ കേന്ദ്രങ്ങൾ വഴി അവ ഒരുമിക്കപ്പെടുമ്പോൾ അർഹതയുള്ള ഒരാൾക്ക് വീട് ലഭിക്കുന്നു. നിർബന്ധത്തിനു വിധേയമായല്ലാതെ സ്നേഹ പൂർവ്വം ഈ ശുശ്രൂഷയിൽ കുട്ടികളെ പങ്കുകാരാക്കാൻ മാതാപിതാക്കളെ ഓർമ്മിപ്പിക്കുമല്ലോ.

**HDC**

HDC 5-ാം ബാച്ചിന്റെ സമ്മേളനവും പരീക്ഷയും മാർച്ച് 11-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**പ്രതിഭാസംഗമം**

പ്രതിഭാസംഗമത്തിനായി ഓരോ ഇടവകയിൽ നിന്നും 4 കുട്ടികളുടെ പേര് നല്കാവുന്നതാണ്. വിശ്വാസപരമായ കാര്യങ്ങളിൽ താല്പര്യവും ഇതരകാര്യങ്ങളിൽ മികവും പുലർത്തുന്ന 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് തെരഞ്ഞെടുക്കേണ്ടത്. മാർച്ച് 21- നു മുമ്പായി കേന്ദ്ര ഓഫീസിൽ പേരു നല്കേണ്ടതാണ്.

**ജിക്കു ഡി. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ്**

2020 മാർച്ച് 26-ാം തീയതി ആകസ്മികമായി മരണമടഞ്ഞ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകാംഗമായ ജിക്കു ഡി. തോമസ് പൈനുംമൂട്ടിലിന്റെ ഓർമ്മയ്ക്കായി കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന 10,000/- രൂപയുടെ എൻഡോവ്മെന്റ് സൺഡേസ്കൂളിൽ 12 വർഷവും ഒരു ഹാജർപോലും മുടങ്ങാത്ത കുട്ടികളിൽ നിന്നും ഏറ്റവും അർഹതയുള്ള ഒരാൾക്ക് നല്കപ്പെടുന്നതാണ്. (പരീക്ഷയിലെ മാർക്കും വീടിന്റെ സാമ്പത്തികസ്ഥിതിയും പരിഗണിച്ച്).

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

## ഇടവക-ഫൊറോനാതല തെരഞ്ഞെടുപ്പ്

ഇടവകതലത്തിൽ മിഷൻലീഗിന്റെ പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്ത് ഫൊറോനാകേന്ദ്രത്തിൽ പേരു നല്കേണ്ടതാണ്. മാർച്ച് 14-ന് ഫൊറോനാതല തെരഞ്ഞെടുപ്പ് നടത്തി ഫൊറോനാ ഭാരവാഹികളുടെ ലിസ്റ്റ് രൂപതാകേന്ദ്ര ഓഫീസിലേക്ക് മാർച്ച് 21 - ന് മുമ്പായി അയച്ചു നല്കേണ്ടതാണ്.

## രൂപതാ ഇലക്ഷൻ

മാർച്ച് 27-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ രൂപതാതല തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ ഫൊറോനാഡയറക്ടർമാർ/ആനിമേറ്റർമാർ വഴി നല്കപ്പെടുന്നതാണ്.

## കുട്ടികൾക്കായി ആരാധനയും അനുരഞ്ജനകൂദാശയും

നോമ്പുകാലത്തിൽ കുട്ടികളെ ഒരുക്കുവാനായി ഇടവകതലത്തിൽ കുട്ടികൾക്കായി ആരാധനയും അനുരഞ്ജനകൂദാശയും ക്രമീകരിക്കുന്ന ഇടവകകളിൽ രൂപതാകേന്ദ്രത്തിൽനിന്നും ഡയറക്ടറച്ചനും ജോയിന്റ് ഡയറക്ടറച്ചനും വന്നു സഹായിക്കാൻ സന്നദ്ധരാണ്.

## വചനക്കളരി : 73 പുസ്തകങ്ങളിൽ നിന്നും 73 വചനങ്ങൾ

ബൈബിളിലെ 73 പുസ്തകങ്ങളിൽ നിന്നും ഓരോ ദൈവവചനം മനഃപാഠമാക്കാൻ കുട്ടികളെ സഹായിക്കുന്നു. രൂപതാകേന്ദ്രത്തിൽ നിന്നും (ഓരോ രണ്ടുദിവസം കൂടുമ്പോഴും) വചനങ്ങൾ അയച്ചുതരുന്നതാണ്.

## ഹൃദ്യമായ നന്ദി

ചെറുപുഷ്പമിഷൻലീഗിന്റെ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ഫാ. എബി വാണിയപ്പുരയ്ക്കൽ (അണക്കര), ഫാ. സിറിൽ മുതുകുന്നേൽ (എരുമേലി), ഫാ.

ഉല്ലാസ് ചക്കുംമൂട്ടിൽ (മുണ്ടക്കയം), ഫാ. ആൽബിൻ കുഴിക്കാട്ട് (വെളിച്ചിയാനി), ഫാ. കാർലോസ് കീരംചിറ (കട്ടപ്പന), ഫാ. ബിനു പൂവേലിൽ വി.സി. (ഉപ്പുതറ) എന്നിവർക്ക് രൂപതാചെറുപുഷ്പ മിഷൻലീഗിന്റെ ഹാർദ്ദമായ നന്ദി. പുതിയ ശുശ്രൂഷാ മേഖലകളിൽ ദൈവാനുഗ്രഹം നേരുന്നു.

**മദ്ബഹാ ശുശ്രൂഷകസംഘം : ആൺകുട്ടികൾക്ക് പരിശീലനം**

ഓരോ ഇടവകയുടെയും സാഹചര്യം പരിഗണിച്ച് അവധിക്കാലത്ത് മദ്ബഹാ ശുശ്രൂഷകർക്കായി പ്രത്യേക പരിശീലനം നല്കാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകളിൽ വന്ന് കുട്ടികൾക്ക് ക്ലാസ് എടുക്കുവാനും ഒരുക്കുവാനും രൂപതാ റിസോഴ്സ് ടീമംഗങ്ങൾ തയ്യാറാണ്. സമീപ ഇടവകകളിലെ വൈദികരെയോ സമർപ്പിതരെയോ ബ്രദേഴ്സിനെയോ അനുയോജ്യരായ വിശ്വാസജീവിതപരിശീലകരെയോ നിയോഗിക്കാവുന്നതുമാണ്. മദ്ബഹായിലെ ശുശ്രൂഷ ആൺകുട്ടികളുടേതായാണ് പരിഗണിക്കപ്പെടുന്നത്.

**പുണ്യങ്ങളുടെ നോമ്പുകാലം**

വിവിധ ഇടവകകളിൽ നോമ്പുകാലത്തോടനുബന്ധിച്ച് കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ ഏറെ ഉപകാരപ്രദമാണ്. ബൈബിൾ ധ്യാനപൂർവം വായിക്കുക, ലഘു സന്ദേശങ്ങളടങ്ങിയ സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കുക, വെള്ളിയാഴ്ചകളിൽ വീടിനുചുറ്റും നടന്ന് കുരിശിന്റെ വഴി ചൊല്ലുക, ഭവനങ്ങളിൽ അടുക്കും ചിട്ടയും വരുത്തുക തുടങ്ങി ഇടവകതലത്തിൽ കുട്ടികൾക്കായി ഉചിതമായ പ്രവർത്തനങ്ങൾ നിർദ്ദേശിച്ചു നല്കുമല്ലോ.

**മിഷൻസന്ദേശ് 2020**

സീതത്തോട് ഇടവകദൈവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമാപനഘട്ടത്തിലെത്തി നിൽക്കുകയാണ്. വിവിധ ഇടവകകളിൽ നിന്നായി ഏഴരലക്ഷത്തോളം രൂപയാണ് ഇതിനോടകം ലഭിച്ചിട്ടുള്ളത്. സീതത്തോടിനുവേണ്ടി ഇനിയും തുക നൽകാനുള്ളവർ എത്രയും വേഗം ഓഫീസിൽ എത്തിക്കുമല്ലോ. മുഴുവൻ സംഭാവനകളുടെ ലിസ്റ്റ് അടുത്ത മാസത്തെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**ഓൺലൈൻ ബൈബിൾ കോഴ്സ്**

രൂപതയിലെ അത്മായർക്കായി ആരംഭിച്ച ഓൺലൈൻ ബൈബിൾ കോഴ്സ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഫെബ്രുവരി മാസം 20–ാം തീയതി ശനിയാഴ്ച ഉദ്ഘാടനം ചെയ്തു. "ബൈബിളിന് ഒരു ആമുഖം" എന്ന വിഷയത്തെപ്പറ്റി പ്രാരംഭക്ലാസ് ഫാ. തോമസ് നിരപ്പേൽ നയിച്ചു. ബൈബിൾ കോഴ്സിൽ 150–ഓളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശനിയാഴ്ച തോറും വൈകുന്നേരം 6 മുതൽ 7 വരെയാണ് ഓൺലൈൻ ബൈബിൾ ക്ലാസ്സുകൾ നടത്തുക.

രൂപതയിലെ വൈദികർക്കായി തിങ്കളാഴ്ചകളിൽ വൈകുന്നേരം 7 മുതൽ 8 വരെ വെളിപാട് 1 – 3 അദ്ധ്യായങ്ങളെക്കുറിച്ച് ഓൺലൈൻ ക്ലാസ്സ് നടത്തുവാനാഗ്രഹിക്കുന്നു. മാർച്ച് 15, 22, 29 ഏപ്രിൽ 5, 12, 19 എന്നീ ദിവസങ്ങളിലായിരിക്കും ക്ലാസ്സുകൾ. താല്പര്യമുള്ളവർ പേര്, ഇമെയിൽ അഡ്രസ്സ്, ഫോൺ നമ്പർ തുടങ്ങിയവ മാർച്ച് മാസം 10–ാം തീയതിക്കകം jominnirappel@gmail.com എന്ന ഈമെയിൽ അഡ്രസ്സിലേയ്ക്കോ 9689739550 എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്കോ അയച്ചുതരുമല്ലോ.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**രൂപതാ വാർഷിക സെനറ്റ് & ഇലക്ഷൻ**

കാഞ്ഞിരപ്പള്ളി രൂപതാ SMYM ന്റെ വാർഷിക സെനറ്റ് സമ്മേളനം ഫെബ്രുവരി 13, 14 തീയതികളിൽ കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

രൂപത SMYM വൈസ് പ്രസിഡന്റ് മിസ്. ജൂലി ജോൺ മറ്റപ്പള്ളിൽ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ പാർലമെന്റിൽ നടന്ന യൂത്ത് പാർലമെന്റ് സമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ച പഴയിടം ഇടവകാംഗം അർച്ചന പ്രകാശിനെ സമ്മേളനത്തിൽ ആദരിച്ചു. ഇതേത്തുടർന്ന് വിവിധ ഫൊറോനകളുടെ 2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരണം നടന്നു. രൂപത SMYM അർദ്ധവാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ജോബിൻ കൊള്ളിക്കുളവിൽ അവതരിപ്പിച്ചു. 'പ്രതിസന്ധികളിൽ വളരുന്ന നേതൃത്വം' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. സാജൻ പാപ്പച്ചൻ ക്ലാസ് നയിച്ചു. സെനറ്റ് സമ്മേളനത്തിൽ 2021 ലെ പുതിയ ഭാരവാഹികൾക്കായുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു.

**2021 ലെ രൂപതാ SMYM ഭാരവാഹികൾ**

പ്രസിഡന്റ് - ശ്രീ. ആദർശ് കുര്യൻ, പുത്തൻപുരയ്ക്കൽ (കട്ടപ്പന - കട്ടപ്പന ഫൊറോന)

ജനറൽ സെക്രട്ടറി - ശ്രീ. തോമസ് രാജു, കത്തിലാങ്കൽ (കത്തീഡ്രൽ - കാഞ്ഞിരപ്പള്ളി ഫൊറോന)

വൈസ് പ്രസിഡന്റ് - മിസ്സ്. ജോസ്മി ജെയിംസ്, കൊച്ചുകരോട്ട് (പുറ്റടി - അണക്കര ഫൊറോന)

ഡെപ്യൂട്ടി പ്രസിഡന്റ് - ശ്രീ. ജോബി ജെയിംസ്, കുന്നുംപുറത്ത് (അമരാവതി - കുമളി ഫൊറോന)

സെക്രട്ടറി - മിസ്സ്. സ്നേഹ വർഗീസ്, മടുക്കക്കുഴി (മുണ്ടക്കയം - മുണ്ടക്കയം ഫൊറോന)

ജോയിന്റ് സെക്രട്ടറി - റിന്റു മരിയ സ്കറിയ, കുഴിപ്പിൽ (പെരുവന്താനം - പെരുവന്താനം ഫൊറോന )

ട്രഷറർ - ജിയോ റ്റിജോ, പാലത്തിനാൽ (വെളിച്ചിയാനി - വെളിച്ചിയാനി ഫൊറോന)

കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പേഴ്സ്

- അലൻ സി. തോമസ്, ചിറയിൽ (ആലമ്പള്ളി - ഉപ്പുതറ ഫൊറോന)
- അഞ്ജന ഫിലിപ്പ്, പുരയിടത്തിൽ (ചെങ്ങളം - പൊൻകുന്നം ഫൊറോനാ)

എസ്.എം.വൈ.എം. കൗൺസിലേഴ്സ്

- ജെയിൻ മാത്യു ജേക്കബ്, വളവനാൽ (പെരുനാട് - റാന്നി-പത്തനംതിട്ട ഫൊറോന)
- ആൻ മരിയ തോമസ്, പുത്തേട്ട് (വെച്ചൂച്ചിറ - എരുമേലി ഫൊറോന)

ഫൊറോനാ പ്രതിനിധി

- ലിയോ തോമസ് പോൾ, കളപ്പുരയ്ക്കൽ (ചേമ്പളം - മുണ്ടിയെരുമ ഫൊറോന)

പുതിയ ഭാരവാഹികൾ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുൻപിൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുത്തു.

സമാപനസമ്മേളനം കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. 2020 വർഷത്തെ ബെസ്റ്റ് ഫൊറോനയായി കാഞ്ഞിരപ്പള്ളി ഫൊറോനയും ബെസ്റ്റ് യൂണിറ്റുകളായി എ കാറ്റഗറിയിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലും, ബി കാറ്റഗറിയിൽ കാഞ്ചിയാർ സെന്റ് മേരിസും, സി കാറ്റഗറിയിൽ എരുത്വാപ്പുഴ ഇൻഫന്റ് ജീസസും അവാർഡിനർഹരായി. പ്രസ്തുത യോഗത്തിൽ ജൂബിലി ആഘോഷിക്കുന്ന സി. റാണി മരിയ SABS ന് ആശംസകൾ അറിയിച്ചു. പരിപാടികൾക്ക് 2020 രൂപതാ സമിതി നേതൃത്വം നൽകി.

**ഫൊറോനാ സെനറ്റ് & ഇലക്ഷൻ**

2020 വർഷത്തെ ഫൊറോനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനുള്ള ഫൊറോനാ വാർഷിക സെനറ്റ് സമ്മേളനം എല്ലാ ഫൊറോനകളിലും പൂർത്തിയായി. ഫെബ്രുവരി 7-ന് വെളിച്ചിയാനി ഫൊറോനയുടെ വാർഷികസെനറ്റും പുതിയ ഫൊറോനാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു.

**നൈറ്റ് വിജിൽ**

കാഞ്ഞിരപ്പള്ളി രൂപതാ SMYM-ന്റെ നേതൃത്വത്തിൽ 2021 ഫെബ്രുവരി 20, 21 തീയതികളിൽ റാന്നി-പത്തനംതിട്ട ഫൊറോനായിലെ കണ്ണമ്പള്ളി ഇടവകയിൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ആദർശ് കുര്യൻ, ജനറൽ സെക്രട്ടറി തോമാച്ചൻ കത്തിലാങ്കൽ, കൗൺസിലർ ജെയിൻ മാത്യു, ശ്രീ. സാജൻ പാപ്പച്ചൻ, ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം**

ഫെബ്രുവരി 27, 28 തീയതികളിലായി 2021 വർഷത്തെ രൂപതാ ഭാരവാഹികൾക്കായുള്ള ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു.

**പാസിയോ**

കാഞ്ഞിരപ്പള്ളി രൂപതയിലെ ഫൊറോന എസ്.എം.വൈ.എം സമിതികളുടെ നേതൃത്വത്തിൽ പാസിയോ, കുരിശിന്റെ വഴി, മാർച്ച് 7,11,13,14,21 തീയതികളിലായി എല്ലാ ഇടവകകളിൽകൂടെയും നടത്തപ്പെടുന്നു. ഓരോ ഇടവകയിലും എത്തിച്ചേരുന്ന ദിവസവും സമയവും ഫൊറോന സമിതികൾ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും. "കുരിശിന്റെ സ്നേഹവും ഇന്നിന്റെ യുവജനങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി ഫൊറോനാ റിസോഴ്സ് ടീം സന്ദേശവും ഇതിന്റെ ഭാഗമായി നൽകും. ഫൊറോനാനേതാക്കൾക്കൊപ്പം ഈ കുരിശിന്റ വഴിയിൽ പങ്കെടുക്കാൻ എല്ലാ ഇടവകയിലും പരമാവധി യുവജനങ്ങളെ ഒരുമിച്ചു കൂട്ടുമല്ലോ.

**അഭിനന്ദനങ്ങൾ**

സന്യാസവ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ആനിമേറ്റർ സി. റാണി മരിയ SABS ന് രൂപത എസ്.എം.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ**

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഉടനെ വിവാഹത്തിനായി ഒരുങ്ങുന്നവരോടും പ്രത്യേക അനുവാദം വാങ്ങി വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുക്കാതെ വിവാഹിതരായവരോടും ഈ online ധ്യാനത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# പിതൃവേദി

മാർ യൗസേപ്പിന്റെ വർഷവും കുടുംബവർഷവും ഒരുമിച്ച് ആചരിക്കുന്ന അവസരത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബനാഥന്മാർക്കുവേണ്ടിയുള്ള സംഘടനയായ പിതൃവേദിയുടെ യൂണിറ്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. യൗസേപ്പ്പിതാവിന്റെ മരണത്തിരുനാളായ മാർച്ച് 19 നോ അന്ന് സാധിക്കാത്തപക്ഷം മെയ് 1–ാം തീയതിയോ ഇടവകയിലെ പിതൃവേദിയുടെ ഉദ്ഘാടനം നടത്താൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

പിതൃവേദിയുടെ രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് എത്തിച്ചിട്ടുണ്ട്. ഇടവകഭാരവാഹികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഫോം കഴിയുന്നതും നേരത്തേ രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കാനും ശ്രമിക്കുമല്ലോ.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദപ്രശ്നമത്സരത്തിന്റെ 37 ഭാഗങ്ങൾ പൂർത്തിയായി

**സമ്മാനാർഹരായവർ**

MVQ - 33 : ത്രേസ്യാമ്മ തോമസ്, താഴത്തുവീട്ടിൽ, കീരിക്കര

MVQ - 34 : സോബി ജോൺസൺ, പനച്ചിക്കൽ, പുളിയൻമല

MVQ - 35 : ഷീലമ്മ സ്കറിയ, ചിലമ്പിൽ, ഇളങ്ങുളം

MVQ - 36 : മിനി പോൾ, ഇടിഞ്ഞപുഴയ്ക്കൽ, ഉപ്പുതറ

MVQ - 37 : ത്രേസ്യാമ്മ മാർട്ടിൻ, നെല്ലിയാനിയിൽ, കുഴിത്തൊളു

പദപ്രശ്നചോദ്യങ്ങൾ അയച്ചുതന്നവരിലെ വിജയികൾ

MVQ - 34, 35, 37 : മഞ്ജു അനീഷ് പ്ലാംപറമ്പിൽ, റാന്നി

38 ആഴ്ചകളിലായി നടത്തിയ പദപ്രശ്നമത്സരത്തിൽ 438 പേർ പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും നന്ദി. എല്ലാ പദപ്രശ്നങ്ങൾക്കും ഉത്തരം അയച്ചവർക്കും എല്ലാത്തവണയും ശരിയുത്തരം അയച്ചിട്ടും നറുക്കെടുപ്പിലൂടെ സമ്മാനം ലഭിക്കാത്തവർക്കും പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതാണ്.

**മാതൃവേദി ക്വിസ്**

കാഞ്ഞിരപ്പള്ളി രൂപതയിലെ അമ്മമാർക്കായി നടത്തുന്ന മാതൃവേദി ക്വിസ് 2021-ന്റെ രജിസ്ട്രേഷൻ ഫെബ്രുവരി 28 ന് പൂർത്തിയായി. പ്രാഥമിക റൗണ്ട് മത്സരങ്ങൾ ഓൺലൈൻ ആയി (Whatsapp/ Google form)നടത്തുന്നതാണ്. സെമി ഫൈനൽ, ഫൈനൽ മത്സരങ്ങൾ

2021 മാർച്ച് 14-ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

ഒന്നാം സമ്മാനം : Rs. 5000/-
സർട്ടിഫിക്കറ്റ്, നല്ലതണ്ണി NRC സ്പോൺസർ ചെയ്യുന്ന ഐക്കൺ

രണ്ടാം സമ്മാനം : Rs. 4000/-
സർട്ടിഫിക്കറ്റ്, നല്ലതണ്ണി NRC സ്പോൺസർ ചെയ്യുന്ന ഐക്കൺ

മൂന്നാം സമ്മാനം : Rs. 3000/-
സർട്ടിഫിക്കറ്റ്, നല്ലതണ്ണി NRC സ്പോൺസർ ചെയ്യുന്ന ഐക്കൺ

ഫൈനൽ റൗണ്ടിൽ എത്തുന്ന മറ്റ് നാല് പേർക്ക് : Rs. 1000/- വീതം

സെമി ഫൈനൽ വരെ എത്തുന്ന മറ്റ് എട്ട് പേർക്ക് : Rs. 500/- വീതം

മാതൃവേദിയുടെ A, B, C, D, E യൂണിറ്റുകളിലായി ഏറ്റവും കൂടുതൽ ആളുകളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്ന മാതൃവേദി ഇടവക യൂണിറ്റുകൾക്ക് Rs. 2000/- വീതം സമ്മാനം.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**NRC വെബിനാർ**

നസ്രാണി റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15-ാം തീയതി NRC വെബിനാർ നടത്തപ്പെട്ടു. ആരാധനക്രമസംബന്ധമായ വത്തിക്കാൻ രേഖയായ 'Instruction for Applying the Liturgical Prescription of the Code of Canons of the Eastern Churches' നെക്കുറിച്ചുള്ള ആദ്യത്തെ വെബിനാറാണ് നടന്നത്. ആരാധനക്രമപണ്ഡിതനായ റവ. ഡോ. പോളി മണിയാട്ടാണ് ആദ്യത്തെ ഈ വെബിനാറിൽ പേപ്പർ അവതരിപ്പിച്ചത്.

NRC വെബിനാറിന്റെ രണ്ടാമത്തെ സെഷൻ ഫെബ്രുവരി 28-ാം തീയതി വൈകുന്നേരം 7 മണിമുതൽ 8 മണി വരെ റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ നയിക്കുന്നതായിരിക്കും.

**പ്രോജക്ട് പാരീഷ് ബുള്ളറ്റിൻ**

നോമ്പുകാലത്തിന്റെ ചൈതന്യം വ്യക്തമാക്കുന്ന ഇടവകബുള്ളറ്റിൻ രജിസ്റ്റർ ചെയ്ത ഇടവകകൾക്കുവേണ്ടി തയ്യാറാക്കി നൽകി.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഫെബ്രുവരി 2021**

04 മെത്രാഭിഷേകത്തിന്റെ 5-ാം വാർഷികദിനത്തിൽ മാർ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

06 നാലാം വർഷ വൈദികവിദ്യാർത്ഥികളുടെ 'Entrance' പരീക്ഷ നടത്തപ്പെട്ടു.

08 ഒന്നും നാലും വർഷ വൈദികവിദ്യാർത്ഥികളുടെ സെമസ്റ്റർ പരീക്ഷകൾ ആരംഭിച്ചു.

11 ലൂർദ്ദ്മാതാവിന്റെ തിരുനാൾ ആഘോഷിച്ചു.

12 രണ്ടും മൂന്നും വർഷ വൈദികവിദ്യാർത്ഥികളുടെ മോഡൽ പരീക്ഷകൾ ആരംഭിച്ചു.

15 വലിയ നോമ്പിന്റെ ആരംഭമായ വിഭൂതി തിരുനാൾ ദിനത്തിൽ ബഹു. റെക്ടർ ജോൺ പനച്ചിക്കലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഈ ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ചു.

\- സീറോ മലബാർ കൂരിയ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് സെമിനാരി സന്ദർശിച്ചു.

24 ഒന്നും നാലും വർഷ വൈദികവിദ്യാർത്ഥികളുടെ സെമസ്റ്റർ പരീക്ഷകൾ അവസാനിച്ചു.

26 രണ്ടും മൂന്നും വർഷ വൈദികവിദ്യാർത്ഥികളുടെ മോഡൽ പരീക്ഷകൾ അവസാനിച്ചു.

– അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിച്ച് വൈദികവിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി.

26–27 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം ബഹു. രാജേഷ് മരുതുക്കുന്നേലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

27 ഈ വർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കന്ന 4 വൈദികവിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. ഒപ്പം ഈ വർഷം റീജൻസി പൂർത്തിയാക്കുന്ന ബ്രദർ ടോണി വള്ളിയാംതടത്തിലിനു സെമിനാരി കുടുംബം നന്ദിയർപ്പിച്ചു.

28 ഒന്നും രണ്ടും നാലും വർഷ വൈദികവിദ്യാർത്ഥികളുടെ വേനലവധി ആരംഭിച്ചു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സന്ദർശനം : കേരള-കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന് കരുത്തുപകരാൻ, കരുതൽ - 2021**

കെ.സി.സി.ആർ.എസ്.ടി.യുടെ കാഞ്ഞിരപ്പള്ളി സോണൽ സന്ദർശനം 2021 മാർച്ച് മാസം 8-ാം തീയതി നടത്തപ്പെടുന്നതാണ്. സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 3.30 വരെ. സോണൽ സേവനസമിതി അംഗങ്ങൾ, സോണൽ മിനിസ്ട്രി - കൗൺസിൽ അംഗങ്ങൾ, സബ്സോൺ സേവനസമിതി അംഗങ്ങൾ, സോണിൽ നിന്നുമുള്ള കെ.എ.സി. അംഗങ്ങൾ, സെൻട്രൽ മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ, സബ് റീജിയൻ കൺവീനർമാർ എന്നിവർ ഫിസിക്കലായും ഒത്തുചേരുന്നു.

**യുവജനധ്യാനം**

2021 ഫെബ്രുവരി 5, 6, 7 തീയതികളിൽ നടത്തപ്പെട്ട മദ്ധ്യസ്ഥ പ്രാർത്ഥനാ സെൻട്രൽ ടീം KSC ഒരുക്കിയ ആൾ കേരള യുവജന ധ്യാനം - Zoom 2021 - ൽ കാഞ്ഞിരപ്പള്ളി സോണിൽ നിന്നും യുവജനങ്ങൾ സംബന്ധിച്ചു.

**എമ്മാവൂസ് തിരുമണിക്കൂർ നിത്യാരാധന**

2021 ഫെബ്രുവരി 1 മുതൽ മദ്ധ്യസ്ഥ പ്രാർത്ഥനാ സെൻട്രൽ ടീം എമ്മാവൂസ് നിത്യാരാധന കേന്ദ്രീകരിച്ച് നടത്തുന്ന ശുശ്രൂഷയിൽ കാഞ്ഞിരപ്പള്ളി സോൺ നേതൃത്വം നൽകുന്ന ഒരാഴ്ചത്തെ തിരുമണിക്കൂർ ആരാധന ഫെബ്രുവരി 22 മുതൽ ഫെബ്രുവരി 27 വരെ നടത്തപ്പെട്ടു. ഉച്ചയ്ക്ക് 12 മണി മുതൽ 1 മണിവരെയുള്ള സമയത്ത് ഏഴ് പേർ വീതം സംബന്ധിച്ചു.

**മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി**

സോൺ സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാ

ഴ്ചയും 4.30 p.m. മുതൽ 6.00 p.m. വരെ മദ്ധ്യസ്ഥപ്രാർത്ഥന കാഞ്ഞിരപ്പള്ളി രൂപതയ്ക്കുവേണ്ടി നടത്തിവരുന്നു. സബ്സോൺ തലത്തിലും മദ്ധ്യസ്ഥപ്രാർത്ഥന വിവിധ ദിവസങ്ങളിൽ നടത്തുന്നുണ്ട്.

**തൂവാനിസാ മിനിസ്ട്രി**

തൂവാനീസാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാലശുശ്രൂഷ ഭംഗിയായി നടത്തിവരുന്നു.

**ക്രിസ്റ്റീൻ മിനിസ്ട്രി**

03.02.2021 -ൽ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ കോർ ടീം സമ്മേളനം ബഹു. ആനിമേറ്റർ ഫാ. തോമസ് നരിപ്പാറയുടെയും, ഡയറക്ടർ മാത്യു ഓലിക്കലച്ചന്റെയും സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി. 13 പേർ സംബന്ധിച്ചു.

**ശാലോം നൈറ്റ് വിജിൽ**

ഫെബ്രുവരി മാസം ആദ്യവെള്ളിയാഴ്ച ശാലോം ടിവിയിൽ നൈറ്റ് വിജിൽ ശുശ്രൂഷകൾക്ക് ഡയറക്ടറച്ചൻ നേതൃത്വം നൽകി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധിയാളുകൾ ശുശ്രൂഷയിൽ പങ്കെടുത്തു.

**L.S.S. പ്രോഗ്രാം**

ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാറുകൾ, പരിശീലന ക്ലാസുകൾ ഇടുക്കി, കട്ടപ്പന, കാഞ്ഞിരപ്പള്ളി സോണുകൾക്ക് സംയുക്തമായി നടന്നുകൊണ്ടിരിക്കുന്നു. 8 ആഴ്ച നീണ്ടുനില്ക്കുന്ന പരിശീലനമാണ് നൽകുന്നത്. ഇടവക കേന്ദ്രീകൃതമായ ആത്മീയ ശൈലിയിലേക്കുള്ള വളർച്ചയാണ് നൽകപ്പെടുന്നത്. ശിഷ്യത്വധ്യാനവും ഇതോടൊപ്പം നടന്നുവരുന്നു.

**കുട്ടികൾക്കായി ആരാധനയും അനുരഞ്ജനകൂദാശയും**

നോമ്പുകാലത്തിൽ കുട്ടികളെ ഒരുക്കുവാനായി ക്രിസ്റ്റീൻ മിനിസ്ട്രിയുടെയും മിഷൻലീഗിന്റെയും ആഭിമുഖ്യത്തിൽ ഇടവകതലത്തിൽ കുട്ടികൾക്കായി ആരാധനയും അനുരഞ്ജനകൂദാശയും ക്രമീകരിച്ചിട്ടുണ്ട്. താത്പര്യമുള്ള ഇടവകകൾ ബന്ധപ്പെടേണ്ടതാണ്.

# ആവേ മരിയ റിട്രീറ്റ് സെന്റർ

പഴയകൊരട്ടി ആവേമരിയ നിത്യാരാധന ചാപ്പലിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ എല്ലാ ദിവസങ്ങളിലും നിത്യാരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

**രൂപതാകുടുംബം**

ഫെബ്രുവരി 4-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് മെത്രാഭിഷേകത്തിന്റെ 5-ാം വാർഷിക അനുസ്മരണവേളയിൽ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും നേർന്നു. അതുപോലെ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികത്തിന്റെയും പൗരോഹിത്യസുവർണ്ണജൂബിലിയുടെയും അനുസ്മരണ യോഗത്തിൽ സേവനസമിതിയുടെ പ്രാർത്ഥനാശംസകളും പങ്കാളിത്വവും നൽകുകയുണ്ടായി.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

ഫെബ്രുവരി 6ന് രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജിത്തു, ബ്ര. ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ശുശ്രൂഷകർക്കുള്ള ധ്യാനം**

മരിയൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർക്കായി ഫെബ്രുവരി 20ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1:30 വരെ ധ്യാനം നടന്നു. വിശുദ്ധ കുർബാനയ്ക്കും ആരാധനയ്ക്കും ഡോമിനിക്കച്ചൻ നേതൃത്വം നൽകി. ബഹു. ഫാ.തോമസ് അറയ്ക്കൽ, ബ്ര. ജോബിൻസ് ബ്ര. ജെയ്സൺ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ഏകദിന ധ്യാനം ഫെബ്രുവരി 2021**

ഫെബ്രുവരി 22,23,24,25 തീയതികളിലായി ഏകദിന ധ്യാനം ബഹുമാനപ്പെട്ട ഡോമിനിക് അച്ചന്റെ നേതൃത്വത്തിൽ നടത്തി. രാവിലെ 9 മുതൽ വൈകിട്ട് 3:30 വരെയായിരുന്നു ധ്യാനം. ഫാ. തോമസ് അറയ്ക്കൽ ശുശ്രൂഷകളിൽ സഹായിച്ചു.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

**ഓൺലൈൻ ശുശ്രൂഷ**

മരിയൻ ധ്യാനകേന്ദ്രത്തിലൂടെ ഓൺലൈനായി കുരിശിന്റെ വഴി, വി. കുർബാന, വചനശുശ്രൂഷ, ആരാധന എന്നിവ എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ നടന്നുകൊണ്ടിരിക്കുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ നേതൃത്വം നല്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്യുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**

# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- സമർപ്പിത ദിനത്തിൽ റവ. ഫാ. രാജേഷ് മരുതുക്കുന്നേൽ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ലോകം മുഴുവനിലും ഉള്ള സമർപ്പിതർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും അവരെ അനുസ്മരിക്കുകയും ചെയ്തു.

- പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി ഹൈറേഞ്ചിലെ ഏതാനും മഠങ്ങളിൽ കാനോനിക സന്ദർശനം നടത്തി.

- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷപരിപാടികൾ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തിയതിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി സംബന്ധിച്ചു.

- സി.എം.സി. സന്യാസിനീ സമൂഹത്തിന്റെ 155-ാം ജന്മദിനാഘോഷവും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷവും പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. സി.എം.സി. സന്യാസിനീ സമൂഹം സ്ഥാപിച്ചിട്ട് 155 വർഷം പൂർത്തിയാകുന്ന ഈ അവസരത്തിൽ സി.എം.സി. സിസ്റ്റേഴ്സ് തങ്ങളുടെ പ്രാർത്ഥനകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും സഭയ്ക്കും സഭാമക്കൾക്കും ലോകത്തിനും എന്നും ദൈവാനുഗ്രഹങ്ങൾ പകരുന്ന പ്രേഷിതരായിത്തീരുന്നു എന്ന് അനുസ്മരിച്ചു.

- ആലുവ സി.എം.സി. ജനറലേറ്റിൽ നിന്നും Webex meet-ലൂടെ നടത്തിയ സി.എം.സി. ഡേ ആഘോഷപരിപാടിയിൽ പോസ്റ്റുലൻസ് മാർഗ്ഗംകളി അവതരിപ്പിച്ചു.

- എഫ്.സി.സി. മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെർമ്മ യിന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലിയും സി. ലിസ്യുവും എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ പോയി അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു.

- ലോകരോഗീദിനമായ ഫെബ്രുവരി 11-ാം തീയതി സി.എം.സി. അമല പ്രോവിൻസിൽ ഹോസ്പിറ്റൽ മീറ്റ് നടത്തി. ഗൂഗിൾ മീറ്റ് വഴിയായി പ്രോവിൻസിലെ രോഗീശുശ്രൂഷയിൽ ഏർപ്പെട്ടിരി ക്കുന്ന എല്ലാ സിസ്റ്റേഴ്സിനെയും സംബന്ധിപ്പിക്കുന്നതിന് സാധി ച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി ഉദ്ഘാടനം നട ത്തി. Healing Ministry കൗൺസിലർ സി. ആനിസ്, പ്രൊവിൻഷ്യൽ സെക്രട്ടറി സി. കരുണ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗൂഗിൾ മീറ്റ് പരിപാടിയിൽ പരസ്പരം ആശംസകൾ അർപ്പിക്കു ന്നതിനും ചർച്ച നടത്തുന്നതിനും സാധിച്ചു.

- പ്രോവിൻസിലെ എല്ലാ ലോക്കൽ സുപ്പീരിയേഴ്സിനും വേണ്ടി യുള്ള വാർഷികധ്യാനം വള്ളക്കടവ് സ്നേഹസദനിൽ വച്ചു നടന്നു.

- കാഞ്ഞിരപ്പള്ളി മരിയൻ കൗൺസിലിംഗ് സെന്ററിന്റെ ബോർഡ് മീറ്റിം ഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി, സോഷ്യൽവർക്ക് കൗൺസിലർ സി. റ്റോംസി എന്നിവർ പങ്കെടുത്തു.

- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ സാരഥി യുടെ ടൗൺ കോണ്ടാക്ട് മൊബൈൽ ആപ്ലിക്കേഷൻ പ്രകാശന മീറ്റിംഗിൽ സാരഥിയുടെ ആനിമേറ്റേഴ്സ് ആയ സി. ജസ്മി, സി. റ്റെസിൻ മരിയ എന്നിവരും കാഞ്ഞിരപ്പള്ളി സാരഥി അംഗങ്ങ ളുടെ പ്രതിനിധികളും പങ്കെടുത്തു. പ്രസ്തുത പ്രോഗ്രാമിനു വേണ്ടി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി ഓൺലൈൻ സന്ദേശം നല്കി.

- കാഞ്ഞിരപ്പള്ളി മരിയൻ കൗൺസിലിംഗ് സെന്ററിൽ സോഷ്യൽ വെൽഫെയർ ബോർഡിൽ നിന്നുള്ള (Social Welfare Board) ഇൻസ്പെക്ഷൻ നടന്നു. സോഷ്യൽ വർക്ക് കൗൺസിലർ സി.

റ്റോംസി, കൗൺസിലർ സി. റ്റെസിൻ മരിയ എന്നിവർ വേണ്ട ക്രമീകരണങ്ങൾ നടത്തി.

- സോഷ്യൽവർക്ക് സെക്രട്ടറിയേറ്റും ലോറേഞ്ച് ആനിമേറ്റേഴ്സ് മീറ്റിംഗും സംയുക്തമായി പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തി. തദവസരത്തിൽ പി.ഡി.എസ്. പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് ക്ലാസ് നയിച്ചു.
- കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് ഫെബ്രുവരി ആദ്യ ചൊവ്വ മുതൽ എല്ലാ ചൊവ്വാഴ്ചയും സാരഥി മീറ്റിംഗ് സി. ജസ്മിയുടെ നേതൃത്വത്തിൽ നടത്തി.
- പൊടിമറ്റം കൃപാഓട്ടോഡ്രൈവർ സാബു ബംഗ്ലാവുപറമ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിൽ പോയി. സാരഥി അംഗങ്ങളും സിസ്റ്റേഴ്സും ആവശ്യമായ സാമ്പത്തികവും മറ്റു പലവിധ സഹായങ്ങളും ചെയ്തു കൊടുക്കുകയും ഭവനാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.
- സാരഥി സംസ്ഥാന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ തേയ്ക്കാനത്ത് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സാരഥി ടൗൺ കോൺടാക്ട് മൊബൈൽ ആപ്പിനെക്കുറിച്ചും അതിന്റെ ഗുണങ്ങളെക്കുറിച്ചും സംസാരിച്ചു.
- കോട്ടയം പൗരസ്ത്യവിദ്യാപീഠത്തിൽ നിന്നും സിസ്റ്റേഴ്സിനു വേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ രണ്ടു വർഷത്തെ ദൈവശാസ്ത്രപഠനത്തിൽ സംബന്ധിച്ച് വിജയികളായ 50 സിസ്റ്റേഴ്സിന് ഡിപ്ലോമ സർട്ടിഫിക്കറ്റ് നല്കുന്ന സമ്മേളനത്തിൽ പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. കോഴ്സ് ഡയറക്ടർ ആയിരുന്ന ടോണി മുരിയൻകാവിലച്ചനും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലിയും സിസ്റ്റേഴ്സിന് ആശംസകളർപ്പിക്കുകയും പ്രൊവിൻഷ്യൽ ഹൗസ് സമൂഹാംഗങ്ങൾ അവരെ ആദരിക്കുകയും ചെയ്തു.

- കാഞ്ഞിരപ്പള്ളി മരിയൻ കൗൺസിലിംഗ് സെന്ററിലെ കൗൺസിലേഴ്സായ സി. റ്റെസിൻ മരിയ സി.എം.സി., മിസ് പേളി എന്നിവർ 80 പേർക്ക് കൗൺസിലിംഗ് നല്കുകയുണ്ടായി.

- അമലാ സർവ്വീസ് സെന്ററിന്റെ സോഷ്യൽ വർക്ക് ഫണ്ടിൽ നിന്നും നിർധനരായ 20 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

- പൊടിമറ്റം സെന്റ് മേരീസ് ഇടവകകൂട്ടായ്മ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് പൊടിമറ്റം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. വികാരി റവ. മോൺ. ജോർജ് ആലുങ്കൽ, അസി. വികാരി റവ. ഫാ. കാർലോസ് കീരൻചിറ എന്നിവർ നേതൃത്വം വഹിച്ച മീറ്റിംഗിൽ വിവിധ സന്യാസസമൂഹങ്ങളിൽ നിന്നായി 35 സിസ്റ്റേഴ്സ് സംബന്ധിച്ചു.

- 2019-2020 വർഷത്തെ കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റിലെ ബെസ്റ്റ് സ്കൂളിനുള്ള ട്രോഫി നേടിയ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ജി.എച്ച്.എസ്., കണ്ണമ്പള്ളി സെന്റ് മാത്യൂസ് എൽ.പി.എസ്. സ്കൂളുകളുടെ സാരഥികളായ സി. ഡെയ്സ് മരിയ, സി. റാണിറ്റ എന്നിവർക്ക് അഭിനന്ദങ്ങൾ.

- വള്ളക്കടവ് സ്നേഹസദനെ ഏറെ സ്നേഹിക്കുകയും എല്ലാത്തരത്തിലും സഹായിക്കുകയും ഏറ്റവും അടുത്ത ഉപകാരിയും അയൽവാസിയും ആയിരുന്ന തോമസ് കുറുവന്താനത്തിന്റെ നിര്യാണത്തിൽ സിസ്റ്റേഴ്സ് ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും മൃതസംസ്ക്കാരശുശ്രൂഷയിൽ സംബന്ധിച്ച് ബന്ധുക്കളെ അനുശോചനം അറിയിക്കുകയും ചെയ്തു.

- പൊടിമറ്റം സെന്റ് മേരീസ് ഇടവകയിൽ കഴിഞ്ഞ ഒന്നരവർഷം അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്തതിനുശേഷം എരുമേലി ഇടവകയിലേക്ക് സ്ഥലംമാറിപ്പോയ ബഹു. റ്റിജോ കൊച്ചുതറയിൽ അച്ചന് പ്രൊവിൻഷ്യൽ ഹൗസിൽ കൃതജ്ഞതാനിർഭരമായ യാത്രയയപ്പ് നൽകി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- മദർ ജനറൽ ബഹുമാനപ്പെട്ട ആൻ ജോസഫ് അമ്മയുടെ നേതൃത്വത്തിൽ നടത്തിയ ജനറൽ പ്ലിനറി കൗൺസിൽ മീറ്റിംഗിലും തുടർന്നു നടന്ന ഫോർമേഷൻ മീറ്റിംഗിലും പ്രൊവിൻഷ്യൽ ബഹു. സി. അമല, സി. മെറിൻ, സി. ലില്ലി തെരേസ് എന്നിവർ പങ്കെടുത്തു.
- എഫ്.സി.സി. കുടുംബത്തിലേക്ക് ഈ വർഷം കടന്നുവന്ന കേരള പ്രൊവിൻസിലെ അർത്ഥിനികളെ മുട്ടുചിറ ഭനത്തിൽ ഒരുമിച്ചുകൂട്ടി ക്ലാസും ധ്യാനവും നല്കിയതിൽ സി. മെറിനും ആസ്പിരൻസും പങ്കെടുത്തു.
- മുണ്ടക്കയം എം.എം.റ്റി. ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ച ICU യൂണിറ്റിന്റെ ഉദ്ഘാടന പരിപാടികളിൽ പ്രൊവിൻഷ്യൽ ബഹു. സി. അമല പങ്കെടുത്തു.
- അസ്സീസി തുടർപരിശീലന കേന്ദ്രത്തിൽ പുതിയതായി വാങ്ങിയ കട്ടിംഗ്, സ്റ്റിച്ചിംഗ് മെഷീനുകൾ രൂപതാ വൈസ് ചാൻസിലർ റവ. ഡോ. ജോസഫ് മരുതുക്കുന്നേൽ ആശീർവദിച്ചു.
- കേരള റീജിയൻ മേജർ സപ്പീരിയേഴ്സിനായി KCMS സംഘടിപ്പിച്ച zoom മീറ്റിംഗിൽ ബഹു. സി. അലീസിയ പങ്കെടുത്തു.
- ചോറ്റി അസ്സീസി ഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന കാഞ്ഞിരപ്പള്ളി സെന്റ് തോമസ് പ്രൊവിൻസിന്റെ ആദ്യകാല ശില്പിയും പ്രൊവിൻഷ്യലുമായിരുന്ന ബഹു. ജർമ്മേനാമ്മ 2021 ഫെബ്രുവരി 14-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.
- ഇരിങ്ങാലക്കുട മുനിപ്പാറ ആശ്രമത്തിൽ വച്ച് ജനറൽ തലത്തിൽ നടത്തിയ 2 ആഴ്ചത്തെ ധ്യാനത്തിലും കോഴ്സിലും ബഹു. സി. ജൂലിയും രണ്ടാം വർഷ നോവിസസും പങ്കെടുത്തു.
- 30 വർഷത്തെ അധ്യാപനശുശ്രൂഷയ്ക്ക് ശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന സി. അൽഫോൻസ കൊന്നയ്ക്കലിന് എരു

മേലി മഠത്തിൽ നല്കിയ അനുമോദന സമ്മേളനത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, ബഹു. സി. ജോസി ട്രീസാ എന്നിവർ ആശംസകൾ അർപ്പിച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- വിശുദ്ധ യൗസേപ്പുപിതാവിന്റെ വർഷാചരണത്തോട് അനുബന്ധിച്ച് പരി. ഫ്രാൻസിസ് മാർപ്പാപ്പയുടെ അപ്പസ്തോലിക ലേഖനമായ 'പിതൃഹൃദയത്തോടെ' എന്ന വിഷയത്തെയും വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അപ്പസ്തോലിക ഉദ്ബോധനമായ 'രക്ഷകന്റെ പാലകൻ' എന്ന ലേഖനത്തെയും ആസ്പദമാക്കി ബഹു. തോമസ് നിരപ്പേലച്ചൻ നടത്തിയ വെബിനാറിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു. തദവസരത്തിൽ മാർ ജോസ് പുളിക്കൽ പിതാവിന്റെ ഉദ്ബോധനപ്രകാരം വിവിധ കർമ്മപദ്ധതികൾക്ക് രൂപം നൽകി.

- കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ വച്ച് നടന്ന ബഹു. സേവ്യർ കൂടപ്പുഴയച്ചന്റെ പൗരോഹിത്യസ്വീകരണ 60-ാം വാർഷിക ആഘോഷപരിപാടിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെ, കൗൺസിലർ സി. റ്റിൻസി വരകുകാല, സി. ട്രീസ പറപ്പള്ളിൽ എന്നിവർ സംബന്ധിച്ചു.

- സന്ന്യാസസമർപ്പണത്തിന്റെ 25 വർഷം പൂർത്തിയാക്കി സിൽവർ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സ് അണക്കര മരിയൻ റിട്രീറ്റ് സെന്ററിൽ 15 ദിവസത്തെ ധ്യാനം നടത്തി.

- പൗരോഹിത്യ സ്വീകരണവും നവപൂജാർപ്പണവും നടത്തിയ ഫാ. സാവിയോ കുരീക്കാട്ട് MCBS പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ബഹു. പ്രൊവിൻഷ്യലമ്മ അച്ചന് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

- മേജർ സുപ്പീരിയേഴ്സിനായി K.C.M.S. നടത്തിയ Online Zoom മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെ സംബന്ധിച്ചു.

- സന്ന്യാസസമർപ്പണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഇടക്കുന്നം മേരിമാതാ പ്രിൻസിപ്പൽ സി. ലിറ്റിൽ റോസ് കിളിരൂപ്പറമ്പിലിന് ആശംസകളർപ്പിക്കാൻ നടത്തിയ ചടങ്ങിൽ ബഹു. പ്രൊവിൻഷ്യാളമ്മ സംബന്ധിച്ച് ആശംസകൾ നേർന്നു.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയും, മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികവും സംയുക്തമായി ആഘോഷിച്ച ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെ സംബന്ധിച്ചു.
- തൊടുപുഴ നിർമ്മലാഭവനിൽ നടക്കുന്ന 'ആത്മരക്ഷ' കോഴ്സിൽ സംബന്ധിക്കുന്ന സിസ്റ്റേഴ്സിനെ ബഹു. പ്രൊവിൻഷ്യാളമ്മയും വികർ പ്രൊവിൻഷ്യൽ സി. ആൻസി ചെറുശ്ശേരിയും സന്ദർശിച്ച് ക്ഷേമാന്വേഷണങ്ങൾ നടത്തി.
- ഭാരതീയർ യൂണിവേഴ്സിറ്റി 39th formation day - സമ്മേളനത്തിൽ വച്ച് Department of Computer Application രംഗത്ത് Valuable Contribution നൽകിയ Ph.D Scholar സി. റെജീന വേങ്ങല്ലൂരിന് Appreciation award നൽകി ആദരിച്ചു. സി. റെജീനക്ക് അനുമോദനങ്ങൾ.
- പ്രൊവിൻസ് തല Vocation Promotors and Eucharistic Centre leaders zoom meeting പ്രൊവിൻഷ്യൽ കൗൺസിലർ സി. ദീപ്തി പച്ചിലംകാട്ടിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.
- സംസ്ഥാന കൃഷിവകുപ്പിന്റെ 'ഇൻസ്റ്റിറ്റ്യൂഷണൽ ഗാർഡനിംഗ്' എന്ന പദ്ധതിയുടെ കീഴിൽ നടപ്പാക്കിയ 'അങ്കുരം' എന്ന സ്കൂൾ പ്രൊജക്ട് ഇടക്കുന്നം മേരി മാതാ പബ്ലിക്ക് സ്കൂൾ ജില്ലയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.
- ഇടക്കുന്നം മേരി മാതാ പബ്ലിക് സ്കൂളിൽ 'സ്കൂൾ റേഡിയോ ബീറ്റ്സ്@മേരി മാതാ 21.02' പദ്ധതിക്ക് തുടക്കം കുറിച്ചു. സ്കൂൾ റേഡിയോയുടെ അവതരണഗാനം ഡി.സി.എൽ ഡയറക്ടർ റവ. ഫാ. റോയി കണ്ണംചിറ പുറത്തിറക്കി. ഉദ്ഘാടന സമ്മേളനത്തിൽ സ്കൂൾ മാനേജർ മദർ അമല കിടങ്ങത്താഴെ സംബന്ധിച്ച് ആശംസകളർപ്പിച്ചു.

- സാമൂഹ്യ സേവനഡിപ്പാർട്ട്മെന്റിൽ നിന്നും ഭവനനിർമ്മാണം, ചികിത്സാസഹായം, പഠനം, സുവിശേഷവത്ക്കരണം എന്നീ ഇന ങ്ങൾക്കായി 9,79,270/- രൂപ ചിലവഴിച്ചു.
- കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സംഘടിപ്പിച്ച ഓൺലൈൻ വിദ്യാഭ്യാസ വെബിനാറിൽ പ്രൊവിൻഷ്യൽ സുപ്പീ രിയർ സി. അമല കിടങ്ങത്താഴെ, വിദ്യാഭ്യാസ കൗൺസിലർ സി. മെർളിൻ കാഞ്ഞിരത്തിങ്കൽ എന്നിവർ സംബന്ധിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- കാക്കനാട് സെന്റ് തോമസ് മൗണ്ടിലെ ചാൻസലർ, പെരിയ ബഹുമാനപ്പെട്ട വിൻസെന്റ് ചെറുവത്തൂരും കൂരിയയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്യുന്ന വൈദീകരും, ബഹുമാനപ്പെട്ട ജെയിംസ് പുലിയുറുമ്പിൽ അച്ചന്റെ നേതൃത്വത്തിൽ കട്ടപ്പന ജനറലേറ്റ് ഭവനം സന്ദർശിച്ചു.
- കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് മേജർ സുപ്പീരി യേഴ്സിനു നടത്തിയ സൂം (Zoom) മീറ്റിംഗിൽ സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തോമസ് പങ്കെടുത്തു
- കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വച്ച് നടത്തിയ ബിഷപ്പ് എമരിറ്റസ് മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ റവ. സിസ്റ്റർ മേഴ്സി തോമസ് പങ്കെടുത്തു .
- കട്ടപ്പന ജനറലേറ്റിൽ വച്ച് സിസ്റ്റേഴ്സിന്റെ ഗാതറിംഗ് (Gathering) നടത്തി, റവ. ഫാ. റോബിൻ വട്ടത്തറ ക്ലാസുകൾ നയിച്ചു.
- സിസ്റ്റർ മെറിൻ മാത്യു, ബാംഗ്ലൂർ സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും ഡിസ്റ്റിങ്ങ്ഷ നോടു കൂടി MSC നേഴ്സിംഗ് പാസ്സായി. ബാംഗ്ലൂർ സെന്റ് ജോൺസ് അക്കാദമിയിൽ നടത്തിയ ഗ്രാജുവേഷൻ ചടങ്ങിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

- സിസ്റ്റേഴ്സിന്റെ ആദ്യ ബാച്ച് വാർഷിക ധ്യാനം കട്ടപ്പന ജനറലേറ്റിൽ വച്ച് നടത്തി, ബഹുമാനപ്പെട്ട ഫാ. അലക്സ് CSsR ധ്യാനം നയിച്ചു.
- സിസ്റ്റേഴ്സ്, കൊറോണ മൂലം ദുരിതം അനുഭവിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ നൽകി.
- പൊടിമറ്റം നോവിഷ്യേറ്റ് ഭവനത്തിൽ വച്ച് നോവിസസിന്റെ പേരന്റ്സ് മീറ്റ് നടത്തി.
- സിസ്റ്റർ ലിസ് മരിയ, സിസ്റ്റർ ലിൻസി തെരേസ് എന്നിവർ കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിൽ സേവനം ആരംഭിച്ചു.
- കട്ടപ്പന ജനറലേറ്റിൽ വച്ച് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ചു

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- മേരികുളത്തുവച്ച് നടത്തിയ സി. റോസ് റ്റോമിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- വിഭൂതിത്തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.
- അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് സ്നേഹാന്വേഷണം നടത്തി.
- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സി. മേരി ഫിലിപ്പ് മിഷനിലുള്ള സഹോദരിമാരെ സന്ദർശിക്കുന്നതിനായി നാസിക്കിനു പോയി.
- ഏദൻ: കൂവപ്പള്ളി ബാലികാ ഭവനിൽ ഒരു മത്സ്യകുളം നിർമിച്ചു മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ചു.
- തിരുഹൃദയ സ്വയാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വരുമാനദായക പരിപാടിയുടെ ഭാഗമായി 700 എൽ.ഇ.ഡി ബൾബുകളും 1000 സോപ്പുകളും വില്പനയ്ക്കായി വാങ്ങി നൽകി.

- ദർശൻ: കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സിലെ കുട്ടികൾക്കായി പോസിറ്റീവ് തിങ്കിങ് എന്ന വിഷയത്തിൽ ശ്രീ. രഞ്ജിത് മുക്കുങ്കൽ ക്ലാസ് നയിച്ചു.
- ബാറാക്ക: വരുമാനദായക പദ്ധതിയുടെ ഭാഗമായി 400 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.
- മോചന: മദ്യവിമുക്തരായവരുടെ രഹസ്യ കൂട്ടായ്മ പുനരാരംഭിച്ചു. സി. അൽഫി, സെന്റ് ജോൺസ് ഹോസ്പിറ്റൽ കട്ടപ്പന, ക്ലാസ് നയിച്ചു.
- കാരുണ്യഭവൻ: ചെങ്കല്ലിൽ രണ്ടു വീടുകളുടെയും മുണ്ടക്കയത്ത് ഒരു വീടിന്റെയും പണികൾ ആരംഭിച്ചു.
- സാഫല്യ സ്പെഷ്യൽ പ്രൊജക്റ്റ്: ഡി.സി.എം.സ്-മായി സഹകരിച്ചു ദളിത് കുട്ടികളുടെ ഉന്നമനം ലക്ഷ്യം വെച്ച് 30 കുട്ടികൾക്കായി സ്പെഷ്യൽ പ്രൊജക്റ്റ് ആരംഭിച്ചു. രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പദ്ധതിയുടെ ഉത്ഘാടനം നിർവഹിച്ചു.

---

## സ്നേഹസ്മരണയ്ക്ക്



**സി. ജെർമ്മയിൻ പൊരിയത്ത് FCC**

| | |
|---|---|
| ജനനം | : 02.02.1936 |
| ആദ്യവ്രതം | : 22.04.1956 |
| നിത്യവ്രതം | : 22.04.1959 |
| മരണം | : 14.02.2021 |



**സി. വിജയ കിഴക്കേത്തലയ്ക്കൽ SABS**

| | |
|---|---|
| ജനനം | : 15.12.1942 |
| ആദ്യവ്രതം | : 25.04.1962 |
| നിത്യവ്രതം | : 24.05.1966 |
| മരണം | : 21.02.2021 |

# കെ.സി.എസ്.എൽ.

**കെ.സി.എസ്.എൽ. മെഗാ ക്വിസ്**

ഫെബ്രുവരി 14-ാം തീയതി വൈകിട്ട് 4 മുതൽ 5 വരെയുള്ള സമയത്തിൽ 90 ചോദ്യങ്ങൾ അടങ്ങിയ കെ.സി.എസ്.എൽ മെഗാ ക്വിസിന്റെ ആദ്യ ഘട്ടം നടത്തപ്പെട്ടു. സെക്ഷൻ രണ്ടിൽ (ക്ലാസ്സ് 11-12) മത്സരാർത്ഥികൾ കുറവായതിനാൽ, രണ്ടാം സെക്ഷൻ അടുത്ത ഘട്ടം ഉണ്ടായിരിക്കുകയില്ല.

**Section 2**

First – Liza Mariam George (80/90)
Std 11, St. Dominic's HSS Kanjirapally

Second – Liya Treesa George (79/90)
Std 11, St. Dominic's HSS Kanjirapally

Third – Delna Joy (64/90)
Std 11,St. Dominic's HSS Kanjirapally

Consolation Prizes

- Aleena Joseph, Std 11,
St. Dominic's HSS Kanjirapally (49/90)

Snehamol Chacko (44/90)
Std 12, GHSS, Anakkara

**Declamation Competition (English)**

ഇംഗ്ലീഷ് ഡിക്ലമേഷൻ മത്സരത്തിലെ വിജയികൾ.

**Section 1**

First - Alphonsa Annie Philip
Std 5, St. Thomas HS, Anickadu

Second - Mariet Sunny
Std 6, St. Dominic's HSS, Kanjirapally

- Diya Rose Devasia
Std 6, AKM UP School, Kochera

Third - Aimy Therese Tony
Std 5, St. Mary's GHS Kanjirapally

Dona Jens
Std 7, Sacred Heart School Chengalam

Consolation Prize

- Dittymol Mathew
Std 7, St. Mary's School, Angelvalley

Sarah Mariam Shinto
Std 7, St. Mary's School, Angelvalley

**Section 2**

First - Ann Maria Francis
Std 9, St. George HSS Kattapanna

Consolation Prize

- Riya Nis Martin
Std 8, St. Mary's GHS, Kanjirapally

**Section 3**

First - Snehamol Chacko
Std 12, GHSS Anakkara

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

### പ്രവർത്തക സംഗമം

കത്തോലിക്കാ കോൺഗ്രസ് എലിക്കുളം ഇൻഫന്റ് ജീസസ് യൂണിറ്റ് പ്രവർത്തകസംഗമവും മെമ്പർഷിപ്പ് കാമ്പയിനും വികാരി ഫാ. ജസ്റ്റിൻ പഴേപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, ജിമ്മിച്ചൻ മണ്ഡപത്തിൽ, ജോയിച്ചൻ കൊച്ചീറ്റത്തോട്ട്, ജോമിച്ചൻ തെക്കേക്കുറ്റ്, സെൽവി വിത്സൻ എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി ജോയിച്ചൻ കൊച്ചീറ്റത്തോട്ട് (പ്രസിഡന്റ്) ജോമിച്ചൻ തെക്കേക്കുറ്റ് (സെക്രട്ടറി), മാത്യു ആന്റണി (ട്രഷറർ), മാത്യു ജേക്കബ് വാണിയപ്പുരയ്ക്കൽ, സെൽവി വിത്സൻ (വൈസ് പ്രസിഡന്റുമാർ) എന്നിവരെ തിരഞ്ഞെടുത്തു.

### എരുമേലി ഫൊറോന സംഗമം

കത്തോലിക്കാ കോൺഗ്രസ് എരുമേലി ഫൊറോനാസംഗമം 17.01.2021 – ൽ ഫൊറോന കോ-ഓർഡിനേറ്റർ ടോമിച്ചൻ പാലക്കുടിയുടെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, ജോസ് ജെ. വെട്ടിക്കാട്ട് എന്നിവർ പ്രസംഗിച്ചു. മാത്യൂസ് വെട്ടുകല്ലാംകുഴി, ഷിജോ തോണിയാങ്കൽ, ജോർജ് ആലപ്പാട്ട് എന്നിവർ കോ-ഓർഡിനേറ്റർമാരായി ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചു.

### അനുസ്മരണ സമ്മേളനം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ അന്തരിച്ച തലശ്ശേരി അതിരൂപതാ പ്രസിഡന്റ് ദേവസ്യ

കൊങ്ങോല അനുസ്മരണസമ്മേളനം 23.01.2021 ശനിയാഴ്ച തൊടുപുഴ ടൗൺപള്ളി പാരീഷ്ഹാളിൽ നടത്തി. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപതാ സമിതിയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ പങ്കെടുത്തു.

**കാരികുളം യൂണിറ്റ്**

കാരികുളം ഫാത്തിമാ മാതാ യൂണിറ്റ് യോഗം 24.01.2021 ൽ വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. പുതിയ അംഗങ്ങൾക്ക് യോഗത്തിൽ അംഗത്വവിതരണം നടത്തി. 2021-23 വർഷത്തെ ഭാരവാഹികളായി ജോബിൻ തോമസ് (പ്രസിഡന്റ്), ജോണിക്കുട്ടി കെ.വി. (സെക്രട്ടറി), ജോർജ് സെബാസ്റ്റ്യൻ (ട്രഷറർ) എന്നിവരടങ്ങുന്ന ഭരണസമിതിയെ തിരഞ്ഞെടുത്തു.

**പഴയിടം യൂണിറ്റ്**

പഴയിടം സെന്റ് മൈക്കിൾസ് ഇടവകയിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് 24.01.2021 ൽ തുടക്കം കുറിച്ചു. വികാരി ഫാ. ജോസഫ് പാലത്തിങ്കലിന്റെ അദ്ധ്യക്ഷതയിൽ രൂപതാഡയറക്ടർ ഫാ. മാത്യു പാലക്കുടി, പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ, പോൾ ആന്റണി തോമ്പുന്നയിൽ എന്നിവർ പ്രസംഗിച്ചു. മെമ്പർഷിപ്പ് വിതരണം നടന്നുവരുന്നു.

**മാങ്ങാപ്പാറ യൂണിറ്റ്**

മാങ്ങാപ്പാറ നിത്യസഹായമാതാ ഇടവകയിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. സിബി കുരിശുംമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാപ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. 2021-23 വർഷത്തെ ഭാരവാഹികളായി ജോ പന്തലാനിക്കൽ (പ്രസിഡന്റ്), പ്രിൻസ് ജോസഫ് വെട്ടത്ത് (സെക്രട്ടറി), ജിജോ പി. സ്റ്റീഫൻ (ട്രഷറർ), സിനോയ് ജോസഫ് വെച്ചൂർ, ഷൈനി മാത്യു (വൈസ് പ്രസിഡന്റുമാർ), എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

## റാന്നി യൂണിറ്റ്

റാന്നി ഇൻഫന്റ് ജീസസ് ഫൊറോന യൂണിറ്റ് യോഗം വികാരി ഫാ. കുര്യാക്കോസ് അമ്പഴത്തിനാൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജിൻസ് പള്ളിക്കമ്യാലിൽ, രൂപതാ വൈസ് പ്രസിഡന്റ് രാജു കൂവനാൽ, യൂണിറ്റ് പ്രസിഡന്റ് തോമസ് മാത്യു ഈരൂരിക്കൽ, സെക്രട്ടറി വക്കച്ചൻ വാക്കയിൽ എന്നിവർ പ്രസംഗിച്ചു.

## അമരാവതി യൂണിറ്റ്

അമരാവതി സെന്റ് ജോസഫ്സ് ഇടവകയിലെ കത്തോലിക്ക കോൺഗ്രസ് അംഗത്വവിതരണവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 31.01.2021 ൽ വികാരി ഫാ. ജേക്കബ് തൈശ്ശേരിൽ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ഷാജി മങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി സേവ്യർ വളയത്തിൽ (പ്രസിഡന്റ്), ബിജു ജെയിംസ് കല്ലുകളം (സെക്രട്ടറി), ജോസുകുട്ടി ഏറത്തേൽ (ട്രഷറർ), ഷാജി മങ്ങാട്ട് (രൂപതാ പ്രതിനിധി), ജോർജ് വെട്ടുകല്ലേൽ (വൈസ് പ്രസിഡന്റ്) എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

## ഇളങ്ങോയി യൂണിറ്റ്

ഇളങ്ങോയി മാർസ്ലീവാ ഇടവകയിൽ 31.01.2021 –ൽ പ്രസിഡന്റ് ജോസഫ് ലൂക്കോസ് വിമലഭവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് യോഗം വികാരി ഫാ. ജോർജ് പുല്ലാന്തനാൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, ബിജു തോമസ് ആലപ്പുരയ്ക്കൽ, ടിന്റു തോമസ് വിറകൊടിയനാൽ, ജെയ്മോൻ കുരിശുംമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി ടിന്റു തോമസ് വിറകൊടിയനാൽ (പ്രസിഡന്റ്), ജേക്കബ് സി. മാത്യു ചെരിപുറം (സെക്രട്ടറി), ജെയ്മോൻ കുര്യാക്കോസ് കുരിശുംമൂട്ടിൽ (ട്രഷറർ), ജോസ് ജോസഫ് നരിതൂക്കിൽ, വത്സമ്മ ആന്റണി പഴയവീട്ടിൽ (വൈസ് പ്രസിഡന്റുമാർ), ബിജു തോമസ് ആലപ്പുരയ്ക്കൽ (രൂപതാ പ്രതിനിധി) എന്നിവരെ തിരഞ്ഞെടുത്തു.

**രൂപതാ സമിതിയോഗം**

കത്തോലിക്ക കോൺഗ്രസ് രൂപതാ ഭാരവാഹികളുടെയും ഫൊറോന പ്രസിഡന്റുമാരുടെയും യോഗം 05.02.2021 ൽ രൂപതാ ഓഫീസിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു 2021-23 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹി തിരഞ്ഞെടുപ്പിനുള്ള ഇലക്ഷൻ ചട്ടങ്ങളും അനുബന്ധരേഖകളും യോഗത്തിൽ മുഖ്യവരണാധികാരി അഡ്വ. സോണി തോമസിന് രൂപതാ ഡയറക്ടർ കൈമാറി.

**ഉപഹാരം നൽകി**

കേരള നിയമസഭയുടെ പാർലമെന്ററി കാര്യവിഭാഗം സംഘടിപ്പിച്ച മോഡൽ യൂത്ത് പാർലമെന്റ് മത്സരത്തിൽ മികച്ച പാർലമെന്റേറിയനായി തിരഞ്ഞെടുക്കപ്പെട്ട കൊല്ലമുള ഇടവകാംഗം അലീന കാതറിൻ ബിജുവിന് കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതി ഉപഹാരം നൽകി ആദരിച്ചു. വികാരി ഫാ. സോണി മണക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഉപഹാരം നൽകി.

**എരുത്വാപ്പുഴ യൂണിറ്റ്**

എരുത്വാപ്പുഴ ഇൻഫന്റ് ജീസസ് ഇടവകയിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. റെജി തൊമ്മിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായി കെ.കെ. ബേബി കണ്ടത്തിൽ (പ്രസിഡന്റ്), തോമസ് പതിപ്പള്ളി, ജെസി കാവാലംപുതുപ്പറമ്പിൽ (വൈസ് പ്രസിഡന്റുമാർ), എബി കൊച്ചുമാണിക്കുന്നേൽ (സെക്രട്ടറി), ബാബു അമ്മനത്ത് (ട്രഷറർ), സെലിൻ പെരുമ്പ്രായിൽ (ജോ. സെക്രട്ടറി), ഷിജോ ജോൺ തോണിയാങ്കൽ (രൂപതാ പ്രതിനിധി എന്നിവരടങ്ങുന്ന 15 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ച സി.ടി. സ്കാൻ യൂണിറ്റിന്റെ വെഞ്ചരിപ്പുകർമ്മം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിച്ചു.

നമ്മുടെ നാട്ടിൽ അടുത്തകാലത്തായി രോഗനിർണ്ണയത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒന്നാണ് സി.ടി. സ്കാൻ അഥവാ കമ്പ്യൂട്ടറൈസ്ഡ് ടോമോഗ്രാഫി. എക്സ്-റേയുടെ കണ്ടുപിടിത്തത്തോടുകൂടി ശരീരത്തിനുള്ളിലെ എല്ലുകൾക്ക് സംഭവിച്ച വൈകല്യങ്ങളും പൊട്ടലുകളും മറ്റും കണ്ടെത്താൻ പറ്റുമായിരുന്നെങ്കിലും അതിന് പല ന്യൂനതകളും ഉണ്ടായിരുന്നു. എക്സ്റേയിൽ ഒരു കോണിൽ നിന്നുള്ള ചിത്രമാണ് കിട്ടുന്നതെങ്കിൽ സി.ടി.സ്കാനിൽ 360 ഡിഗ്രിയിലുള്ള അഥവാ വ്യത്യസ്ത കോണുകളിൽ നിന്നും എക്സ്-റേ ചിത്രം നമുക്ക് ലഭിക്കുന്നു. രോഗനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കാൻ ഇത് ഉപകരിക്കുന്നു.

അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഏറ്റവും നവീന സിമൻസിന്റെ 32 സ്ലൈഡ് സി.ടി. സ്കാൻ യൂണിറ്റാണ് ഹോസ്പിറ്റലിൽ ആരംഭിച്ചിരിക്കുന്നത്. പരിചയസമ്പന്നരായ റേഡിയോളജിസ്റ്റിന്റെയും ടെക്നീഷന്റെയും സേവനവും ഹോസ്പിറ്റലിൽ ലഭ്യമാണ്. രോഗികൾക്ക് 24 മണിക്കൂറും ഈ സേവനം ലഭ്യമാണ്.

വെഞ്ചരിപ്പ് കർമ്മത്തിൽ വികാരി ജനറാൾമാരായ റവ. ഫാ. ജോസഫ് വെള്ളമറ്റം, റഫ. ഫാ. ബോബി മണ്ണംപ്ലാക്കൽ, ജനറൽ കൗൺസിലർ സെന്റ് ജോൺ ഓഫ് ഗോഡ് റവ. ബ്രദർ വിൻസെന്റ് കൊച്ചുകുന്നേൽ, വ്യാകുലമാതാ ഫൊറോന വികാരി ഫാ. ജോസ് മാത്യു പറപ്പള്ളിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ കെ.ടി. ബിനു, വാർഡ് മെമ്പർ വി.എൻ. ജാൻസി, ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

## നവീകരിച്ച ഐ.സി.യു.വിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ നവീകരിച്ച ഐ.സി.യു.വിന്റെ വെഞ്ചരിപ്പ് കർമ്മം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ നിർവഹിച്ചു.

രണ്ട് ബ്ലോക്കുകളിലായി നവീകരിച്ച ഐ.സി.യു. യൂണിറ്റിൽ ആറ് ബെഡ്ഡുകളാണുള്ളത്. കൂടുതൽ വെന്റിലേറ്ററുകൾ, മോണിററുകൾ, മറ്റ് അത്യാധുനിക സൗകര്യങ്ങളും ഐ.സി.യു.വിൽ ലഭ്യമാണ്. പരിചയസമ്പന്നരായ ഡോക്ടേഴ്സിന്റെയും നേഴ്സുമാരുടെയും സേവനം ഐ.സി.യു.വിൽ ലഭ്യമാണ്.

## HANDS (Humanitarian Aid Network for Dialysis Sector) ലോഗോ പ്രകാശനം ചെയ്തു

നിർദ്ധനരായ ഡയാലിസിസ് രോഗികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഹോസ്പിറ്റലിൽ ആരംഭിച്ച HANDS എന്ന പദ്ധതിയുടെ ലോഗോ പ്രകാശനം കാഞ്ഞിരപ്പള്ളി രൂപതാവികാരി ജനറാൾ റവ. ഫാ. ജോസഫ് വെള്ളമറ്റം നിർവ്വഹിച്ചു.

വിട്ടുമാറാത്ത വൃക്കരോഗം ബാധിച്ച് ഡയാലിസിസ് എന്ന പ്രക്രിയയിലൂടെ മാത്രം ജീവിതം നിലനിർത്താൻ സാധിക്കുന്ന ആളുകൾക്ക് സൗജന്യ ഡയാലിസിസ് നൽകുവാൻ സന്നദ്ധമാവുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെയൊരു പദ്ധതിക്ക് തുടക്കം ഇട്ടത്.

വളരെ ചിലവേറിയ ഒരു ചികിത്സാപ്രക്രിയയാണ് ഡയാലിസിസ്. അതിനാൽ തന്നെ ശാരീരിക ബുദ്ധിമുട്ടുകൾക്കുപുറമേ രോഗിയും കുടുംബാംഗങ്ങളും മാനസികമായും സാമ്പത്തികമായും വളരെയേറെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുന്നു. ഇതിനൊരു പരിഹാരമായാണ് HANDS എന്ന പദ്ധതി ആവിഷ്ക്കരിച്ചത്.

ആഴ്ചയിൽ മൂന്ന് ഡയാലിസിസ് ചെയ്യേണ്ട ഒരു ഡയാലിസിസ് രോഗിക്ക് മാസത്തിൽ ഏകദേശം 12000 രൂപ ചിലവ് വരും. അതുകൂടാതെ അത്രയും തന്നെ ഈ മരുന്നുകൾക്ക് ചിലവാകുന്നുണ്ട്. ഇതു കൂടാതെ യാത്രാചെലവുകൾക്കും നല്ലൊരു തുക വരുന്നുണ്ട്.

നമുക്കു വരുന്ന 43 രോഗികളിൽ 30 പേരോളം വളരെയേറെ

സാമ്പത്തികബുദ്ധിമുട്ടുകൾ സഹിക്കുന്നവരാണ്. ഇതിൽ 10 പേരെ 100% സൗജന്യമായിട്ടാണ് ഡയാലിസിസ് ചെയ്തുവരുന്നത്. ബാക്കിയുള്ളവരിൽ നിന്ന് ചെറിയ തുക മാത്രമാണ് ഈടാക്കുന്നത്.

സുമനസ്സുകളുടെ സഹായത്താൽ മാത്രമാണ് നമുക്ക് ഇത് സാധ്യമാക്കാൻ കഴിയുന്നത്. നമ്മളാൽ കഴിയുന്ന ഒരു തുക എല്ലാ മാസവും സ്വരൂപിച്ച് നൽകുന്നതിലൂടെ ഡയാലിസിസ് പ്രക്രിയയ്ക്കായി വരുന്ന രോഗികൾക്ക് ഒരു ആശ്വാസമായി മാറാൻ സാധിക്കും. ഈ പദ്ധതിയിലൂടെ ചെറിയ കുടുക്കകൾ വീടുകളിലും കടകളിലും നൽകിവരുന്നുണ്ട്. ഇത്തരം കുടുക്കകളിലൂടെ ലഭിക്കുന്ന തുകകൾ ഈ ഒരു ഉദ്യമത്തിന് സഹായകമാകും.

**നവീകരിച്ച വെബ്സൈറ്റ് പ്രകാശനം ചെയ്തു**

ഹോസ്പിറ്റലിന്റെ സേവനങ്ങളും പ്രവർത്തനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ നവീകരിച്ച ഹോസ്പിറ്റൽ വെബ്സൈറ്റ് എം.എം.റ്റി. ഹോസ്പിറ്റൽ സൊസൈറ്റിയുടെ പ്രസിഡന്റ് റവ. ഫാ. ബോബി മണ്ണംപ്ലാക്കൽ നിർവ്വഹിച്ചു. ഹോസ്പിറ്റലിനുവേണ്ടി വെബ്സൈറ്റ് നിർമ്മിച്ച ക്രിവ്ലാബ്സ് എന്ന കമ്പനിയുടെ എം.ഡി. ശ്രീ. സാജൻ പാപ്പച്ചൻ, മെർളിൻ സാജൻ എന്നിവർ സന്നിഹിതരായിരുന്നു.

**ഹോസ്പിറ്റൽ സ്റ്റാഫ് അംഗങ്ങൾക്കായി ക്ലാസ് നടത്തപ്പെട്ടു**

ഹോസ്പിറ്റലിന്റെ വളർച്ചയിലും രോഗീപരിചരണത്തിലെ കാര്യക്ഷമതയിലും സ്റ്റാഫ് എങ്ങനെ കൂടുതൽ മികവുള്ളവരാകാം എന്ന ലക്ഷ്യത്തോടെ ആത്മ സാക്ഷാത്ക്കാരം എന്ന വിഷയത്തിൽ കോരുത്തോട് സെന്റ് ജോർജ് പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. തോമസ് കണ്ടപ്ലാക്കൽ ക്ലാസുകൾ നയിച്ചു.

എം.എം.റ്റി. സ്കൂൾ ലൈബ്രറി ഹാളിൽ 19, 20 തീയതികളിലായി നടന്ന ക്ലാസിൽ ഹോസ്പിറ്റലിലെ 150 സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഫെബ്രുവരി 3-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് അഞ്ചിലിപ്പ ഇടവകയിൽ ഡി.സി.എം.എസ്.-ന്റെ നേതൃത്വത്തിൽ അഞ്ചിലിപ്പ ഇടവകയുടെയും കാഞ്ഞിരപ്പള്ളി വിൻസെന്റ് ഡി പോൾ, P.C. യുടെയും സഹകരണത്തിൽ പണികഴിപ്പിച്ച പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തി. കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിനെയും സ്നേഹപൂർവ്വം ഓർക്കുന്നു. വെഞ്ചരിപ്പ് കർമ്മത്തിൽ അഞ്ചിലിപ്പ പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ ഉള്ളാട്ട്, വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികൾ, ഡി.സി.എം.എസ്. ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപത ഓഫീസിൽ നടത്തപ്പെട്ടു.
- ഡി.സി.എം.എസ്. രൂപതാഡയറക്ടർമാരുടെ മീറ്റിംഗ് 16-ാം തീയതി google meet ആയി നടത്തപ്പെട്ടു. രൂപത സംസ്ഥാനതല ഡി.സി.എം.എസ്. ഇലക്ഷനെക്കുറിച്ചും വിദ്യാഭ്യാസ നയങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. രൂപതാഡയറക്ടർ പങ്കെടുത്തു.
- രൂപതാഡയറക്ടറും ഡി.സി.എം.എസ്. ഭാരവാഹികളും ഏറ്റവും പെരിയ ബോബി അലക്സ് മണ്ണംപ്ലാക്കലച്ചനുമായി ഡി.സി.എം.എസിന്റെ ആനുകാലികകാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.
- സംസ്ഥാനതല ഡി.സി.എം.എസ്. ഇലക്ഷനു മുന്നോടിയായി രൂപതയിൽ യൂണിറ്റ്തല തിരഞ്ഞെടുപ്പ് മാർച്ച് ആദ്യം ആരംഭിക്കുവാൻ തീരുമാനിച്ചു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ എല്ലാ ദ്വിമാസരണ്ടാം ശനിയാഴ്ചകളിലും നടത്തിവന്നിരുന്ന രൂപതാ പ്രതിനിധിയോഗം കോവിഡ് പശ്ചാത്തലത്തിൽ മുടങ്ങിയിരുന്നു. 31.12.2020 ലെ പ്രത്യേക യോഗതീരുമാന പ്രകാരം ഫെബ്രുവരി 13-ാം തീയതി രണ്ടാം ശനിയാഴ്ച കാഞ്ഞിരപ്പള്ളി രൂപതാ ആസ്ഥാനത്തുള്ള ഓഫീസിൽ കൂടുവാൻ തീരുമാനിച്ചിരുന്നെങ്കിലും പല ഇടവകകളിലും കോവിഡ് വ്യാപനം കൂടിയതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ യോഗം മാറ്റിവച്ചു. സാഹചര്യങ്ങൾ അനുകൂലമായി വന്നാൽ ഏപ്രിൽ മാസം 10-ാം തീയതി ഒന്നാം ശനിയാഴ്ച ഫ്രാൻസിസ്ക്കൻ അൽമായ സഭാപ്രതിനിധിയോഗം ചേരുന്നതാണ്.

കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ നേതൃത്വത്തിൽ 40 വെള്ളിയാഴ്ചകളിൽ നടത്തിവന്നിരുന്ന പരിഹാരപ്രദക്ഷിണത്തിന്റെ (കുരിശിന്റെ വഴി) ഈ വർഷത്തെ ക്രമീകരണങ്ങൾ സാഹചര്യങ്ങൾക്ക് അനുസൃതമായി പിന്നീട് അറിയിക്കുന്നതായിരിക്കും.

യേശുവിന്റെ പീഡാസഹനങ്ങളോട് നമ്മെ ഓരോരുത്തരേയും ചേർത്തുവച്ചുകൊണ്ട് മറ്റുള്ളവരോട് ക്ഷമയും കരുണയും സ്നേഹവും ഉള്ളവരായിരിക്കുകയും ദാനധർമ്മം ഒരു ശീലമാക്കുകയും ചെയ്തു ഈ നോമ്പുകാലം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കൊറോണാവൈറസിൽ നിന്നും ലോകത്തെ രക്ഷിക്കണമേ എന്ന പ്രാർത്ഥനയോടുകൂടി എല്ലാ അംഗങ്ങളും ഈ നോമ്പുകാലത്ത് ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും കുരിശിന്റെ വഴി നടത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

കോൺഫ്രൻസുകളുടെയും എസികളുടെയും 2020-21 വർഷത്തെ റിപ്പോർട്ടും കണക്കുകളും തയ്യാറാക്കുന്നതിനുള്ള ഫോമുകൾ എസി മുഖേന കോൺഫ്രൻസുകളിൽ എത്തിച്ചിട്ടുണ്ട്. കോൺഫ്രൻസുകൾ കണക്കുകളും റിപ്പോർട്ടും കൃത്യമായി തയ്യാറാക്കി ഏപ്രിൽ മാസത്തിൽതന്നെ എസികളിൽ എത്തിക്കേണ്ടതാണ്.

നമ്മുടെ 43-ാം വാർഷികസമ്മേളനം 2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച രാവിലെ 11.30-ന് കുന്നുംഭാഗത്തുള്ള ഓസാനാം വിദ്യാഭവനിൽ വച്ചു നടത്തപ്പെട്ടു. സി സി വൈസ് പ്രസിഡന്റ് ബ്ര. തോമസ് പി ജോസഫ് സ്വാഗതം ആശംസിച്ചു. സിസി ആദ്ധ്യാത്മികോപദേഷ്ടാവ് പെരിയ ബഹുമാനപ്പെട്ട വർഗ്ഗീസ് പരിന്തിരിക്കലച്ചൻ ആമുഖ സന്ദേശം നൽകി. സിസി പ്രസിഡന്റ് ബ്ര.എം.എം. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന 43-മത് വാർഷിക സമ്മേളനം രൂപതാദ്ധ്യക്ഷനും സിസിയുടെ പുതിയ രക്ഷാധികാരിയുമായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. എലിക്കുളം ഉണ്ണിമിശിഹാ കോൺഫ്രൻസ് ജൂബിലിസ്മാരകമായി ഏർപ്പെടുത്തിയ 2019-20 വർഷത്തേക്കുള്ള ബെസ്റ്റ് കോൺഫ്രൻസ് അവാർഡ് എരുമേലി ഏരിയാ കൗൺസിലിനു കീഴിലുള്ള മുക്കൂട്ടുതറ സെ.തോമസ് കോൺഫ്രൻസിന് അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി. കോൺഫ്രൻസ് ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഫാ.രാജേഷ് കോട്ടൂരും കോൺഫ്രൻസ് ഭാരവാഹികളും ചേർന്ന് അവാർഡ് ഏറ്റു വാങ്ങി. 43-ാം വാർഷിക റിപ്പോർട്ട് സെക്രട്ടറി ജോസഫ് എം.ജെ. യോഗത്തിൽ അവതരിപ്പിച്ചു. 40 വർഷക്കാലം സജീവ വിൻസെൻഷ്യൻ പ്രവർത്തകനും, എരുമേലി മുൻ എസി പ്രസിഡന്റും, ദീർഘകാലം സിസി മെമ്പറും, എക്സ്റ്റൻഷൻ

ഓഫീസറുമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബ്ര.ജോസഫ് മണ്ഡപം കാഞ്ഞിരപ്പള്ളിയിൽനിന്നും സ്ഥലം മാറി പോകുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് സമുചിതമായ യാത്രയയപ്പു നല്കി. മുൻ സിസി പ്രസിഡന്റ് ബ്ര. ജോസഫ് കെ.മാത്യു കൃതജ്ഞത അർപ്പിച്ചു. യോഗത്തിൽ സിസി അംഗങ്ങൾ ഉൾപ്പെടെ 35 പേർ പങ്കെടുത്തു.

കെ.സി.ബി.സി യുടെ ആഹ്വാനപ്രകാരം കാഞ്ഞിരപ്പള്ളി രൂപതയും ഡിസിഎംഎസും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും സംയുക്തമായി ചേർന്ന് നടപ്പിലാക്കിയ ഭവന പദ്ധതിപ്രകാരം അഞ്ചിലിപ്പ ഇടവകയിൽ ശ്രീ സുരേഷ് ഇരുമ്പുകുത്തിയിലിന് നിർമ്മിച്ചു നൽകുന്ന വീടിന്റെ വെഞ്ചരിപ്പു കർമ്മം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് 2021 ഫെബ്രുവരി 3–ാം തീയതി ബുധനാഴ്ച 4 മണിക്ക് നിർവഹിച്ചു. ഇടവക വികാരി റവ. ഫാ.സെബാസ്റ്റ്യൻ ഉള്ളാട്ട്, ഡിസിഎംഎസ് രൂപതാ ഡയറക്ടർ റവ. ഫാ.ജോസുകുട്ടി ഇടത്തിനകം, ഡിസിഎംഎസ് രൂപതാ പ്രസിഡന്റ് ബ്ര. വിൻസെന്റ് ആന്റണി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി രൂപതാ സെക്രട്ടറി ബ്ര.ജോസഫ് എം.ജെ., അഞ്ചിലിപ്പ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര.ജോസഫ് ജോർജജ് എന്നിവരും കുടുംബാംഗങ്ങളും പങ്കെടുത്തു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

## ലഹരിവിമോചനധ്യാനം

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തമ്പലക്കാട് ധ്യാനകേന്ദ്രത്തിൽ പതിവുപോലെയുള്ള ധ്യാനം അസാധ്യമായ പ്രത്യേക സാഹചര്യത്തിൽ 5 ദമ്പതികൾക്കുവീതം പങ്കെടുക്കത്തക്കവിധം ആഴ്ചയിൽ രണ്ടുധ്യാനം നടത്തുന്നുണ്ട്. അത്യാവശ്യമുള്ളവർ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക.

9447302389, 9447870249

## മദ്യവിരുദ്ധ ഞായർ - മാർച്ച് 14

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി മാർച്ച് 14 മദ്യവിരുദ്ധഞായറായി ആചരിക്കുകയാണ്. കാഞ്ഞിരപ്പള്ളി രൂപതാ മദ്യവിരുദ്ധസമിതി പ്രത്യേകം തയ്യാറാക്കിയ പോസ്റ്റർ, പ്രതിജ്ഞ ഇവ രൂപതയിലെ എല്ലാ ഇടവകകളിലും എത്തിച്ചിട്ടുണ്ട്. ഞായറാഴ്ച കുട്ടികളുടെ കുർബാനമദ്ധ്യേ മദ്യവിരുദ്ധഞായർ ആചരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പറ്റി പ്രതിപാദിക്കുകയും കുർബാനയ്ക്കുശേഷം കുട്ടികളെക്കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്യുമല്ലോ. നോട്ടീസ് ബോർഡിലും, മുതിർന്നവരും കുട്ടികളും ശ്രദ്ധിക്കത്തക്കവിധം മറ്റു പ്രധാനസ്ഥലങ്ങളിലും പോസ്റ്ററും പ്രതിജ്ഞയും പ്രദർശിപ്പിക്കുന്നതും നല്ലതാണ്. കൂടാതെ സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലേക്കുള്ള പോസ്റ്ററും പ്രതിജ്ഞയും ഇടവകയുടെ കവറിൽ ഉണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

കോവിഡ് 19 പ്രത്യേക സാഹചര്യത്തിൽ സ്കൂൾ അധികൃ

തർ അർഹമായ പ്രാധാന്യത്തോടെ, സാധിക്കുന്ന വിധത്തിൽ കുട്ടികളെക്കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുമല്ലോ. "എന്റെ കുടുംബം ഞാൻ ലഹരിവിമുക്തമാക്കും" എന്ന ഉറച്ച തീരുമാനമെടുക്കാൻ, അതിനുവേണ്ടി സർവ്വപരിശ്രമവും ചെയ്യുവാൻ ഓരോ കുട്ടിയേയും യുവാവിനേയും യുവതിയേയും നമുക്ക് സജ്ജമാക്കാം.

മദ്യവിരുദ്ധഞായർ പിരിവ് മാർച്ച് മാസത്തിൽ തന്നെ മദ്യവിരുദ്ധസമിതി ഓഫീസിൽ എത്തിക്കുകയോ താഴെക്കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യുമല്ലോ.

Temperance Movement
A/C 0000030449889132
SBI Kanjirapally Br. IFSC : SBIN0010696
Name of Account Holder : Kanjirapally Service Co-Operative Bank
SB. 14022

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

**1. ദിവ്യകാരുണ്യാമൃതം : കശീശ പൗലോസ്ശാസ്ത്രി**

പേജ്: 124/ വില: 100/ പതിപ്പ്:1

സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയും ജീവന്റെ അപ്പവുമായ ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള അമൂല്യധ്യാനചിന്തകൾ. ആത്മീയ, ബൗദ്ധിക, സാമൂഹിക തലങ്ങളെ സമ്പന്നമാക്കുന്ന ആഴമേറിയ വിചിന്തനങ്ങൾ തികഞ്ഞ പാണ്ഡിത്യത്തോടെ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്ന ഉത്തമ ഗ്രന്ഥം.

**പണിപ്പുരയിൽ**

1. Radiating Sunshine : Fr. Joby Vellaplackel CST
2. St. Joseph : J. Mathiyath (Editor)
3. വിറക് : ബ്രദർ അനീഷ് മാളിയേക്കൽ
4. ഹൃദയത്തോടു ചേർത്തുനിർത്തുന്ന സൗഹൃദം: ഫാ. ജിപ്സൺ ഇടപ്പുളവൻ

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ജനുവരി മാസത്തിൽ 15 കേസുകൾ റിപ്പോർട്ട് ചെയ്തു. എല്ലാ കേസുകളും CWC -യ്ക്ക് (ചൈൽഡ് വെൽഫയർ കമ്മിറ്റി) കൊടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. നവംബർ, ഡിസംബർ മാസങ്ങളിലെ കേസുകളുടെ follow-up കൾ നടത്തി.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 2 കുട്ടികൾക്ക് ഭക്ഷ്യകിറ്റ് വാങ്ങി നല്കി.

**അവേർനസ് പ്രോഗ്രാം**

പാറത്തോട് പഞ്ചായത്തിലെ ICDS സൂപ്പർവൈസർ സിന്ധു മാഡത്തിന്റെ സഹായത്തോടെ അംഗൻവാടി ടീച്ചേഴ്സിനും വർക്കേഴ്സിനുമായി കുട്ടികളുടെ ആവശ്യങ്ങളെപ്പറ്റിയും POCSO Act 2012, JJ Act 2015 എന്നീ നിയമങ്ങളെപ്പറ്റിയും ചൈൽഡ് വെൽഫെയർ മുൻ കമ്മറ്റി മെമ്പറും അഡ്വക്കേറ്റുമായ ശ്രീമതി രാജി പി. ജോയി ഒരു മണിക്കൂർ നേരം ഓൺലൈൻ ക്ലാസ് എടുത്തു. 30 പേരോളം ക്ലാസ്സിൽ പങ്കെടുത്തു.

**ട്രെയിനിംഗ് പ്രോഗ്രാം**

**ബാലസൗഹൃദ കേരളം** : 29-01-2021 ൽ കോട്ടയം അയ്മനം പഞ്ചായത്തിൽ എൻ.എൻ.പിള്ള സ്മാരകഹാളിൽ വച്ച് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ

യൂണിറ്റ് കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ "ബാലസൗഹൃദ കേരളം" പദ്ധതി പ്രവർത്തനങ്ങളുടെ ജില്ലാതല ഉത്ഘാടനം നടന്നു. ചൈൽഡ് ലൈൻ സപ്പോർട്ട് ഓർഗനൈസേഷനിൽ നിന്നും ട്രെയിനിംഗിന് വി കെയർ സെന്ററിൽ പരിശീലനം നടത്തുന്ന കുമാരി ക്രിസ്റ്റി മരിയ പ്രോഗ്രാമിൽ പങ്കെടുത്തു.

**Open House**

ചിറക്കടവ് പഞ്ചായത്തിലുള്ള കുട്ടികൾക്കും, മാതാപിതാക്കൾക്കുമായി ഓൺലൈനിലൂടെ Open House എന്ന പരിപാടി നടത്തി. കുട്ടികളുടെ പ്രശ്നങ്ങൾ തുറന്ന് പറയുന്നതിനും, അവർക്ക് പഞ്ചായത്ത് എക്സൈസ്, പോലീസ്, എന്നീ വിഭാഗങ്ങളിലെ ആളുകളുമായി പരിചയപ്പെടാനും, അവരുമായി ഒരു സംവാദത്തിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ആകാനുംവേണ്ടിയാണ് Open House എന്ന പ്രോഗ്രാം സംഘടിപ്പിക്കുന്നത്. 70 ഓളം അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

അടുത്ത Open House പ്രോഗ്രാം പാറത്തോട് പഞ്ചായത്തിൽ വച്ച് നടത്തപ്പെടും.

**ഏഞ്ചൽസ് വില്ലേജ്**

ചെങ്കൽ 19-ാം മൈലിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ആശാനിലയം സ്കൂളിന്റെ വെഞ്ചരിപ്പ് മാർച്ച് മാസം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ എന്നിവർ ചേർന്ന് നിർവഹിക്കും.

**ആശാനിലയം ഉദ്ഘാടനം**

മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പഠനപരിശീലനം നൽകുന്ന സ്ഥാപനമാണ് ആശാനിലയം സ്പെഷ്യൽ സ്കൂൾ. 40 വർഷക്കാലമായി പൊൻകുന്നത്തു പ്രവർത്തിച്ചുവന്ന ആശാനി

ലയം സ്പെഷ്യൽ സ്കൂളിന്റെ 19-ാം മൈലിൽ പ്രവർത്തനം ആരംഭിച്ച പുതിയ ബിൽഡിംഗിൽ ഓട്ടിസംകുട്ടികൾക്കായുള്ള സെൻസെറി റൂമും തെറാപ്പിവിഭാഗവും ആരംഭിച്ചു. കാഞ്ഞിരപ്പള്ളി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ CSR ഫണ്ട് ഉപയോഗിച്ച് അത്യാധുനികസൗകര്യങ്ങളോടെ ആരംഭിച്ചിരിക്കുന്ന ഈ സംരംഭം അനേകം ഓട്ടിസം കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ആശ്വാസമാകും.

ആശാനിലയം സ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടത്തിയ പൊതുസമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ സെൻസെറി റൂമിന്റെ ഉദ്ഘാടനവും കാഞ്ഞിരപ്പള്ളി രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ബോബി അലക്സ് തെറാപ്പി വിഭാഗത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ആശാനിലയം സ്കൂൾ ഡയറക്ടർ റവ. ഫാ. റോയി മാത്യു വടക്കേൽ, സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടയം റീജിയണൽ മാനേജർ പി.എസ്. ഫ്രാൻസിസ്, കാഞ്ഞിരപ്പള്ളി ബ്രാഞ്ച് മാനേജർ റോഷൻ, ആൻസൻ, ആശാനിലയം സ്കൂൾ പ്രിൻസിപ്പൽ റവ. സിസ്റ്റർ ലിറ്റി സേവ്യർ എന്നിവർ പ്രസംഗിച്ചു. സെൻസെറി - തെറാപ്പി വിഭാഗത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഫിസിയോ തെറാപ്പിസ്റ്റ് ശ്രീ. മാത്യൂസ് നേതൃത്വം നല്കി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 4,91,474/- രൂപ നൽകി.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർധനരായ രോഗികൾക്ക് സഹായമായി 1,46,062/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 3,30,000/- രൂപ ചിലവഴിച്ചു.

**ഭവനനിർമ്മാണ സഹായം**

എലിവാലിക്കര, മേലോരം, പാറത്തോട്, ഉപ്പുതറ എന്നീ സ്ഥലങ്ങളിലുള്ള നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 4,50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,02,179/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന

പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷ കരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധ തിക്കായി 3,69,651/- രൂപ ഈ മാസം ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യപദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ ജീവകാരുണ്യ പദ്ധതിയിലേക്ക് 4,31,000/- രൂപ ഈ മാസം ചിലവഴിച്ചു.

**ഇൻഫാം**

**പത്തായം നിറയ്ക്കൽ പദ്ധതി വിളവെടുപ്പ്**

പത്തായം നിറയ്ക്കൽ പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത കാർഷിക വിളകളുടെ സംഭരണം നടത്തിവരുന്നു. ഏത്തക്കുല - 4000 കിലോ, പച്ചകപ്പ - 1,61,110 കിലോ എന്നിവ സംഭരിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിലായി വിവിധ ഗ്രാമ തലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

**Export:** ജനുവരി-ഫെബ്രുവരി മാസങ്ങളിലായി ഫ്രാൻസിലേക്ക് 2 consignment വീതം നടന്നു.

**കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ഡിപ്പാർട്ട്മെൻറ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തുന്ന റീജിയണൽ മീറ്റിംഗുകളുടെ ഈ മാസത്തെ സമ്മേളന ങ്ങൾ യഥാക്രമം കട്ടപ്പന, കുമളി, പീരുമേട്, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ വച്ച് നടത്തി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജിൽസൺ ജെയിംസ് കുന്നത്ത് പുരയിടം, ജോയിൻറ് ഡയറക്ടർ ഫാദർ ബ്രിജേഷ് പുറ്റുമണ്ണിൽ , പ്രോഗ്രാം ഡയറക്ടർ ഡോക്ടർ സിബി ജോസഫ് എന്നിവർ മീറ്റിംഗിൽ സന്നിഹിതരായിരുന്നു. ചീഫ് കോർഡിനേറ്റർ റീജനൽ കോർഡിനേറ്റർമാർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു

**ഗ്രാമതലപ്രവർത്തനങ്ങളുടെ ശാക്തീകരണം**

ഗ്രാമതലപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി രണ്ട്

റീജനൽ കോ-ഓർഡിനേറ്റർമാർ ഒന്നിച്ച് ഓരോ യൂണിറ്റുകളും സന്ദർശിക്കുകയും രജിസ്റ്ററുകളും മറ്റു പ്രവർത്തനങ്ങളും വിലയിരുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിൽ നടത്തുന്ന യൂണിറ്റ് സന്ദർശനം നടന്നുകൊണ്ടിരിക്കുന്നു.

**KSBDC Loan**

ന്യൂനപക്ഷപിന്നോക്ക വിഭാഗത്തിന് വരുമാനദായക പദ്ധതി ചെയ്യുന്നതിലേക്ക് ആയി 5 ശതമാനം പലിശ നിരക്കിൽ ലോൺ ലഭ്യമാക്കുന്നതിന് രണ്ടു കോടി രൂപയുടെ അപേക്ഷ വിവിധ യൂണിറ്റുകളിൽ നിന്നുമായി വിശദമായ വിവരങ്ങൾ ശേഖരിച്ച് ഓൺലൈനായി പിന്നോക്ക വികസന കോർപ്പറേഷനിൽ (KSBCDC) സമർപ്പിച്ചു.

**മൈക്രോ ഫിനാൻസ് പദ്ധതി**

വിവിധ ഗ്രാമതലങ്ങളിലുള്ള സ്വയംസഹായ സംഘങ്ങളുടെ ആവശ്യപ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് ലഭ്യമാക്കി ക്കൊണ്ടിരിക്കുന്ന ലഘുവായ്പാപദ്ധതിയുടെ ഭാഗമായി അത്യാവശ്യ മായി ലോൺ ആവശ്യപ്പെട്ടിരിക്കുന്ന സംഘങ്ങൾക്ക് ഫെഡറൽ ബാങ്കിൽ നിന്നും രണ്ടുകോടി രൂപ ലോൺ ലഭ്യമാകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

**ഹൈടെക് കോഴിക്കൂട് വിതരണം ചെയ്തു**

സ്വയം സഹായ സംഘങ്ങൾ CSE അംഗങ്ങൾക്ക് വരുമാന ദായക പദ്ധതികൾ കണ്ടെത്തുന്നതിന് ഭാഗമായുള്ള ഹൈടെക് കോഴിക്കൂടുകൾ 11 യൂണിറ്റുകളിൽ കുമളി റീജിയണിൽ വിതരണം ചെയ്തു.

**Eshakti പദ്ധതി**

നബാർഡ് വിഭാവനം ചെയ്ത SHG യുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായുള്ള Eshakti പ്രൊജക്ടിൽ ഫെബ്രുവരി മാസത്തെ കണക്കുകൾ enter ചെയ്തു. കൂടാതെ Eshakti പോർട്ടലിൽ ഉൾപ്പെട്ട എല്ലാ സ്വയംസഹായസംഘങ്ങളുടെയും ബാങ്ക് ഡീറ്റെയിൽസ് അപ്ഡേറ്റ്

ചെയ്യുകയും ചെയ്തു.

**വന ജ്യോതിസ്**

കേരളത്തിലെ ആദിവാസി സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കിയ വനജ്യോതിസ് പദ്ധതി (KKS/BMZ/PDS-Vanajyothis 2020_2023) കോഴിമല, കണ്ണംപടി, എരത്വാപ്പുഴ, കൊമ്പുകുത്തി ട്രൈബൽ കോളനികളിൽ നടന്നു. ഇതിന്റെ ഭാഗമായി 6 വിഷയങ്ങളിലായി 17 ട്രെയിനിങ്ങുകൾ നടത്തി. ഇതിൽ 326 ആളുകൾ പങ്കെടുത്തു.

പൂർത്തീകരിച്ച പദ്ധതികൾ : Stringless Bee hive: 35, Cultivation of traditional food crops: 40, Stone Bands : 77 $m^2$, Community Drinking Water Scheme:1

**കമ്മ്യൂണിറ്റി ഡ്രിങ്കിങ് വാട്ടർ സ്കീം:**

കോഴിമല വില്ലേജിൽ ഇല്ലിക്കമേഡ് വാട്ടർ പ്രോജക്ട് പൂർത്തിയാക്കി. 60 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

KKS പ്രൊജക്ടർ റിവ്യൂ മീറ്റിംഗ് ഓൺലൈൻ ആയി നടന്നു. Mrs. Heike, Mr. Mathews, ഡോ. സിബി ജോസഫ് ഉൾപ്പെടെ എല്ലാ പ്രോജക്റ്റ് സ്റ്റാഫ് അംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു. പ്രോജക്ട് മാനേജർ ഡോ. സിബി ജോസഫ് പ്രോജക്ടിനെക്കുറിച്ച് പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിച്ചു.

KKID സംഘടിപ്പിച്ച Documentation and Reporting നെക്കുറിച്ചുള്ള രണ്ടുദിവസ ഓൺലൈൻ വർക്ക്ഷോപ്പിൽ പി.ഡി.എസിനെ പ്രതിനിധീകരിച്ച് ശ്രീ. അജയ് മാത്യു പങ്കെടുത്തു.

**സാമ്പത്തിക സഹായങ്ങൾ**

പി.ഡി.എസ്. ഫാമിലി കെയർ പ്രോഗ്രാം, സേവ് എ ഫാമിലി പ്ലാൻ വഴിയായും വിവിധ കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായും നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ : വരുമാനദായക പ്രവർത്തനങ്ങൾക്കായി

115000/ രൂപയും, വിദ്യാഭ്യാസ സഹായം ആയി 86009/ രൂപയും, ഭവന നിർമ്മാണത്തിനായി 215000/ രൂപയും, ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 192800/ രൂപയും, ചികിത്സാ സഹായമായി 13800/രൂപയും, വിവാഹ സഹായമായി 10000/ രൂപയും ചാരിറ്റി സംഭാവനയായി 15000/ രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 24 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ്. നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 38 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 2 യൂണിറ്റിലെ 5 പേർക്ക് 40500/ രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| വെള്ളിലാംകണ്ടം | 4 | 31159/- |
| നരിയമ്പാറ | 1 | 9350/- |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ഫെബ്രുവരി 2021**

1 ഉദയഗിരി ഇടവകയിൽ ഫാ. സനൽ കാര്യമറ്റത്തിന്റെ പരേത നായ പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– എം.എം.റ്റി. ഹോസ്പിറ്റലിൽ CT Scan Unit വെഞ്ചരിച്ചു.

2 പാലമ്പ്ര D.S.T. സന്യാസിനി സമൂഹത്തിന്റെ ചാപ്പൽ കൂദാശ ചെയ്യുകയും പുതിയതായി നിർമ്മിച്ച മഠം വെഞ്ചരിക്കുകയും ചെയ്തു.

3 അഞ്ചിലിപ്പ ഇടവകയിൽ DCMS-ന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനം വെഞ്ചരിച്ചു.

4 മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

– പാലൂർക്കാവ് ഇടവകയിൽ ബഹു. ജോസഫ് ഏർത്തയിൽ അച്ചന്റെ വത്സലപിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

7 കപ്പാടുള്ള SABS സന്യാസിനീഭവനത്തിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

– കുന്നുംഭാഗത്തുവച്ചു നടന്ന വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

– അഞ്ചിലിപ്പ ഇടവകയിൽ ഒരു മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

– ചെങ്കൽ ഇടവകയിൽ പുതിയതായി സ്ഥാപിതമായ കപ്പൂച്ചിൻ ആശ്രമം വെഞ്ചരിച്ചു.

8 ചെങ്കൽ ഇടവകയിലെ Angel's Village-ൽ ഭിന്നശേഷികുട്ടികൾക്കായുള്ള തെറാപ്പി യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു.

– തിരുവല്ലയിൽവച്ചു നടന്ന നിലയ്ക്കൽ എക്യുമെനിക്കൽ മീറ്റിംഗിൽ പങ്കെടുത്തു.

9 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വച്ചു നടന്ന അഭിവന്ദ്യ അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി കുർബാനയിലും അനുമോദനസമ്മേളനത്തിലും പങ്കെടുത്തു.

10 പോത്തുപാറയിൽവച്ച് നടന്ന സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

– സ്വരാജ് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നടത്തി.

11 ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ചങ്ങനാശ്ശേരി കത്തീഡ്രലിൽ നടന്ന വിശുദ്ധ കുർബാനയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

13 കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് H.S.S. - ൽ വച്ചു നടന്ന രൂപതാ കോർപ്പറേറ്റ് സ്കൂളുകളുടെ മെറിറ്റ് ഡേയും സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പു സമ്മേളനവും ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

– കരിക്കാട്ടൂർ ഇടവകയിൽ നവീകരിച്ച ദൈവാലയത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 കാഞ്ഞിരപ്പള്ളിയിൽ വച്ചു നടന്ന SMYM സെനറ്റ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

15 വിഭൂതി തിരുനാളിൽ കത്തീഡ്രൽ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– ഷംഷാബാദ് രൂപതയിലെ വൈദികർക്ക് ഓൺലൈൻ മാസധ്യാനം നടത്തി.

– ചിറക്കടവ് ഇടവകയിൽ ഒരു മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- എഫ്.സി.സി. സന്യാസിനീ സമൂഹത്തിലെ നിര്യാതയായ സി. ജെർമ്മയിൻ പൊരിയത്തിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പൊടിമറ്റം ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 മരിയൻ കോളേജിൽ ആരംഭിച്ച Physics Department-ന്റെ ഉദ്ഘാടന ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത് സന്ദേശം നൽകി.

17 പാസ്റ്ററൽ സെന്ററിൽ വച്ച് സാരഥിസംഘടനയുടെ ടൗൺ കോൺടാക്ട് മൊബൈൽ ആപ്ലിക്കേഷന്റെ ഉദ്ഘാടനം നിർവഹിച്ചു സന്ദേശം നൽകി.

19 കൂത്രപ്പള്ളി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- എരുമേലി ഇടവകയിൽ ഒരു മൃതസംസ്ക്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

20 AKJM - സ്കൂളിന്റെ വജ്രജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

21 പാറേൽപള്ളിയിൽ നടന്ന ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവൻഷനിൽ വചനസന്ദേശം നൽകി.

22 എസ്.എ.ബി.എസ്. സന്യാസിനീസമൂഹത്തിലെ നിര്യാതയായ സി. വിജയ കിഴക്കേത്തലയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പൊൻകുന്നം ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

23 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പ്രിസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

24 രൂപതയിൽ പുതുതായി ശുശ്രൂഷയ്ക്കായി വന്ന സന്യാസസഭയിലെ വൈദികർക്കുള്ള പരിശീലനപരിപാടിയിൽ പങ്കെടുത്തു.

25 പത്തനംതിട്ട രൂപതാംഗമായ പരേതനായ വന്ദ്യ മല്പാൻ ഡോ. ഗീവർഗീസ് ചേടിയത്ത് അച്ചനുവേണ്ടി അതിരുങ്കൽ ഇടവകയിലെ ഭവനത്തിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- അമൽജ്യോതി കോളേജിൽ വച്ചു നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

26 മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## March - 2021

| Date | Programme | Place | Time |
|---|---|---|---|
| 04 | KSSF Meeting | Adichira | 11.00 am |
| 05 | Mathruvedi Global | Online | 11.00 am |
| 10-11 | Provincial Synod | Changanasserry | |
| 12 | Bishop's Monthly Recollection | Online | 5.30 pm |
| 16 | Engaged | Minor Seminary | 10.00 am |
| 17 | Priest Conference | Kanjirapally | 10.30 am |
| - | Priest Conference | Anakkara | 5.00 pm |
| 20 | LRC Seminar | Online | 5.30 pm |
| 22 | Regents' Monthly Recollection | Pastoral Centre | 3.30 pm |
| 23 | Holy Qurbana | Pastoral Centre | 6.00 pm |
| 25 | Qurbana & Synaxis | Dayara Podimattom | 6.00 am |
| 26 | Angel's Village Blessing | Chenkal | 2.30 pm |
| - | Engaged | Pastoral Centre | 3.00 pm |
| 27 | Minor & Major Orders | Minor Seminary | 6.30 am |
| - | Pastoral Council | Online | 4.00 pm |
| 28 | Palm Sunday | Cathedral | 6.30 am |

# അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ
# പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം




2021 ഫെബ്രുവരി 9














# 2021 മാർച്ച് – നോമ്പുകാലം

| | | |
|---|---|---|
| 1 | തിങ്കൾ | റോമാ. 7:1–6, മർക്കോ. 12:28–34 |
| 2 | ചൊവ്വ | 1 കോറി. 10:1–13, ലൂക്കാ 21:29–36 |
| 3 | ബുധൻ | 1 പത്രോ 3:8–12, മത്താ. 5:43–48 |
| 4 | വ്യാഴം | എഫേ. 6:1–9, മർക്കോ. 12:35–40 |
| 5 | വെള്ളി | റോമാ. 8:1–6, മർക്കോ. 12:18–27 |
| 6 | ശനി | എഫേ. 4:25–32, മത്താ. 21:28–32 |
| 7 | ഞായർ | ✠ നോമ്പ് നാലാം ഞായർ<br>ഉത്പ. 11:1–9, ജോഷ്വാ. 7:10–15,<br>റോമാ. 8:12–17, മത്താ. 21:33–44 |
| 8 | തിങ്കൾ | റോമാ. 9:1–13, യോഹ. 5:1–18 |
| 9 | ചൊവ്വ | റോമാ. 9:14–18, യോഹ. 5:19–23 |
| 10 | ബുധൻ | റോമാ. 10:1–13, യോഹ. 6:60–69 |
| 11 | വ്യാഴം | റോമാ. 11:1–10, യോഹ. 7:1–13 |
| 12 | വെള്ളി | റോമാ. 11:25–36, യോഹ. 7:25–31 |
| 13 | ശനി | റോമാ. 13:1–7, യോഹ. 7:45–53 |
| 14 | ഞായർ | ✠ നോമ്പ് അഞ്ചാം ഞായർ<br>ഉത്പ.16:6–16, ജോഷ്വാ. 9:16–27,<br>റോമാ. 12:1–11, യോഹ. 7:37–39, 8:12–20 |
| 15 | തിങ്കൾ | കൊളോ. 2:16–19, ലൂക്കാ. 18:18–25 |
| 16 | ചൊവ്വ | 2 കോറി 9:10–15, ലൂക്കാ 10:33–37 |
| 17 | ബുധൻ | യൂദാ 8–13, യോഹ. 8:1–11 |
| 18 | വ്യാഴം | 1 കോറി 10:14–21, മത്താ 10:23–28 |
| 19 | വെള്ളി | 2 കോറി. 10:3–11, മത്താ. 1:18–25 |
| 20 | ശനി | 1 കോറി. 13:1–13, മർക്കോ. 10:1–12 |
| 21 | ഞായർ | ✠ നോമ്പ് ആറാം ഞായർ<br>ഉത്പ.19:15–26, ജോഷ്വാ 21:43–22:5,<br>റോമാ. 14:13–23, യോഹ. 10:11–18 |
| 22 | തിങ്കൾ | 1 തെസ 3:6–13, യോഹ 12:44–50 |
| 23 | ചൊവ്വ | 2 പത്രോ 2:4–10, ലൂക്കാ. 13:31–35 |
| 24 | ബുധൻ | 1 യോഹ 2:7–11, മത്താ. 18:15–20 |
| 25 | വ്യാഴം | ഹെബ്രാ. 1:1–13, ലൂക്കാ. 1:26–38 |
| 26 | വെള്ളി | റോമ. 15:7–13, യോഹ. 11:38–45 |
| 27 | ശനി | ശ്ലീഹ 20:22–38, യോഹ. 12:1–8 |
| 28 | ഞായർ | ✠ നോമ്പ് ഏഴാം ഞായർ<br>ഓശാന തിരുനാൾ<br>ഉത്പ. 49:8–12; 22 – 26, സഖ. 9:9–12,<br>റോമ. 11:13–24, മത്താ. 21:1–17 |
| 29 | തിങ്കൾ | ഹെബ്രാ. 1:5–14, യോഹ. 11:47–57 |
| 30 | ചൊവ്വ | ഹെബ്രാ. 5:1–10, യോഹ. 12:20–26 |
| 31 | ബുധൻ | ഹെബ്രാ. 9:15–28, യോഹ. 12:27–33 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654